കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/പി13-918/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688 011
ഫോൺ: 0477 2252753
E-mail: ddhglfalpy@gmail.com

തീയതി, 31.01.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം:- അരൂർ ഗ്രാമപഞ്ചായത്ത് - 2018 - 19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി-പി13-918/19 തീയതി: 31.01.2020

.

**ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 5.11.2018 മുതൽ 31.07.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 60 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 34 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.വി.സന്തോഷ്, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 5.8.2019 മുതൽ 22.8.2019 വരെ | ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)<br>ശ്രീമതി.മായ.വി, ഓഡിറ്റ് ഓഫീസർ<br>ശ്രീ.കെ.എം.പ്രശോഭൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജോർജ്ജ് ജോസഫ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| | | |
|---|---|---|
| 1 | ശ്രീമതി. ബി. രത്നമ്മ | 01.04.2018 മുതൽ 31.03.2019വരെ |

**2) സെക്രട്ടറി**

| | | |
|---|---|---|
| 1 | ശ്രീ. ജോജോസ് ബൈജു | 01.04.2018മുതൽ 31.03.2019 വരെ |

**3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ. കെ. ആർ. നന്ദകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| | | | |

| | | | |
|---|---|---|---|
| 2 | വികസന കാര്യം | ശ്രീമതി. ഉഷാ അഗസ്റ്റിൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീ. അലക്സ്. എ. എ | 01.04.2018 മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ - വിദ്യാഭ്യാസ കാര്യം | ശ്രീമതി. എൻ. എം. സജിത | 01.04.2018 മുതൽ 31.03.2019 വരെ |

4) <u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ</u>

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. സഞ്ജു സൂസൻ മാത്യു | 01.04.2018 മുതൽ 17.8.2018 വരെ |
| | | ശ്രീമതി.അനിത വിജയൻ | 18.8.2018 മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. ആര്യ അൽഫോൻസ് | 01.04.2018 മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുനിത ക്ഷാപകരൻ | 01.04.2018 മുതൽ 31.03.2019വരെ |
| 4 | വി.ഇ.ഒ (അരൂർ) | ശ്രീ. അനീഷ്. കെ. ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| 5 | വി.ഇ.ഒ (ചന്തിരൂർ) | ശ്രീ. പി. എം. അലിയാർ | 01.04.2018 മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. ജയിൻരാജ് | 01.04.2018 മുതൽ 06.04.2018 വരെ |
| | | ഡോ. ആശ അരവിന്ദ് | 07.04.2018 മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദീപ്തി ജയദേവ് | 01.04.2018 മുതൽ 31.03.2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ദിവ്യ. എ. വി | 01.04.2018 മുതൽ 31.03.2019 വരെ |
| 9 | ഹെഡ്മാസ്റ്റർ (എൽ.പി.എസ്.) | ശ്രീമതി. സൗദാ ബീവി | 01.04.2018 മുതൽ 5.6.2018 വരെ |
| | | ശ്രീമതി.സിന്ധു. | 6.6.2018 മുതൽ 31.03.2019 വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സുഭാഷ് | 01.04.2018 മുതൽ 31.12.2018 വരെ |
| | | ശ്രീമതി.ദീപ്തി | 1.1.2019 മുതൽ 16.2.2019 വരെ |
| | | ശ്രീ.സാഗർ | 16.2.2019 മുതൽ 31.03.2019 വരെ |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. രേഖ | 01.04.2018 മുതൽ 31.03.2019 വരെ |
| 12 | ഫിഷറീസ് സബ്ബ് ഇൻസ്പെക്ടർ | ശ്രീ. സുദർശനൻ | 01.04.2018 മുതൽ 31.03.2019 വരെ |
| 13. | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുജാത | 01.04.2018 മുതൽ 31.03.2019 വരെ |

## <u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ആംബുലൻസ് വരവ് പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളില്ല |

| | | |
|---|---|---|
| 13 | 1-13 | കെട്ടിടനികുതി ഈടാക്കിയതിൽ കുറവ് |
| 14 | 1-14 | സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ |
| 15 | 1-15 | കെട്ടിട വാടക ഈടാക്കുന്നതിലെ അപാകങ്ങൾ |
| 16 | 1-16 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക സേവനങ്ങൾ) നൽകൽ - അപാകതകൾ |
| 17 | 1-17 | കുത്തകലേലം - അപാകങ്ങൾ |
| 18 | 1-18 | ഇ-ടെണ്ടർ ഫീസ് തുക ലഭ്യമാക്കുന്നത് |
| 19 | 1-19 | പാദവാർഷിക ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തത് |
| 20 | 1-20 | താത്കാലിക നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല |
| 21 | 1-21 | ശമ്പളപരിഷ്കരണത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല |
| 22 | 1-22 | ചെലവുരേഖകൾ ഹാജരാക്കിയില്ല |
| 23 | 1-23 | ആദായനികുതി അടവാക്കുന്നത് |
| 24 | 1-24 | പഞ്ചായത്ത് ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങളില്ല |
| 25 | 1-25 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നത് |
| 26 | 1-26 | വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച് |
| 27 | 1-27 | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കൽ - പാഴ്ചെലവ് |
| 28 | 1-28 | പഞ്ചായത്ത് ഓഫീസിൽ ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ - ഉപകരണം പ്രയോജനപ്രദമാക്കിയില്ല |
| 29 | 1-29 | പകൽവീടിനു ഫർണീച്ചർ വാങ്ങൽ |
| 30 | 1-30 | സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല |
| 31 | 1-31 | വിതരണം ചെയ്യാത്ത ഉപകരണങ്ങൾ നഷ്ടം |
| 32 | 1-32 | രജിസ്റ്റേർഡ് വായനശാലകൾക്ക് എൽ.ഇ.ഡി. ടി.വി. - വിതരണരേഖയില്ല |
| 33 | 1-33 | ഇൻസിനറേറ്റർ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം |
| 34 | 1-34 | പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനസജ്ജമായില്ല |
| 35 | 1-35 | വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ - ഫൈൻ അടവാക്കിയത് അംഗീകരിക്കുന്നില്ല |
| 36 | 1-36 | എൽ.ഇ.ഡി ഗ്രാമം പദ്ധതി - നടപടിക്രമങ്ങളിൽ വീഴ്ച |
| 37 | 1-37 | തനതുഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടില്ല |
| 38 | 1-38 | കൃഷി ഓഫീസർ നിർവ്വഹണംനടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ |
| 39 | 1-39 | ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട – പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ |
| 40 | 1-40 | വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം നടത്തിയതിന്റെ പ്രതിഫലം - സർക്കുലറിന് വിരുദ്ധം |
| 41 | 1-41 | ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) - നിർവ്വഹണത്തിലെ വീഴ്ച |
| 42 | 1-42 | അഗതി ആശ്രയ ഭവനനിർമ്മാണം |
| 43 | 1-43 | വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) - പ്രവൃത്തി പൂർത്തിയാക്കിയില്ല |
| 44 | 1-44 | ഒരേ ഇനം ചെലവുകൾക്കായി വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കി വാങ്ങൽ നടത്തുന്നു. |
| 45 | 1-45 | പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - ചെലവ് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല - ചെലവ് പരിധി പാലിച്ചിട്ടില്ല |
| 46 | 1-46 | മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല |
| 47 | 1-47 | തുടർ സാക്ഷരത പരിപാടികൾ - ചെലവുരേഖകളില്ല |
| 48 | 1-48 | ഫർണ്ണീച്ചർ വാങ്ങൽ -അപാകങ്ങൾ |
| 49 | 1-49 | വിനിയോഗരേഖകളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു |

| | | |
|---|---|---|
| 50 | 1-50 | നോട്ടീസുകളുടെയും ഫാറങ്ങളുടേയും പ്രിന്റിംഗ് - സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തുന്നില്ല |
| 51 | 1-51 | മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ - മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല |
| 52 | 1-52 | നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പോരായ്മകൾ |
| 53 | 1-53 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് |
| 54 | 2-1 | ആംബുലൻസ് വരവ് പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളില്ല. |
| 55 | 2-2 | കെട്ടിടനികുതി ഈടാക്കിയതിൽ കുറവ് |
| 56 | 2-3 | ലൈസൻസ് ഫീസ് – നിയമാനുസൃത ഫീസ് ഈടാക്കിയില്ല |
| 57 | 3-1 | സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല |
| 58 | 3-2 | വിതരണം ചെയ്യാത്ത ഉപകരണങ്ങൾ- നഷ്ടം |
| 59 | 3-3 | വെള്ളക്കരമടച്ചതിൽ താമസം |
| 60 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 61 | 4-2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം |
| 62 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 63 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 64 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 65 | 4-6 | സ്ഥിര നിക്ഷേപം |
| 66 | 4-7 | ഓഡിറ്റ് റിക്കവറി |
| 67 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 68 | 4-9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 69 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 70 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

## ഭാഗം -1
## പൊതു അവലോകനം

# 1-1 ബജറ്റ്

26.3.2018 തീയതിയിലെ 1(1). നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 270469000 | 245485000 |
| വാർഷിക കണക്കു പ്രകാരം | 136489364 | 119893373 |

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
|---|---|---|---|
| 31.7.2019 | 20.5.2019 | ഇല്ല | ഇല്ല |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14157414.81 |
| വരവ് | 136489364 |
| ആകെ | 150646778.81 |
| ചെലവ് | 119893373 |
| നീക്കിയിരിപ്പ് | 30753405.81 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 30199000 | 30199000 | 25115306 | 5083694 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 12050000 | 12050000 | 11056945 | 993055 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 402000 | 402000 | 232560 | 169440 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 14141000 | 14141000 | 7857846 | 6283154 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 6135000 | 6135000 | 4914891 | 1220109 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 15257893 | 15257893 | 6570710 | 8687183 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | | | | |
| സാക്ഷരത | | 485195 | 17206 | 502401 | 0 | 502401 |
| ദുരിതാശ്വാസനിധി | | 4323 | 153 | 4476 | 0 | 4476 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 59428324 | 59428324 | 59428324 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 856007.5 | 801734 | 1657741.5 | 1641676 | 16065.5 |
| ഐ.സി.ഡി.എസ് | | 1883770 | 892750 | 2776520 | 453032 | 2323488 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ വെള്ളപ്പൊക്കദുരിതാശ്വാസ ഗ്രാന്റ് | | 0 | 300000 | 300000 | 0 | 300000 |
| ശുചിത്വമിഷൻ | | 1375691 | 955613 | 2331304 | 906286 | 1425018 |
| ലാടിൻ | | 328970.31 | 11666 | 340636.31 | 1641676 | 16065.5 |
| കേരളോൽസവം | | 0 | 20000 | 20000 | 0 | 20000 |
| വിമുക്തി | | 25000 | 25000 | 50000 | 0 | 50000 |
| അഗതി ആശ്രയ | | 499967 | 0 | 499967 | 0 | 499967 |
| ലൈഫ് | | 0 | 14082790 | 14082790 | 12410063 | 1672727 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | | -331748 | 7470115 | 7138367 | 5537474 | 1600893 |
| ബി ഫണ്ട് | | 0 | 68195120 | 68195120 | 68195120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 10778587 | 34366246 | 45144833 | 33220081 | 11924752 |
| | ട്രഷറി അക്കൗണ്ട് (ജി.പി.എഫ്.) | 353417 | 22582220 | 22935637 | 10122563 | 12813074 |
| മറ്റിനം | | | | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 377 | 206373367 | 198 | 93664033 | 114 | 65 | 51.72 |

തൻവർഷം ആകെ 377 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 195 പ്രോജക്ടുകൾ മാത്രമാണ് പൂർണ്ണതയിൽ നടപ്പാക്കിയത്. ബാക്കിയുള്ളവ പൂർണ്ണതയിൽ നടപ്പിലാക്കാത്തതുവഴി അവയ്ക്കായി വകയിരുത്തിയ തുക നഷ്ടമായി. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല</u>

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ(87), സെക്രട്ടറി(4) എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി 2018-19 സാമ്പത്തിക വർഷം ആകെ 91 സ്പിൽഓവർ പ്രോജക്ടുകളാണ് പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ 41 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായികാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/തസ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ. 6.8 പ്രകാരം സ്പിൽഓവർ പ്രോജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്.

ആവശ്യകത നിർണ്ണയിക്കാതെയും അവസ്ഥാവിശകലനം നടത്താതെയും പദ്ധതികൾ രൂപീകരിച്ചതുകൊണ്ടാണ് പ്രവൃത്തികൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാതിരുന്നത്.

പദ്ധതിനിർവ്വഹണം നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയിരുന്ന തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 246 | 93 | 80762112 | 25064265 |
| സെക്രട്ടറി | 47 | 32 | 30289517 | 13121014 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 12 | 3972250 | 3685238 |
| വി.ഇ.ഒ. | 19 | 13 | 70813920 | 35463500 |
| കൃഷി ഓഫീസർ | 10 | 10 | 1983253 | 1319617 |
| വെറ്ററിനറി സർജൻ | 6 | 6 | 2754650 | 2457400 |
| | | | | |

| | | | | |
|---|---|---|---|---|
| എച്ച്.എം. | 10 | 8 | 2192850 | 1170287 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 150000 | 150000 |
| ഐ.സി.ഡി.എസ്. | 13 | 11 | 7787815 | 6868202 |
| ഫിഷറീസ് ഓഫീസർ | 5 | 4 | 2230000 | 1320070 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 8 | 7 | 1907000 | 1514440 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 1500000 | 1500000 |
| ആകെ | 377 | 198 | 206373367 | 93664033 |

<u>മേഖലാടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ</u>

**1) <u>പൊതു വിഭാഗം</u>**

| | | |
|---|---|---|
| ഉത്പാദനം | 10874108 | 5558566 |
| സേവനം | 115444004 | 49084434 |
| പശ്ചാത്തലം | 61996255 | 27583050 |

**2) <u>പട്ടികജാതി വിഭാഗം</u>**

| | | |
|---|---|---|
| ഉത്പാദനം | 1150000 | 250000 |
| സേവനം | 11743650 | 8736800 |
| പശ്ചാത്തലം | 4506350 | 2179345 |

**3). <u>പട്ടികവർഗ്ഗ വിഭാഗം</u>**

| | | |
|---|---|---|
| ഉത്പാദനം | 70000 | 55310 |
| സേവനം | 265000 | 216528 |
| പശ്ചാത്തലം | 324000 | 0 |

**2018-19 വാർഷിക പദ്ധതിയിൽ വികസനഫണ്ടിൽനിന്നും വിവിധ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തേണ്ട കുറഞ്ഞ തുകയും ചെലവും**

| മേഖല/പദ്ധതി | 2018-19 ലെ ബജറ്റിന്റെ അനുബന്ധം IV പ്രകാരം ലഭിക്കുന്ന വിഹിതത്തിൽ നിന്നും വകയിരുത്തേണ്ട കുറഞ്ഞ തുക | വകയിരുത്തിയ തുക | ചെലവ് |
|---|---|---|---|
| ഉല്പാദനമേഖല (ജനറൽ സാധാരണ വിഹിതം) | 4831840 | 5167093 | 2814615 |
| ശുചിത്വം- മാലിന്യസംസ്കരണം- ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം) | 2415920 | 2462060 | 246697 |
| പാർപ്പിട മേഖല | 8530200 | 14749440 | 14429440 |
| | | | |

| | | | |
|---|---|---|---|
| വനിതാഘടക പദ്ധതി | 3661120 | 3750903 | 1525682 |
| കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി | 1830560 | 4077202 | 3188288 |
| വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) | 1830560 | 2099500 | 1940141 |

പൊതുവിഭാഗം സാധാരണവിഹിത്തിൽ നിന്നും ഉല്പാദന മേഖലയിൽ വകയിരുത്തേണ്ട മിനിമം തുകയുടെ 58% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. ശുചിത്വം- മാലിന്യസംസ്കരണം-ജലസംരക്ഷണം (ജനറൽ സാധാരണവിഹിതം), വനിതാഘടകപദ്ധതി, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ഭിന്നലിംഗക്കാർ എന്നിവർക്കുവേണ്ടിയുള്ള പദ്ധതി, വയോജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതി (പാലിയേറ്റീവ് കെയർ ഉൾപ്പെടെ) എന്നിവയിൽ വകയിരുത്തേണ്ട മിനിമം തുകയിലും കുറവാണ് വകയിരുത്തി ചെലവ് ചെയ്തിട്ടുള്ളത്. പാർപ്പിട മേഖലയിൽ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതിവിഹിതത്തിന്റെ മേഖലാ വകയിരുത്തലുകൾ പൂർണ്ണമായി പാലിച്ചില്ലെങ്കിൽ പ്രോജക്ടിന് അംഗീകാരം ലഭിക്കുകയില്ല എന്നതിനാൽ ഓരോ മേഖലയിലും പ്രത്യേകപദ്ധതികൾക്കും തുക വകയിരുത്തുകയും പിന്നീട് ചെലവഴിക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

ഗ്രാന്റിനത്തിലുള്ള നഷ്ടം

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം തുക പാഴായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. പഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 5083694 |
| വികസന ഫണ്ട് എസ്.സി.പി. | 993055 |
| വികസന ഫണ്ട് ടി.എസ്.പി | 169440 |
| മെയിന്റനൻസ് ഫണ്ട് റോഡ് | 6283154 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 1220109 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 8687183 |
| **ആകെ** | **22436635** |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 856007.5 | 801734 | 1657741.5 | 1641676 | 16065.5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 59428324 | 59428324 | 59428324 | 0 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ആകെ | 856007.5 | 60230058 | 61086065.5 | 61070000 | 16065.5 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 308520 | 134 |
| കർഷകതൊഴിലാളി പെൻഷൻ | 3241400 | 264 |
| വിധവാപെൻഷൻ | 17245000 | 1482 |
| വാർദ്ധക്യകാലപെൻഷൻ | 40584900 | 3751 |
| വികലാംഗപെൻഷൻ | 5466900 | 437 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.8.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8400/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമപഞ്ചായത്തിന്റെ വരവുചെലവ് കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്.
2. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്.
3. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ട് ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.
4. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബിൽ രജിസ്റ്റർ, ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ, ഡി.സി.ബി.ഇനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, ഡിപ്പോസിറ്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്.
5. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചുപോരുന്നതിനാൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പേഴ്സണൽ രജിസ്റ്റർ എല്ലാ ജീവനക്കാരും എഴുതി സൂക്ഷിക്കുന്നില്ല.
2. സൂചിക സോഫ്റ്റ്‌വെയറിലൂടെയുള്ള ഫയൽ ട്രാക്കിംഗ് ഫലപ്രദമായി നടപ്പാക്കിയിട്ടില്ല. സൂചിക-സഞ്ചയ-സേവന സോഫ്റ്റ്‌വെയറുകൾ സംയോജിക്കാത്തതാണ് ഇതിന് കാരണം.
3. ഓഡിറ്റ് വർഷത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.
4. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല.
5. നിക്ഷേപ പ്രവൃത്തികൾക്ക് പണം നൽകുന്നുണ്ടെങ്കിലും പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നില്ല.

6. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ വിവിധാവശ്യങ്ങൾക്കായി ജീവനക്കാർക്കു നൽകുന്ന അഡ്വാൻസ് നിശ്ചിതസമയത്തിനുള്ളിൽ ക്രമീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.7.2019 | 2019 ജൂൺ | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 5.7.2019 | 2014-15 - 2018-19 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷികകണക്കുകളിലെ അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ല.

## 1-12 ആംബുലൻസ് വരവ് പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളില്ല

അറ്റൂർ ഗ്രാമപഞ്ചായത്തിലെ ആംബുലൻസിനായി പ്രത്യേകം രസീത് ബുക്ക് സൂക്ഷിക്കുന്നുണ്ട്. ഇത് പരിശോധിച്ചതു പ്രകാരം 2018 ജൂൺ രണ്ടാം തീയതി രസീത് നമ്പർ 313 മുതൽ 320 വരെ ഉപയോഗിച്ച് വിവിധ യാത്രകളിലായി 7,495/- രൂപ ആംബുലൻസ് ഫീസായി ലഭിച്ചിട്ടുണ്ട്. ഈ തുകക്ക് 07/06/2018 ൽ ഡ്രൈവർ ശ്രീ ഉണ്ണിയുടെ പേരിൽ സാംഖ്യയിൽ രസീത് നൽകിയെങ്കിലും പിന്നീട് തുക തെറ്റെന്ന് രേഖപ്പെടുത്തി രസീത് ക്യാൻസൽ ചെയ്യുകയും നൽകിയ രസീത് കൗണ്ടർഫോയിലിനൊപ്പം ഒട്ടിച്ചു ചേർക്കുകയും ചെയ്തിട്ടുണ്ട്. 07/06/2018 ലെ 118040101879 നമ്പരായ 7,495/- രൂപയുടെ രസീത് ക്യാൻസൽഡ് രസീത് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. പിന്നീടുള്ള തിയതികളിൽ ഈ തുക ഒടുക്കിയതായി കണ്ടെത്തിയിട്ടില്ല. ആംബുലൻസ് വരവായ 7,495/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്തതിന് വിശദീകരണം തേടിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയില്ല. ഈ ദിവസത്തെ ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ജീവനക്കാരൻ സ്ഥലം മാറിപ്പോയതിനാൽ അദ്ദേഹത്തിൽ നിന്നും വിശദീകരണം തേടിയ ശേഷം തുകയുടെ വിശദാംശങ്ങൾ അറിയിക്കാമെന്നാണ് വിശദീകരണം ലഭ്യമാക്കിയത്. ഫ്രണ്ട് ഓഫീസ് നിന്നും രസീത് നൽകിയ ശേഷം രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണം അന്വേഷിക്കുവാനും തുക ഒടുക്കിയിട്ടില്ലെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുവാനും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-13 കെട്ടിടനികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ സ.ഉ.(അച്ചടി) നം.20/2011/LSGD തീയതി, 14.01.2011 പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ നൽകിയിട്ടുള്ള വർദ്ധന ബാധകമാക്കുന്നില്ല. തത്ഫലമായി പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

I) <u>കെട്ടിടനികുതിയിൽ വരുത്തേണ്ട വർദ്ധനവുകൾ വരുത്തുന്നില്ല</u>

1. 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ അക്വാമറൈൻ Cold Storage എന്ന വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 09/91 A) വിസ്തീർണ്ണം 973.31 ചതുരശ്ര മീറ്ററാണ്. പ്ലാൻ പ്രകാരം പഞ്ചായത്തിൽ പഴയ നാഷണൽ ഹൈവേയോടു ചേർന്നുള്ള വീതിയുള്ള റോഡിൽ നിന്നാണ് കെട്ടിടത്തിലേക്ക് പ്രവേശനമുള്ളത്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധന വരുത്തിയിട്ടില്ല. ഹാജരാക്കിയ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ താഴത്തെ നില 886.30 ച.മീ കോൾഡ് സ്റ്റോറേജാണ്. എയർ കണ്ടീഷൻ സംവിധാനം ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അതിന് ആനുപാതിക വർദ്ധനവും വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | : | 973.31 ച.മീ. വാണിജ്യം |
| | | |

| | | |
|---|---|---|
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 80/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 77,865/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 7786/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 15,573/- |
| എയർ കണ്ടീഷൻ (10%) | : | 7786/- |
| സെസ് (5%) | | 4672/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : | 98,110/- |
| ഈടാക്കിയ നികുതി | : | 64,385/- |
| **വസ്തുനികുതിയിൽ വന്ന കുറവ്** | | 33,725/- |

2). 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ Snowbee Cold Storage എന്ന വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 09/133 A) വിസ്തീർണ്ണം 917.78 ചതുരശ്ര മീറ്ററാണ്. ഹാജരാക്കിയ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ താഴത്തെ നില 851.38 ച.മീ കോൾഡ് സ്റ്റോറേജാണ്. എയർ കണ്ടീഷൻ സംവിധാനം ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അതിന് ആനുപാതിക വർദ്ധനവും വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 851.38 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി (ഇതര വ്യവസായാവശ്യം) | : | 60/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 51083/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 5108/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 10217/- |
| എയർ കണ്ടീഷൻ (10%) | : | 5108/- |
| സെസ് 5% | | 3065/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി 851.38 m2 ഭാഗത്തിന് | : | 64,365/- |
| ഈടാക്കിയ നികുതി (851.38 $m^2$ ഭാഗത്തിന്) | : | 59001/- |
| **വസ്തുനികുതിയിൽ വന്ന കുറവ്** | | 5,364/- |

3). 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ മുഹമ്മദ് നിസാർ, നിസാർ മൻസിൽ എന്നയാളുടെ ഇതര വ്യവസായാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 9/211 A) വിസ്തീർണ്ണം 144.00 ചതുരശ്ര മീറ്ററാണ്. പ്ലാൻ പ്രകാരം പഞ്ചായത്തിൽ പഴയ നാഷണൽ ഹൈവേയോട് ചേർന്നുള്ള 6 മീറ്റർ വീതിയുള്ള റോഡിൽ നിന്നാണ് കെട്ടിടത്തിലേക്ക് പ്രവേശനമുണ്ട്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധന വരുത്തിയിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 144.00 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 60/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 8640/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 864/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 1728/- |
| സെസ് (05%) | : | 475/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : | 9979/- |
| ഈടാക്കിയ നികുതി | : | 8165/- |
| | | |

| വസ്തുനികുതിയിൽ വന്ന കുറവ് | 1814/- |
|---|---|

ഈയിനത്തിൽ മാത്രം 40,903/- രൂപയുടെ (33725+5364+1814) വരവ് നഷ്ടമുണ്ട്.

**II) <u>കെട്ടിടങ്ങളെ മുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുന്നതുമൂലം നികുതി നഷ്ടം</u>**

അരൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 200 ച. മീറ്ററിനു മുകളിലുള്ള ഷോപ്പിംഗ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ, കടമുറികൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. 100 ച. മീറ്ററിനു മുകളിലുള്ള കടമുറികൾക്കാകട്ടെ ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കാണുള്ളത്. 100 ച. മീറ്ററിനു താഴെയുള്ള കടമുറികൾക്കാകട്ടെ ചതുരശ്ര മീറ്ററിന് 45/- രൂപയാണ്. ഒരു ഉടമയുടെ ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ കടമുറികൾ ഒരുമിച്ച് അസ്സസ്സ്മെന്റ് നടത്താതെ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | 45രൂപ /m2 നിരക്കിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ ഈടാക്കിയ നികുതി | വർദ്ധനവ്/ ഇളവ് | 70/80 m2 നിരക്കിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ ഈടാക്കേണ്ട നികുതി | വ്യത്യാസം ഒരു വർഷത്തേക്ക് | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 13/515/D, E 132.62 $m^2$ (66.31 $m^2$ + 66.31 $m^2$) Total 132.62 | റോയ് എന്ന തദേവൂസ്റോക്കി, ചള്ളിത്തറ, ചന്തിരൂർ | ആകെ 132.62 $m^2$ ന് Rs.7334./- | +(20%) | 132.62x70 =9283 + വർദ്ധനവ് (1857)+ cess = 11697 | Rs.4363/- | |
| 2 | 13/403 A | അബ്ദുൾനാസർ ചെട്ടുതറ, അരൂർ | ആകെ 150.17 $m^2$ Rs.7806/- | +20% roof -10% | 150.17x70 = 10512 + വർദ്ധനവ് (2102)- ഇളവ് (1051)+cess = 12142 | Rs.4336/- | |
| 3 | 1/304 M,K,L (75.28+127.12+302.94) total 505.34 $m^2$ | കുഞ്ഞുമോൻ (ലോയ്ഡ് ജോർജ്ജ്) മണക്കാട്ട് | 505.34 $m^2$ Rs.36724/- | Addition 20% for road (old NH) | 505.34x80 (above 200 $m^2$) = 40427 + വർദ്ധനവ് (8085)- +cess= 50938 | Rs. 14214/- | |
| 4 | 08/184 C,D,E,F,G (75.25+31+86.32+35.77+ 135.53+123.55)total 487.42 | E.M അബ്ദുൾ റഹ്മാൻ/ ജുമൈല റഹ്മാൻ, ജാൻസ് പനമ്പിള്ളിനഗർ | 487.42 $m^2$ Rs.35,887 | 20% road (-10% roof) | 487.42x80 (above 200 $m^2$) = 38994 + വർദ്ധനവ് (7799)-ഇളവ് 3899 +cess= 45039 | Rs.9152/- | |

| | | | | | | | |
|---|---|---|---|---|---|---|---|
| 5 | 08/176 D & E (345.77+258.78) Total 604.55 $m^2$ | ചാക്കോ വർഗ്ഗീസ് & ചാക്കോ ചെറിയാൻ, മുതുതോട്ടത്തിൽ | 604.55 $M^2$ Total Tax Rs.51,422/- | 20% road (-10% roof) | 604.55x80 (above 200 $m^2$) = 48364 + വർദ്ധനവ് (9673)-ഇളവ് 4836 +cess= 55861 | Rs.4439/- | |
| | ആകെ | | | | | 36504/- | |

III). ശ്രീ.വിനോദ്കുമാർ, കലിംഗ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള (15/286 B, C) വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 2495 ച. മീ (താഴത്തെ നില 1920.7, ഒന്നാം നില 574.3) വിസ്തീർണ്ണത്തിലുള്ള കെട്ടിടം സ്ഥിതിചെയ്യുന്നത് 5.5 മീറ്റർ വീതിയിലുള്ള റോഡിന് സമീപത്താണ്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 15/286B എന്ന കെട്ടിട നമ്പരിലുള്ള താഴത്തെ നിലയുടെ 574.3ചതുരശ്ര മീറ്റർ മേൽക്കൂര കോൺക്രീറ്റാണ്. എന്നാൽ ഫോറം 6 ൽ ടി കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂര എന്ന് രേഖപ്പെടുത്തി 10% ഇളവ് നൽകിയിട്ടുണ്ട്.ഇതിനുപുറമേ ഒന്നാം നിലയിലെ 15/286 C നമ്പറിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തെ 100 ച.മീ. ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം ഒരു ചതുരശ്ര മീറ്ററിന് 70/- രൂപ പ്രകാരം നികുതി ഈടാക്കുന്നതിന് പകരം 45/- രൂപ എന്ന നിരക്കിൽ തെറ്റായാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ അപാകതകൾ മൂലം 2018 ഒന്നാം അർദ്ധവർഷം മുതൽ നികുതി അസസ്സ് ചെയ്ത ടി കെട്ടിടത്തിന് ലഭിക്കേണ്ടുന്ന നികുതിയിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**A) കെട്ടിട നം : 15/286 B**

താഴത്തെ നില (കുറഞ്ഞ തരം മേൽക്കൂര) – ആകെ

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 1920.70 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 134449/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര – 10%) [1920.70-574.30=1346.4x70x10%] | : | 9425/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ്(റോഡ് (20%) ) [1920.70x70x20%] | : | 26890/- രൂപ |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം ഈടാക്കാവുന്ന വസ്തുനികുതി | : | 151914/- രൂപ (134441 – 9425 + 26890) |

| | | |
|---|---|---|
| ആകെ ഈടാക്കിയ നികുതി | : | 1,21,005/- |
| വസ്തുനികുതിയിൽ വന്ന കുറവ് | : | 30909/- രൂപ (151914-121005) |

**B) കെട്ടിട നം : 15/286 C (ഒന്നാംനില)**

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 574.3 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 40201/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 4020/- |
| | | |

| | | |
|---|---|---|
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് (റോഡ് (20%) | : | **8040/-** |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം ഈടാക്കാവുന്ന വസ്തുനികുതി | : | 44221/- |
| ഈടാക്കിയ നികുതി | : | **22,097/-** |
| വസ്തുനികുതിയിൽ വന്ന കുറവ് | : | 22124 /-രൂ |
| **വസ്തുനികുതിയിൽ വന്ന ആകെ കുറവ്** | : | **53033/-രൂപ** [22124+30909] |

IV). **<u>ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത മേഖല, റോഡ് സൗകര്യം തരംതിരിവ് നൽകി</u>**

ശ്രീ.ജോർജ് ജോസഫ്, ശ്രീ.റ്റി.എ.ഡാൽഫിൻ, ദിൽരാജ് തെക്കേ അലുങ്കൽ, പൊട്ടൻപറമ്പ്, അരൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/57 A,B,C,D,E, കെട്ടിടങ്ങൾക്ക് 2018-19 രണ്ടാം അർദ്ധവർഷത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം വിവിധ നിലകളിലായി ഒരേ റോഡിന് സമീപം സ്ഥിതിചെയ്യുന്ന ഒരേ കെട്ടിടത്തിന്റെ A,B എന്നീ കെട്ടിടഭാഗങ്ങളെ ദ്വിതീയ മേഖലയിലും 1.50 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ബാക്കിയുള്ള C,D,E കെട്ടിടഭാഗങ്ങളെ പ്രഥമമേഖലയിലും 5 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു മൂലം A,B കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി കണക്കാക്കിയതിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ബാധകമായ വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 12/57 A | 18.00 $m^2$ Office | 809/- (മേഖല ഇളവും, വഴിസൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.1134/- | Rs.325/- |
| 12/57 B | 21.00 $m^2$ Office | 943/- (മേഖല ഇളവും, വഴിസൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.1323/- | Rs.380/- |
| | | ആകെ | | 705/- |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകളിൽ സൂപ്പർവൈസറി തലത്തിലുള്ള പരിശോധന കാര്യക്ഷമമല്ലാതെ വരുന്നതിനാലാണ് ഇത്തരം അപാകങ്ങൾ പ്രധാനമായും സംഭവിക്കുന്നത്.

V). **<u>ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത വഴി സൗകര്യം നൽകി നികുതി നിർണ്ണയിച്ചു</u>**

ശ്രീ.എസ്.ബി ഹരി, പുണർതം, അരൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 19/102 B,C,D,E,F കെട്ടിടങ്ങൾ 2018-19 ലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്ലാൻ പ്രകാരം വിവിധ നിലകളിലായി ഒരേ റോഡിന് സമീപം സ്ഥിതിചെയ്യുന്ന ഒരേ കെട്ടിടത്തിന്റെ D,E,F കെട്ടിടഭാഗങ്ങളെ 5 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും B,C കെട്ടിടഭാഗങ്ങളെ 1.50 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതു മൂലം B,C കെട്ടിടഭാഗങ്ങളുടെ വസ്തുനികുതിയിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ബാധകമായ വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 19/102 B | 98.23 $m^2$ commercial | 4410/- (വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.5338/- | Rs.928/- |
| 19/102 C | 80.91 $m^2$ Office | 3825/-(വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.4589/- | Rs.764/- |
| | | ആകെ | | 1,692/- |

വസ്തു നികുതിയിനത്തിൽ കുറവു വന്ന തുകയായ 1,32,837/- (40903+36504+53033+705+1692) രൂപ ഈടാക്കി തനതുഫണ്ടിലടവാക്കേണ്ടതാണ്.

## 1-14 സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ

(1). കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയോ വ്യവസായമോ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി നൽകേണ്ടതാണ്. അരൂർ ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങൾ തൻവർഷം സ്ഥാപന തൊഴിൽനികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽനികുതി ഒടുക്കേണ്ടുന്ന അർദ്ധവർഷം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 2 | എസ്.എം.എൽ. ഫിനാൻസ് | ഒന്നാം അർദ്ധവർഷം | 1250/- |
| 3 | എം.എം ടി.വി., അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 4 | റിലയൻസ് റീട്ടെയ്ൽ | രണ്ടാം അർദ്ധവർഷം | 1250/- |
| 5 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, High way അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 6 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 7 | സരസ്വതി മെറ്റൽ ഇൻഡസ്ട്രീസ്, അരൂർ | രണ്ടാം അർദ്ധവർഷം | 1250/- |
| 8 | ഐസിഐസിഐ ബാങ്ക്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 9 | അപരാജിത ഡൈനാമിക് സിനർജിസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 10 | ജോവാൻ ഫുഡ്സ് & ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 11 | സർവ്വീസ് സഹകരണ ബാങ്ക്-1436 | ഒന്നാം അർദ്ധവർഷം | 1250/- |
| 12 | ഹിസ്പാൻ ബിൽഡേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 13 | ബേബി മറൈൻ ഈസ്റ്റേൺ എക്സ്പോർട്ട്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 14 | ഇന്റഗ്രേറ്റഡ് റൂബിയൻ എക്സ്പോർട്ട്സ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 15 | സീ ഫ്രെഷ് എക്സ്പോർട്ട്സ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 16 | ഗ്രാന്റ് മറൈൻ ഫുഡ്സ്, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 17 | അരൂർ ഗ്രാമീണ സർവ്വീസ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 18 | റിഫോംസ് അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 19 | രാജവൽസം മോട്ടോർസ് | ഒന്നുംരണ്ടുംഅർദ്ധവർഷം | 2500/- |
| 20 | സതേൺ റെയിൽവേ, അരൂർ | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |
| 21 | ജിയോ വി പി എൽ ഫിനാൻസ് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം | 2500/- |

(2). <u>ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ</u>

അരൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ബി3-മാക്സ്ബിക്സ് ലിമിറ്റഡ്, അരൂർ | 18 |
| 2 | സാം ഓട്ടോക്രാഫ്റ്റ്, അരൂർ | 9 |
| 3 | ആഷ്ജോ കോൾഡ് ചെയിൻ | 12 |
| 4 | അറയ്ക്കൽ ട്രേഡേഴ്സ്, അരൂർ | 7 |
| 5 | ഫെഷലിയഡ് സൂപ്പർ ബസാർ | 15 |
| 6 | സോഴ്സ് വൺ എക്സ്പോർട്ട്സ് | 6 |
| 7 | ഷിഫ മറൈൻ | 30 |
| 8 | കെ.എം ഫിഷറീസ് | 12 |

സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച വാർഡ് അടിസ്ഥാനത്തിലുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, സ്ഥാപനങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന വിവരങ്ങളിൻമേൽ അന്വേഷണം നടത്തി 60 ദിവസത്തിൽ കൂടുതൽ ദിവസങ്ങളിൽ ജോലിക്ക നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. പഞ്ചായത്ത് പരിധിയിൽ ഭക്ഷ്യസംസ്കരണ മേഖലയുൾപ്പടെയുള്ള സ്വകാര്യമേഖലയിലെ ആകെ സ്ഥാപനങ്ങളിൽ നാമമാത്രമായ സ്ഥാപനങ്ങൾ മാത്രമാണ് നിലവിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്നത്.അരൂർ ഗ്രാമപഞ്ചായത്തിൽ മുൻ വർഷങ്ങളിൽ നികുതി ബാധകമാക്കിയിരുന്ന താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി 2018-19 സാമ്പത്തിക വർഷം ഈടാക്കിയിട്ടില്ല.

1. ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പ്
2. ഹിന്ദുസ്ഥാൻ പെട്രോളിയം പമ്പ്
3. കാർത്തിക ഡ്രൈവിംഗ് സ്കൂൾ
4. പ്രദീപ് ഡ്രൈവിംഗ് സ്കൂൾ
5. ശ്രീലക്ഷ്മി ഡ്രൈവിംഗ് സ്കൂൾ
6. ശ്രീനിവാസ് എക്സ്പോർട്ട്സ്, അരൂർ
7. ജോവാൻ ഫുഡ്സ് &ട്രേഡിംഗ്സ്, അരൂർ
8. മാർജിൻഫ്രീ സൂപ്പർ മാർക്കറ്റ്, അരൂർ
9. പട്ടികജാതി വികസന സഹകരണ സംഘം
10. റിഫോംസ്, അരൂർ
11. എ1 ഫർണ്ണീച്ചർ, അരൂർ
12. ആഗ്നസ് ഇൻഡസ്ട്രീസ്, അരൂർ
13. കൺസ്യൂമർ ഫെഡ് നീതി സ്റ്റോർ
14. സയോൺ ബ്യൂട്ടി പാർലർ, അരൂർ
15. ഹിസ്പാൻ ബിൽഡേഴ്സ്, അരൂർ

16. കെൽവിൽ കോൾഡ് ചെയിൻ ലോജിസ്റ്റിക്സ്, അരൂർ

17. സിന്തെറ്റിക് ഐസൊലേറ്റ്സ്, അരൂർ

18. തേർഡ് ഐ ഡിജിറ്റൽ സ്റ്റുഡിയോ

19. ഇന്റർനാഷണൽ റൂബിയൻ എക്സ്പോർട്ട്സ്, അരൂർ

20. സീ ഫ്രെഷ് എക്സ്പോർട്ട്സ്, അരൂർ

21. റോയാൻ ഓഷ്യൻസ്

22. കുന്നത്ത് ഫിനാൻസിയേഴ്സ്

23. CDS അക്കൗണ്ടന്റ്

24. അംഗൻവാടികളിലെ വർക്കർ & ഹെൽപ്പർ

25. റേഷൻ ഡിപ്പോ ഉടമകൾ

(3). <u>തൊഴിൽ നികുതി ഭാഗികമായി മാത്രം ഈടാക്കി</u>

| ക്രമ നം. | സ്ഥാപനം | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
|---|---|---|---|
| 1 | പ്രീമിയർ മറൈൻ ഫുഡ്സ് (പ്രൈ, ലിമിറ്റഡ്), അരൂർ | ഒടുക്കിയിട്ടില്ല. | 24 ജീവനക്കാരിൽ നിന്ന് 7200/- രൂപ ഒടുക്കിയിട്ടുണ്ട്. |
| 2 | എസ്.എം.എൽ ഫിനാൻസ്, ചന്തിരൂർ | ഒടുക്കിയിട്ടില്ല. | 7 ജീവനക്കാരിൽ നിന്ന് 4050/- രൂപ ഒടുക്കിയിട്ടുണ്ട്. |
| 3 | പ്രീമിയർ സീ ഫുഡ്സ് (എക്സിം പ്രൈ, ലിമിറ്റഡ്), അരൂർ | ഒടുക്കിയിട്ടില്ല. | 110 ജീവനക്കാരിൽ നിന്ന് 57060/- രൂപഒടുക്കിയിട്ടുണ്ട്. |
| 4 | ഹൈ സീസ് എക്സിം | 44 ജീവനക്കാരിൽ നിന്ന് 30000/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 5 | ഇവിഎം ഹെവി കൊമേഴ്സ്യൽസ് | 14 ജീവനക്കാരിൽ നിന്ന് 5740/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 6 | ഫ്രെഷ്അലിഷ്യസ് സൂപ്പർബസാർ പ്രൈവറ്റ് ലിമിറ്റഡ് | 212 ജീവനക്കാരിൽ നിന്ന് 110574/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 7 | ഫാബ് ഇൻഡ്യ ഓവർസീസ് | 3 ജീവനക്കാരിൽ നിന്ന് 810/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല |
| 8 | ആർ.എഫ് എന്റർപ്രൈസ് | ഒടുക്കിയിട്ടില്ല | 7 ജീവനക്കാരിൽ നിന്ന് 4850/- രൂപ ഒടുക്കിയിട്ടുണ്ട് |
| 9 | ജെൻസൺ സ്റ്റാർച്ച് & ഡെറിവേറ്റേഴ്സ് | 4 ജീവനക്കാരിൽ നിന്ന് 1350/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 10 | സൽമാൻ എന്റർപ്രൈസ് | 16 ജീവനക്കാരിൽ നിന്ന് 11550/- രൂപ ഒടുക്കിയിട്ടുണ്ട്. | ഒടുക്കിയിട്ടില്ല |
| 11 | മുത്തൂറ്റ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ് | 5 ജീവനക്കാരിൽ നിന്ന് 1800/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |
| 12 | സ്വാശ്രയ മൾട്ടി സ്റ്റേറ്റ് കോപ്പറേറ്റീവ്, | 12 ജീവനക്കാരിൽ നിന്ന് 9300/- രൂപ ഒടുക്കിയിട്ടുണ്ട്. | ഒടുക്കിയിട്ടില്ല. |
| 13 | MGNREGS | 6 ജീവനക്കാരിൽ നിന്ന് 6250/- രൂപ ഒടുക്കിയിട്ടുണ്ട് | ഒടുക്കിയിട്ടില്ല. |

തൊഴിൽ നികുതി ബാധകമായ എല്ലാസ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-15 കെട്ടിട വാടക ഈടാക്കുന്നതിലെ അപാകങ്ങൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാടക സംബന്ധിച്ച വരവുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ബൈലോ/നിയമാവലി പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
2. വർഷങ്ങളായി വാടക നൽകാത്തവരും സ്ഥിരമായി വാടക കുടിശ്ശിക വരുത്തുന്നവരും പഞ്ചായത്ത് കെട്ടിടത്തിലെ വാടക കെട്ടിടങ്ങൾ തുടർന്നും ഉപയോഗിച്ചുവരുന്നു. സ്ഥിരമായി വാടക നൽകാത്ത കെട്ടിടങ്ങൾ ഒഴിപ്പിച്ച് പുന:ലേലം നടത്തി നൽകിയിട്ടില്ല.

3. ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപം പഞ്ചായത്ത് നിർമ്മിച്ച് നൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രിയുടെ ആംബുലൻസ് ബുക്കിംഗ് കെട്ടിടം, പഴയ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് ഓഫീസ് എന്നിവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ഏർപ്പെട്ട കരാറിന്റെയും കരാർ പുതുക്കി നൽകുന്നതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിലെ താഴെപ്പറയുന്ന മുറികളുടെ വാടകയിൽ കുടിശ്ശികയുണ്ട്.

| മുറി/സ്റ്റാൾ നം. | വാടകക്കാരന്റെ പേര് | മാസ വാടക | കുടിശ്ശിക |
|---|---|---|---|
| S7 | സുബിമോൻ, കുടകുത്തുംപറമ്പിൽ | 1824/- | 51,636/-(മുൻ വർഷം ഉൾപ്പെടെ) |
| S10 | രാജേഷ്, നികർത്തിൽ | 840/- | 16,480/- (മുൻ വർഷം ഉൾപ്പെടെ) |
| S2<br>S11<br>S12 | T.P സതീശൻ തോപ്പിൽ | 1158/-<br>753/-<br>638/- | 3474/-<br>2259/-<br>1914/- |
| Stall 4A | റിച്ചൻ ചാൾസ് | 213 | 639/- |
| S5 | ആഷിക് AA | 867 | 2600 |
| | | ആകെ | 79002/- |

5. കെട്ടിടങ്ങളുടെ വാടകയിൽ പ്രതിവർഷം 5% വർദ്ധന വീതം വരുത്തുന്നുണ്ട്. എന്നാൽ അരൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം FA(219) പ്രവർത്തിക്കുന്ന മുറിയുടെ വാടകയിൽ 5% വർദ്ധന വരുത്താതെ മുൻവർഷത്തെ വാടകയിൽ നിന്നും 5/-രൂപ മാത്രം അധികം വാങ്ങിയാണ് നൽകിയിട്ടുള്ളത്.
6. വാർഷിക കണക്കുകൾ പ്രകാരം തൻ വർഷം വാടക കുടിശ്ശികയിനത്തിൽ 96,159/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. ഈ തുക ആരിൽ നിന്നാണ് ഈടാക്കിയത് എന്നതിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.
7. വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടേയും സ്റ്റാൾ, ഓഫീസ് എന്നിവയുടേയും കരാറുകൾ പുതുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകങ്ങൾ പരിശോധിച്ച് വാടകകുടിശ്ശിക കൃത്യമായി ഈടാക്കുന്നതിനും മറ്റ് അപാകങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക സേവനങ്ങൾ) നൽകൽ - അപാകതകൾ

2018-19 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം താഴെപ്പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1) 1994 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം വകുപ്പ് 232, 232(1) എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ലൈസൻസിലെ നിബന്ധനകൾക്ക് അനുസൃതമല്ലാതെയും പഞ്ചായത്ത് പരിധിയിൽ ഈയിനത്തിലെ ചട്ടം 3 പട്ടിക 1 പ്രകാരമുള്ള ആവശ്യങ്ങൾക്ക് യാതൊരുസ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2018-19 സാമ്പത്തിക വർഷത്തെ പഞ്ചായത്ത് ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ അപേക്ഷ നൽകിയിട്ടുള്ള ധാരാളം സ്ഥാപനങ്ങൾ ഫീസ് നൽകി ലൈസൻസ് എടുക്കാത്തതായി കണ്ടെത്തിയിട്ടുണ്ട്. അപേക്ഷകളിൽ വന്നിട്ടുള്ള ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നൽകിയ പല സ്ഥാപനങ്ങളും പിന്നീട് ലൈസൻസില്ലാതെ പ്രവർത്തനം തുടരുകയാണ്. ഇത്തരം സ്ഥാപനങ്ങളുടെ വിശദവിവരം പഞ്ചായത്ത് തയ്യാറാക്കുകയോ ലൈസൻസെടുക്കാത്ത സ്ഥാപനങ്ങൾക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കുകയും ചെയ്യുന്നില്ല.

2) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ലഭ്യമാക്കിയിട്ടില്ല. വാർഡ് അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും പേര്, ചെയ്യുന്ന വ്യാപാരം/വ്യവസായം/മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ വിശദവിവരങ്ങൾ, കെട്ടിട നം., ഉടമയുടെ പേര്, സ്ഥാപനം നടത്തുന്ന വ്യക്തിയുടെ പേര്, ഈടാക്കുന്ന ഫീസ്, തൊഴിൽ നികുതി എന്നിവയടങ്ങിയ സമഗ്രമായ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്തിൽ നിലവിൽ ഉപയോഗിക്കുന്ന ലൈസൻസ് രജിസ്റ്ററിൽ (MS Excel Statement) ഭൂരിഭാഗം ബിസിനസ് സ്ഥാപനങ്ങളുടെയും പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ പേര് വിവരം, സ്ഥിര മേൽവിലാസം എന്നിവയാണ് ചേർത്തിട്ടുള്ളത്. 2018-19 - ൽ ലൈസൻസിന് അപേക്ഷ സമർപ്പിക്കുകയും ഫീസടക്കുകയും ചെയ്തിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം മാത്രമാണ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്. പഞ്ചായത്ത് ലൈസൻസ് ആവശ്യമുള്ള സ്ഥാപനങ്ങൾ, ഓരോ വർഷവും ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച കൃത്യമായ വിവരശേഖരം (ഡാറ്റ) പഞ്ചായത്തിന്റെ പക്കലില്ലാത്തിനാൽ തുടർനടപടികൾ സാധ്യമാകുന്നില്ല.

3) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പാരാമെഡിക്കൽ, ലാബുകൾ (ക്രമ നം.143) അബ്കാരി ഷോപ്പുകൾ (കള്ളുഷാപ്പ്) (ക്രമ നം-139), പാൽ സൊസൈറ്റികൾ (ക്രമ നം.132) എന്നിങ്ങനെയുള്ള വ്യാപാരങ്ങൾ ലൈസൻസ് എടുക്കുകയോ പുതുക്കുകയോ ചെയ്യുന്നില്ല. ലൈസൻസ് ഇല്ലാതെ പഞ്ചായത്ത് പരിധിയിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനെതിരെ നടപടികൾ സ്വീകരിച്ചതായും വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ 17 റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവരിൽ നിന്നും ലൈസൻസ് ഫീസീടാക്കിയിട്ടില്ല.

4) 1996 ലെ പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് എസ്.ആർ.ഒ നം.674/2017 dt.31.10.2017(സ.ഉ നം.80/2017/ ത.സ്വ.ഭ.വ തീയതി 31/10/2017) പ്രകാരം വന്ന ഭേദഗതികൾ പ്രകാരം സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പട്ടിക 2 പ്രകാരമാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരേയിനം ബിസിനസ് നടത്തുന്ന നിശ്ചിത കുറഞ്ഞ മൂലധന നിക്ഷേപം ആവശ്യമായ പല സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കുകളിലാണ് ഫീസ് ഈടാക്കിയിട്ടുള്ളത്.

5) ചട്ടങ്ങളിൽ വന്ന ഭേദഗതി (ചട്ടം 12(2)) പ്രകാരം എല്ലാ സ്ഥാപനങ്ങളും ലൈസൻസിനുള്ള അപേക്ഷകളിൽ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടെയും വിവരങ്ങളും ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ വിവരങ്ങളും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഈ വിവരങ്ങൾ പല അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിൽ ഇക്കാര്യങ്ങൾ പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിക്കുന്നത്.

6) നിശ്ചിത സമയപരിധിക്കകം (ചട്ടം 19, 22) സമർപ്പിക്കാത്ത അപേക്ഷകളിൽ ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ഈടാക്കാവുന്നതാണ്. അതുപോലെ യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക 3 പ്രകാരമുള്ള ഫീസും ഈടാക്കേണ്ടതാണ്. ഈ വിധം ഫീസീടാക്കുന്ന വിവരങ്ങൾ നിലവിൽ ഉപയോഗിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

<u>ലൈസൻസ് ഫീസ് – നിയമാനുസൃത ഫീസ് ഈടാക്കിയില്ല</u>

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ) സംബന്ധിച്ച രജിസ്റ്ററുകളും നിശ്ചിത എണ്ണം ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) <u>യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായ ഫീസ് ഈടാക്കിയില്ല</u>

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികളുപയോഗിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ചട്ടത്തിലെ പട്ടിക 3 പ്രകാരം ചുമത്താവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. തിരഞ്ഞെടുത്ത ഏതാനും ഫയലുകൾ പരിശോധിച്ചതിൽ തന്നെ ഈയിനത്തിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല

| ക്രമനം | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|
| 01 | സീ ലാബ്സ് | 94 HP | 1000/- |
| 02 | കെ.കെ സ്റ്റോഴ്സ് | 84 HP | 1000/- |
| ആകെ | | | 2000/- |

ബി) കുറഞ്ഞ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി

| ക്രമ നം. | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 01 | GKS ബിസിനസ് സോല്യൂഷൻസ് | 1558 HP | 15580/- | 2900/- | 12,680/- |
| 02 | പാറയിൽ ഫുഡ്സ് | 400 HP | 4000/- | 2000/- | 2,000/- |
| 03 | ഫ്രീഗോ എക്സ്പോർട്ട്സ് | 414 HP | 4140/- | 2000/- | 2,140/- |
| 04 | ക്യൂഫ്രോസ് ട്രേഡ്സ് | 730 HP | 7300/- | 2000/- | 5,300/- |
| 05 | ജിസ് ഇന്റർനാഷണൽ | 269 HP | 2690/- | 2500/- | 190/- |
| ആകെ | | | | | 22,310/- |

മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുകയായ 22,310/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2018-19 – ൽ സമർപ്പിച്ച ലൈസൻസ് അപേക്ഷകളുടെ റാൻഡം പരിശോധനയിൽ മാത്രം ഈടാക്കേണ്ട ഫീസിനത്തിൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള കുറവുകൾ കണ്ടെത്തിയിട്ടുണ്ട്. രണ്ടായിരത്തിലധികം വാണിജ്യവ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അരൂരിൽ നിയമാനുസൃത ഫീസീടാക്കാതെ ലൈസൻസ് അനുവദിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിലുണ്ടാകുന്ന വലിയ നഷ്ടം പരിഹരിക്കുന്നതിന് അപേക്ഷകളിൽ വിവിധ തലങ്ങളിൽ കൃത്യമായി പരിശോധന നടത്തുന്നത് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. സൂപ്പർവൈസറി തലത്തിലുള്ള പരിശോധനകൾ കൃത്യമായി നടക്കാത്തതിനാലാണ് ഈ അപാകങ്ങൾ പ്രധാനമായും ഉണ്ടാകുന്നത്. ഈ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിയമാനുസൃതമായ ഫീസീടാക്കാത്ത ലൈസൻസികളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-17 കുത്തകലേലം - അപാകങ്ങൾ

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച വരവുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ RP-5 ഷെഡ്യൂൾ പ്രകാരം ഉപയോഗശൂന്യമായ വസ്തുക്കൾ വിറ്റ ഇനത്തിൽ 32310/- രൂപയും സെയിൽ ഓഫ് സ്ക്രാപ്പ് ഇനത്തിൽ 6750/- രൂപയും വരവ് ഉണ്ട്. എന്നാൽ ഈ തുകയുടെ ലേലം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല.
2. പഞ്ചായത്തിന്റെ 2018-19 വർഷത്തെ ലേലപ്പരസ്യപ്രകാരം ലേലം നടത്തിയ അരൂർ അമ്മനേഴം ജനത ജെട്ടി കടത്ത്, വളവനാട് പുരയിടത്തിലെ മേലാദായം എന്നിവ പുന:ലേലം നടത്തുകയോ വരുമാനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.
3. പഞ്ചായത്ത് കളിസ്ഥലത്തെ 7 തെങ്ങ്, ഒരു മാവ്, ഒരു ആഞ്ഞിലി എന്നിവ ലേലം നടത്തിയെങ്കിലും ആരും ലേലം വിളിക്കാതിരുന്നതിനാൽ പഞ്ചായത്ത് ചെലവിൽ മുറിച്ച് നീക്കുന്നതിന് തീരുമാനിച്ചിരുന്നു. 7 തെങ്ങ്,

ഒരു മാവ് എന്നിവക്ക് മാത്രം പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ 6400/-രൂപ വില നിർണ്ണയിച്ചുനൽകിയിരുന്നു. എന്നാൽ ഈ തെങ്ങുകളിലെ തേങ്ങ മാത്രമാണ് ലേലം ചെയ്ത് തുക ലഭിച്ചത്. തടി ലേലം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4. അരൂർ കെൽട്രോൺ-കുമ്പളങ്ങി ഫെറി ലേല അവകാശം നൽകിയ ശ്രീമതി.ശാന്ത തങ്കപ്പൻ, നികർത്തിൽ, കുമ്പളങ്ങി സൗത്ത് എന്നയാൾ ആകെ ലേലത്തുകയായ 81000/- രൂപയുടെ പകുതി മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. ബാക്കി തുക ഈടാക്കിയിട്ടില്ല.

കുത്തകയിനങ്ങളുടെ ലേല/പുന: ലേല നടപടികൾ കൃത്യമായി നടത്തുന്നതിനും ഈയിനത്തിലെ കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 ഇ-ടെണ്ടർ ഫീസ് തുക ലഭ്യമാക്കുന്നത്

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 2017-18 സാമ്പത്തിക വർഷം 39 മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 64758/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

## 1-19 പാദവാർഷിക ആദായ നികുതി റിട്ടേൺ ഫയൽ ചെയ്തത്

2018-19 സാമ്പത്തിക വർഷം ജീവനക്കാരുടെ പാദവാർഷിക ആദായ നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിനായി തനത് ഫണ്ടിൽ നിന്നും താഴെപറയുന്ന വൗച്ചറുകൾ പ്രകാരം 4800/- രൂപ പിൻവലിച്ച് ശ്രീ.ഗണേശ് ഭട്ട്, ജി&എസ് അസോസിയേറ്റ്സ്, ഇൻഫോടെക്ക് എന്റർപ്രൈസ്, അരൂർ എന്നീ സ്ഥാപനത്തിന്/വ്യക്തിക്ക് നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | പാദവർഷം | നൽകിയ സ്ഥാപനം | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | ഒന്നാം പാദവർഷം | ഗണേഷ്ഭട്ട്.ആർ. | 21800509/ 6.8.2018 | 500 |
| 2 | രണ്ടാം പാദവർഷം | -ടി- | 21800820/ 15.11.18 | 600 |
| 3 | മൂന്നാം പാദവർഷം | -ടി- | 21801120/ 13.2.19 | 600 |
| 4 | നാലാം പാദവർഷം (17-18) | -ടി- | 21800359/27.6.18 | 800 |
| 5 | ഒന്നാം പാദവർഷം(LSGD) | ഇൻഫോടെക്ക് എന്റർപ്രൈസ് | 21800661/ 21.9.18 | 750 |
| 6. | മൂന്നാം പാദവർഷം | -ടി- | 21801136/13.2.19 | 750 |
| 7. | നാലാം പാദവർഷം (17-18) | -ടി- | 21800359/27.6.18 | 800 |
| | ആകെ | | | 4800 |

1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ഉറവിടത്തിൽ നിന്നും ആദായ നികുതി ഈടാക്കുന്ന ഓഫീസുകൾ അതുസംബന്ധിച്ച റിട്ടേൺ തയ്യാറാക്കി ഫയൽ ചെയ്യുന്നതിനുള്ള നടപടിയും കൈക്കൊള്ളേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന വിവരങ്ങൾ വെബ് സൈറ്റിൽ ചേർക്കുന്നതിനുള്ള ഫീസ് മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് ജീവനക്കാരുടേത് ഉൾപ്പെടെയുള്ള 2018-19 വർഷത്തെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യുന്നതിനായി 4800/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു

പാദവർഷത്തെ വിവരങ്ങൾ വെബ്സൈറ്റിൽ ചെയ്യുന്നതിന് 50 രൂപ മാത്രമാണ് ബാഹ്യ ഏജൻസിയ്ക്ക് നൽകാവുന്നത്.

കൂടാതെ 1961-ലെ ഇൻകം ടാക്സ് ആക്ട് സെക്ഷൻ 206(2) അനുസരിച്ച് ജീവനക്കാരുടെ ആദായ നികുതി തുക ഈടാക്കുന്ന ഓഫീസിൽ തന്നെയാണ് റിട്ടേൺ തയ്യാറാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അനുവദനീയമായ അപ്‌ലോഡിംഗ് ചാർജ്ജ് ആയ 350/- രൂപ (50x7) കഴിച്ചുള്ള തുക 4450/- രൂപ ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-20 താത്കാലിക നിയമനങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ശ്രീമതി.സബീന.കെ.എം, ശ്രീമതി.റഹീന.കെ.എം എന്നീയാളുകൾക്ക് തൻവർഷം വേതനം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രീമതി.റഹീന കെ.എം എന്നയാളെ നിയമിച്ചതിന്റെ രേഖകൾ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, നിയമന ഉത്തരവ്, വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവ സംബന്ധിച്ച രേഖകൾ, മറ്റ് തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവയൊന്നും ഹാജരാക്കിയില്ല. കൂടാതെ ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലെ വേതനം നൽകിയ വൗച്ചറുകൾക്കൊപ്പം അപേക്ഷയോ കൈപ്പറ്റ് രസീതുകളോ ഇല്ല. മസ്റ്റർ റോളിൽ ടിയാരിയുടെ ഒപ്പും രേഖപ്പെടുത്തിയിട്ടില്ല. വേതനതുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകാതെ ചെക്ക് വഴിയാണ് നൽകിയിട്ടുള്ളത്. എന്നാൽ A/c Payee ആയി നൽകേണ്ട ചെക്കിന്റെ കോപ്പി ഫയലിനൊപ്പം സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ 60 ദിവസത്തിലധികം ജോലിനോക്കിയെങ്കിലും ശ്രീമതി.റഹീന കെ.എം എന്നയാളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1997-ലെ കേരള പഞ്ചായത്ത് രാജ് (ഉദ്യോഗസ്ഥരുടെമേൽ നിയന്ത്രണം ചട്ടങ്ങൾ) ചട്ടം-8 പ്രകാരം നിലവിലുള്ള ഏതെങ്കിലും ഒഴിവിലേക്ക് ജീവനക്കാരെ ഉടൻ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ലേബർ & റീഹാബിലിറ്റേഷൻ ഡിപ്പാർട്ട്മെന്റിന്റെ 5-2-2014 ലെ 25941/ജി-2/2013 സർക്കുലർ പ്രകാരം പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത എല്ലാ ഒഴിവുകളിലേക്കുമുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ 26-12-2016 ലെ തൊഴിലും നൈപുണ്യവും (ജി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 1046913/ജി-2/2016 കത്തുപ്രകാരം എല്ലാ സ്ഥാപനമേധാവികൾക്കും 5-2-14 ലെ സർക്കുലറിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് വീണ്ടും കർശന നിർദ്ദേശം നൽകിയിരുന്നു. ചട്ട പ്രകാരം നിലവിലുള്ള ഒഴിവിലേക്കു മാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നും പി.എസ്.സി. വഴി പെട്ടെന്ന് നിയമനം സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ആയിരിക്കണം എന്നും സർക്കാർ അംഗീകൃതമല്ലാത്ത തസ്തികകളിൽ സർക്കാർ മുൻകൂർ അനുമതിയോടുകൂടി മാത്രമേ നിയമനം നടത്താവൂ എന്നും നിർദ്ദേശമുണ്ട്. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള നിയമനത്തിലും പഞ്ചായത്തിലെ മറ്റ് താത്കാലിക തസ്തികകളിലെ നിയമനങ്ങളിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 ശമ്പളപരിഷ്ക്കരണത്തിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ.ഉ.(പി) 7/2016/ഫിൻ, തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുകയും 2017-18 -2018-19 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ഒരു ഗഡു പണമായി നൽകുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 (1) പ്രകാരം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പളപരിഷ്ക്കരണത്തിനാനുപാതികമായി അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1,2,3 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ്

സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1, 2, 3 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ ശമ്പള പരിഷ്കരണ കുടിശ്ശികയ്ക്കാനുപാതികമായി അടവാക്കിയിട്ടുണ്ടോയെന്ന അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് (നം. 16/15.8.19) മറുപടി ലഭ്യമാക്കിയില്ല. തുക അടവാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-22 ചെലവുരേഖകൾ ഹാജരാക്കിയില്ല

(വൗച്ചർ നം.21800076/16.4.2018 പ്രകാരം) ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനായി 38,138/-രൂപ തനതുഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുക ശ്രീ.ഉദയാനന്ദൻ.കെ., ജെ.എസ്., ശ്രീ.കെ.എൽ.അജയൻ, സീനിയർ ക്ലർക്ക്, ശ്രീ.ടി.ജെ.അഗസ്റ്റിൻ, ഓ.എ. എന്നിവർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 28/18.8.18) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-23 ആദായനികുതി അടവാക്കുന്നത്

വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് താഴെപ്പറയുന്ന വ്യക്തികൾക്ക് വക്കീൽ ഫീസിനത്തിൽ 3,83,700/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് നൽകിയിട്ടുണ്ട്.

| വ്യക്തിയുടെ പേര് | വൗച്ചർ നം.തീയതി | തുക |
|---|---|---|
| അഡ്വ.എൻ.ബാലചന്ദ്രൻ | 21800043/6.4.2018 | 20,500/- |
| | 21800433/19.7.2018 | 8,500/- |
| | 21800745/22.10.2018 | 20,200/- |
| | 21801013/15.1.2019 | 17,500/- |
| അഡ്വ.വി.എൻ.ശങ്കർജി | 21800144/5.5.2018 | 1,25,000/- |
| | 21800613/27.9.2018 | 1,68,000/- |
| | ആകെ | 3,59,700/- |

ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രതിവർഷം പ്രൊഫഷണൽ/ടെക്നിക്കൽ ചാർജിനത്തിൽ 30000/- രൂപയിൽ അധികരിക്കുന്ന വരുമാനത്തിൻ മേൽ 10% ആദായ നികുതി (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ടി വ്യക്തികളിൽ നിന്നും ആദായനികുതി കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആദായനികുതി ഈടാക്കി അടവാക്കേണ്ടതാണ്.

## 1-24 പഞ്ചായത്ത് ദുരിതാശ്വാസ നിധി - പ്രവർത്തനങ്ങളില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ ചട്ടം 3 പ്രകാരം അരൂർ ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനങ്ങൾ നിർജ്ജീവമാണ്. 2018-19 സാമ്പത്തിക വർഷം നിധിയിൽ ധനസമാഹരണമോ ധനവിനിയോഗമോ നടന്നിട്ടില്ല. നിലവിലെ നിക്ഷേപ തുകക്ക് ലഭിക്കുന്ന നാമമാത്രമായ പലിശ മാത്രമാണ് വരവുള്ളത്. വാർഷിക ധനകാര്യപത്രിക പ്രകാരം 2019 മാർച്ച് 31 ന് നിധിയിൽ 4476/- രൂപയാണ് നീക്കിയിരിപ്പുള്ളത്. വാണിജ്യ, വ്യവസായ, കയറ്റുമതി അധിഷ്ഠിത സ്ഥാപനങ്ങൾ ഒട്ടേറെയുള്ള അരൂരിൽ കമ്പനികളുടെ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതികളിൽ നിന്നുയുള്ള സഹായങ്ങളും സംഭാവനകളും ഉൾപ്പടെയുള്ള സാധ്യതകൾ പരമാവധി ഉൾപ്പെടുത്തി ദുരിതാശ്വാസ നിധി പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുന്നത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-25 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നത്

അരൂർ ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ നിയമാനുസൃതം തയ്യാറാക്കിയിട്ടില്ല. ഓരോ വർഷവും

ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്ന നിക്ഷേപങ്ങളും അവയുടെ തിരികെ നൽകലും കൃത്യമായി തയ്യാറാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1 ആർട്ടിക്കിൾ 282, കേരള പബ്ലിക് വർക്ക്സ് അക്കൗണ്ട് കോഡ് ഖണ്ഡിക 15.4 എന്നിവ പ്രകാരം വിവിധ നിക്ഷേപങ്ങൾ തിരികെ നൽകാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷത്തിനുള്ളിൽ നിക്ഷേപകൻ അവകാശപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഓരോ വർഷവും മാർച്ച് അവസാനം സർക്കാരിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 75 പ്രകാരം പണമിടപാടുമായി ബന്ധപ്പെട്ട് ഈ ചട്ടത്തിൽ നിർദേശിക്കപ്പെട്ടിട്ടില്ലാത്ത സംഗതികളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിവിധ ചട്ടങ്ങളിലെയും മാർഗരേഖകളിലെയും നിബന്ധനകൾ ബാധകമായിരിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ആയതിനാൽ പഞ്ചായത്തിൽ നിക്ഷപിക്കപ്പെട്ടിട്ടുള്ളതും കാലഹരണപ്പെട്ടതുമായ വിവിധയിനം നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടപ്പെടേണ്ടതാണ്. എന്നാൽ അത്രൂർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ **2011** വർഷം മുതൽ സ്വീകരിച്ച തുകകൾ രജിസ്റ്ററിൽ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങളില്ലാത്തതിനാൽ ഇവ പൂർണ്ണമായും തിരികെ നൽകാനുള്ളവ തന്നെയാണോ എന്നത് വ്യക്തമല്ല. ആയത് പരിശോധിച്ച് തിരികെ നല്കാൻ അർഹമായ തീയതി മുതൽ 3 പൂർണ്ണ സാമ്പത്തിക വർഷം പൂർത്തീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ഇക്കാര്യത്തിൽ അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.06.07-ലെ ജി ഒ (എംഎസ്) 170/2007 നമ്പർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എല്ലാ വാഹനങ്ങളുടേയും കസ്റ്റോഡിയൻ ഓഫീസർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ്. വാഹനങ്ങളുടെ ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവ കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്. ഓരോ വാഹനത്തെ സംബന്ധിച്ചും ആയതിന്റെ ലോഗ് ബുക്ക്, ഇന്ധനത്തിന്റെ ഉപയോഗം കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ കസ്റ്റോഡിയൻ ഓഫീസർ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. ആറു മാസത്തിലൊരിക്കൽ ഓരോ വാഹനത്തിന്റേയും ഫ്യൂവൽ കൺസപ്ഷൻ ടെസ്റ്റ് മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തു വക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ, വാഹനത്തിന്റെ ഇന്ധന ക്ഷമതാ പരിശോധന നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ഓരോ മാസവും വാങ്ങുന്ന ഡീസലിന്റെ അളവ് കാണിക്കുന്ന ഫ്യൂവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ എന്നിവ എഴുതി തയ്യാറാക്കുന്നതായി കാണുന്നില്ല. ഓരോ തവണയും ഇന്ധനം നിറയ്ക്കുന്ന വിവരങ്ങൾ, മെയിന്റനൻസ് വിവരങ്ങൾ എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. അതുപോലെ ഓരോ മാസവും വാങ്ങുന്ന ഡീസലിന്റെ അളവ്, ഉപഭോഗം, ടാങ്കിൽ ശേഷിക്കുന്ന ഡീസലിന്റെ അളവ് എന്നിവ വ്യക്തമാക്കുന്ന മാസാന്ത്യ സംക്ഷിപ്തം ലോഗ് ബുക്കിൽ നാളിതുവരെ രേഖപ്പെടുത്തിയിട്ടില്ല. ഓരോ ദിവസത്തേയും യാത്ര സംബന്ധിച്ച് യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥനോ കൺട്രോളിംഗ് ഓഫീസറോ ലോഗ് ബുക്ക് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.ആബുലൻസിന്റെ ലോഗ് ബുക്കിൽ 8.6.2018 വരെയുള്ള യാത്രകളുടെ വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കാത്തതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 31(a)/20.08.2019) മറുപടി ലഭ്യമാക്കിയില്ല. വാഹന ഉപയോഗം സംബന്ധിച്ച സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-27 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കൽ - പാഴ്ചെലവ്

ഗ്രാമ പഞ്ചായത്ത് പരിധിയ്ക്കുള്ളിൽ നാഷണൽ ഹൈവേയുടെ ഇരുവശങ്ങളിലായി മാലിന്യകിറ്റുകളും മാലിന്യ ചാക്കുകളും വാഹനങ്ങളിൽ കൊണ്ടുവന്ന് നിക്ഷേപിക്കുന്നവരെ കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി മാലിന്യം നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കുന്നതിനായി S0330/19 നമ്പരായി തയ്യാറാക്കിയ പ്രോജക്ടാണിത്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 3,00,000/- രൂപയാണ് വകയിരുത്തിയത്. ചെക്ക് നം.814571/31.03.2019

പ്രകാരം 2,96,000/- രൂപ ചെലവഴിച്ച് ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിൽ നിന്നും 10 സി സി ക്യാമറകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. വാങ്ങിയ ക്യാമറകൾ പോലീസ് എയ്ഡ് പോസ്റ്റിന് സമീപം-4, തോപ്പുംപടി പാലത്തിന് സമീപം-1, കുമ്പളം പാലത്തിന് സമീപം-1, ചന്തിരൂർ പാലത്തിനു സമീപം-2, സെന്റ് അഗസ്റ്റിൻസ് സ്കൂളിനു സമീപം-1, ചന്തിരൂർ പഴയപാലത്തിനു സമീപം-1 എന്നിങ്ങനെയാണ് സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഈ ക്യാമറകളിൽ പതിയുന്ന ദൃശ്യങ്ങൾ പഞ്ചായത്തിലിരുന്ന് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടില്ല. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/15.8.19) പഞ്ചായത്തിലിരുന്ന് നിരീക്ഷിക്കുന്നതിന് സംവിധാനം ഒരുക്കുന്നതിന് ഭാരിച്ച ചെലവ് വരുന്നതിനാൽ നിലവിൽ സംവിധാനം ഒരുക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. 16-ാം വാർഡിൽ അരൂർ എയ്ഡ് പോസ്റ്റിന് സമീപം സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ ഒരെണ്ണം ക്യാപ്റ്റൻ സുനിൽ അഗസ്റ്റിൻ എന്ന വ്യക്തിയുടെ വീടിന്റെ മതിലിനുള്ളിൽ നിൽക്കുന്ന തെങ്ങിൽ ആണ് സ്ഥാപിച്ചിട്ടുള്ളതെന്ന് പ്രാദേശിക പരിശോധനയിൽ കണ്ടു. ഈ ക്യാമറയിൽ നിന്നുള്ള ദൃശ്യങ്ങൾ നിരീക്ഷിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ടി വ്യക്തിയുടെ വീട്ടിലുള്ള ഉപയോഗിക്കാത്ത പട്ടിക്കൂട്ടിൽ ഒരു മോണിറ്റർ സ്ഥാപിച്ച് സംവിധാനം ഒരുക്കിയിട്ടുണ്ട്. ഓഡിറ്റ് സമയത്ത് ഈ സംവിധാനം പ്രവർത്തനക്ഷമമല്ല. എയ്ഡ് പോസ്റ്റിന് സമീപം സ്ഥാപിച്ചിട്ടുള്ള ക്യാമറകളിൽ പവർ സപ്ലൈ ഇല്ലാത്തതിനാൽ പ്രവർത്തനക്ഷമമല്ല. പല ക്യാമറകളും മരങ്ങളിലാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രോജക്ട് നടപ്പാക്കുക വഴി മാലിന്യം നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയോ, അവരുടെമേൽ ശിക്ഷാനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന് യാതൊരു പ്രയോജനവുമില്ലാതെ, ഇപ്രകാരമൊരു പ്രോജക്ട് നടപ്പാക്കുക വഴി പഞ്ചായത്ത് ഫണ്ട് വിനിയോഗം കാര്യക്ഷമമായിട്ടില്ല.

**മറ്റ് അപാകതകൾ**

1. സ്ഥാപനത്തിന്റെ 30.03.2019-ലെ ഇൻവോയ്സ് നം.ALFA/0458 പ്രകാരം 2,96,000/- രൂപയുടെ ഉപകരണങ്ങൾ വാങ്ങിയെങ്കിലും 01.10.2018 മുതൽ 2,50,000/- രൂപക്ക് മുകളിലുള്ള പർച്ചേസുകൾക്ക് ബാധകമായ 2% ജി.എസ്.ടി റ്റി.ഡി.എസ് സ്ഥാപനത്തിൽ നിന്നും ഈടാക്കിയിട്ടില്ല. ആയതിനാൽ GST ഒഴികെയുള്ള തുകയായ 2,50,848/- രൂപയുടെ 2% തുക 5,017/- രൂപ സ്ഥാപനത്തിൽനിന്നും ഈടാക്കി റ്റി.ഡി.എസ് അടവാക്കേണ്ടതാണ്.
2. പ്രോജക്ടിനായി റീ ടെൻഡർ ക്ഷണിച്ച്, ആൽഫാനെറ്റ് സിസ്റ്റംസ്, ചേർത്തല എന്ന സ്ഥാപനത്തിന്റെ ടെൻഡർ ആണ് അംഗീകരിച്ചിട്ടുള്ളത്. ഇതിൽ സ്ഥാപനം എല്ലാ ഉപകരണങ്ങൾക്കും കൂടി 2,96,000/- രൂപയാണ് രേഖപ്പെടുത്തിയത്. സി.സി ക്യാമറയുടേയോ മറ്റ് ഉപകരണങ്ങളുടേയോ എണ്ണം പോലും രേഖപ്പെടുത്താതെ ആകെ തുക രേഖപ്പെടുത്തിയ ടെൻഡർ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചത് ശരിയായ നടപടിയല്ല (19.01.2019-ലെ തീരുമാനം.1(1)). വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
3. പദ്ധതി പ്രവർത്തനം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല.

ശരിയായ ആസൂത്രണവും കാഴ്ചപ്പാടുമില്ലാതെ നടപ്പാക്കുകവഴി പ്രോജക്ട് ലക്ഷ്യപ്രാപ്തി നേടിയില്ല. ഇക്കാരണങ്ങളാൽ 296000 രൂപയുടെ ചെലവ് തടസ്സപ്പെടുന്നു. പരാമർശത്തിന്മേൽ അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

# 1-28 പഞ്ചായത്ത് ഓഫീസിൽ ഡിജിറ്റൽ ബോർഡ് സ്ഥാപിക്കൽ - ഉപകരണം പ്രയോജനപ്രദമാക്കിയില്ല

പഞ്ചായത്ത് ഓഫീസിൽ ഡിജിറ്റൽ ബോർഡ് സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭിച്ച S0180/19 നമ്പർ പ്രോജക്ടിൽ തനതുഫണ്ടിൽ നിന്നും 1,00,000/- രൂപ വകയിരുത്തിയിരുന്നു. പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കെ.എം. ടെക്നോളജീസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 98900 രൂപ ചെലവഴിച്ച് (ചെക്ക് നം.725184/15.11.2018) LG Commercial Display (49 inch size) വാങ്ങി ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ യാതൊരു വിവരങ്ങളും ഇതിൽ ഡാറ്റാ എൻട്രി നടത്തിയിട്ടില്ല. ഡിജിറ്റൽ ബോർഡ് സ്ഥാപിച്ച സമയത്തെ ജീവനക്കാരുടെ പേരും മൊബൈൽ നമ്പരുമാണ് ഇതിന്റെ സ്ക്രീനിൽ കാണുന്നത്. 98,900/- രൂപ ചെലവഴിച്ച് വാങ്ങിയ ഉപകരണം യാതൊരു പ്രയോജനവുമില്ലാതെ ഇപ്രകാരം സൂക്ഷിച്ചിട്ടുള്ളത് ശരിയായ നടപടിയല്ല. ഉപകരണം വാങ്ങി 9 മാസങ്ങൾ

കഴിഞ്ഞിട്ടും വേണ്ടവിധം ഉപയോഗിച്ചിട്ടില്ല എന്നത് പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. ഗ്രാമ പഞ്ചായത്തിന് പ്രയോജനകരമായ രീതിയിൽ ഉപകരണം പ്രവർത്തനക്ഷമമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 പകൽവീടിനു ഫർണീച്ചർ വാങ്ങൽ

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, 5-ാം വാർഡിലുള്ള പകൽവീടിന ഫർണീച്ചർ വാങ്ങൽ എന്ന പ്രോജക്ടിനായി (S0451/19) തനതുഫണ്ടിൽ നിന്നും 50000 രൂപയും ബ്ലോക്ക് വിഹിതം 300000 രൂപയും ഉൾപ്പെടെ 350000 രൂപ വകയിരുത്തിയിരുന്നു. പ്രോജക്ട് പ്രകാരം സിഡ്കോയിൽ നിന്നും 242278 രൂപയുടെ (ചെക്ക് നം.1484816/31.03.2019) ഫർണീച്ചർ വാങ്ങിയിട്ടുണ്ട്. പകൽവീട് പ്രവർത്തിക്കുന്നുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/13.8.19) പകൽവീട് പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നും വയറിംഗ് പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ടെന്നും സെക്രട്ടറി മറുപടി നൽകി. വയറിംഗ് പോലും പൂർത്തിയാക്കാത്ത കെട്ടിടത്തിലേക്കാണ് ഇപ്രകാരം ഫർണ്ണീച്ചർ വാങ്ങി സൂക്ഷിച്ചിട്ടുള്ളത്. 2017-18 വർഷവും പ്രോജക്ട് നം. S0180/18 ഉൾപ്പെടുത്തി പകൽവീടിന ഫർണ്ണീച്ചർ വാങ്ങുന്നതിനായി വികസനഫണ്ടിൽനിന്നും 99,998/- രൂപ ചെലവഴിച്ചിരുന്നു. പകൽവീടിനായി ഇതുവരെ വാങ്ങിയ ഫർണ്ണീച്ചർ പ്രത്യേകം സ്റ്റോക്കിലെടുത്തിട്ടില്ല. നിലവിൽ 2018-19 വർഷത്തെ പ്രോജക്ടുകൾക്കായി സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ പകൽവീടിനായി വാങ്ങിയ ഫർണ്ണീച്ചറും ഉൾപ്പെടുത്തി കാണുന്നു. ഇത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പകൽവീടിനായി ഇതുവരെ വാങ്ങിയ ഫർണ്ണീച്ചറിന്റെ സ്റ്റോക്ക് ഭൗതികപരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന S0017/19-ാം നമ്പർ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 20 രജിസ്റ്റേർഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസനഫണ്ട് 50,000/- രൂപയും തനതുഫണ്ട് 50,000/- രൂപയും ഉൾപ്പെടെ 1,00,000/- രൂപ വകയിരുത്തിയിരുന്നു. 99,980/- രൂപ ചെലവഴിച്ച് കാഞ്ഞിരപ്പള്ളിയിലെ ഡ്രീം ഇൻഡ്യ സ്കൂൾ എയ്ഡ് എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരമുള്ള സ്പോർട്സ് ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ക്രമ നം. Cricket bat | 20 | 1180 | 23600 |
| 2 | Tennis ball | 34 | 125 | 4250 |
| 3 | Stitch ball | 6 | 210 | 1260 |
| 4 | Shuttle racket | 6 | 1800 | 10800 |
| 5 | Shuttle Cock | 6 | 210 | 1260 |
| 6 | Shuttle Net | 3 | 430 | 1290 |
| 7 | Volley ball net | 3 | 850 | 2550 |
| 8 | Carrom Board | 20 | 1045 | 20900 |
| 9 | Foot ball | 35 | 850 | 29750 |
| 10 | Volley ball | 8 | 540 | 4320 |
| | ആകെ | | | 99980 |

വിതരണരേഖകൾ പരിശോധിച്ചതിൽ, വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. 16 ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത സ്പോർട്സ്

ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Cricket bat | 2 | 1180 | 2360 |
| 2 | Tennis ball | 4 | 125 | 500 |
| 3 | Shuttle racket | 4 | 1800 | 7200 |
| 4 | Shuttle Cock | 4 | 210 | 840 |
| 5 | Shuttle Net | 2 | 430 | 860 |
| 6 | Volley ball net | 1 | 850 | 850 |
| 7 | Carrom Board | 5 | 1045 | 5225 |
| 8 | Foot ball | 5 | 850 | 4250 |
| 9 | Volley ball | 1 | 540 | 540 |
| | ആകെ | | | 22625 |

ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ക്ലബ്ബുകളുടെ ലിസ്റ്റ് ഹാജരാക്കുവാനും സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/13.08.2019) നാലു ക്ലബ്ബുകളുടെ അഫിലിയേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാലാണ് സ്പോർട്സ് കിറ്റ് വിതരണം സാധ്യമാകാതിരുന്നതെന്നും അഫിലിയേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് സ്പോർട്സ് കിറ്റ് വിതരണം പൂർത്തിയാക്കുന്നതാണെന്നും ടി ക്ലബ്ബുകൾ കൂടി ഉൾപ്പെടുത്തി 20 ക്ലബ്ബുകളുടെ ലിസ്റ്റ് ഭരണസമിതി മുമ്പാകെ സാധൂകരണത്തിന് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിനുശേഷമാണ് ക്ലബ്ബുകളെ തിരഞ്ഞെടുത്തത് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ക്ലബ്ബുകളുടെ ലിസ്റ്റ് പഞ്ചായത്തുകമ്മറ്റി അംഗീകരിച്ചിട്ടുമില്ല. ക്ലബ്ബുകളെ കണ്ടെത്തി ആവശ്യകതയ്ക്കനുസരിച്ചല്ലാതെ, ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. അതിനാൽ 22625/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് : ബിൽ നം. 38/23.03.2019 – 50000/-

ചെക്ക് നം. 814544/26.03.2019 – 49980/-

## 1-31 വിതരണം ചെയ്യാത്ത ഉപകരണങ്ങൾ നഷ്ടം

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്കൂൾ പ്രവേശനോത്സവം (കുട വാങ്ങൽ) എന്ന S0179/19-ാം നമ്പർ

പ്രോജക്ടിൽ, സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് 1-ാം ക്ലാസ്സിൽ പുതുതായി ചേർന്ന കുട്ടികൾക്ക് കുട വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും 90000 രൂപ വകയിരുത്തിയിരുന്നു. മാരാരി മാർക്കറ്റിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കുടയ്ക്ക് 196 രൂപ പ്രകാരം 280 കുടകൾ വാങ്ങിയതിന് ജി.എസ്.ടി ഉൾപ്പെടെ 61465 രൂപ ചെക്ക്നം. 336807/11.06.2018 പ്രകാരം സ്ഥാപനത്തിന് നൽകി. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിതരണരേഖകൾ പ്രകാരം 210 കുടകൾ മാത്രമാണ് വിവിധ സ്കൂളുകളിലെ പ്രഥമാധ്യാപകർ കൈപ്പറ്റിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയ കുടകൾ | റിമാർക്സ് |
|---|---|---|---|
| 1 | സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എൽ പി സ്കൂൾ, എരമല്ലൂർ | 45 | - |
| 2 | സെന്റ് അഗസ്റ്റിൻസ് എൽ.പി.എസ്, അരൂർ | 110 | - |
| 3 | AIUIGLPS, ചന്തിരൂർ | 55 | അപേക്ഷ ഇല്ല, കൈപ്പറ്റ് മാത്രം |
| 4 | GHSS, ചന്തിരൂർ | - | അപേക്ഷ പ്രകാരം 45 കുടകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൈപ്പറ്റില്ല. |
| | ആകെ | 210 | |

70 കുടകൾ സ്കൂളുകൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എൽ പി സ്കൂൾ, എരമല്ലൂർ മാത്രമാണ് കുടകൾ കൈപ്പറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്കൂളുകൾ കൈപ്പറ്റിയ 210 കുടകൾ കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/15.08.2019) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 70 കുടകൾ വാങ്ങിയതിന്റെ 15366/- [(196 രൂപ പ്രകാരം 70 കുടകളുടെ വില 13720 രൂപ + 12% ജി.എസ്.ടി (1646 രൂപ)] രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. കുടകൾ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ശേഷിക്കുന്ന 46099/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 രജിസ്റ്റേർഡ് വായനശാലകൾക്ക് എൽ.ഇ.ഡി. ടി.വി. - വിതരണരേഖയില്ല

രജിസ്റ്റേഡ് വായനശാലകൾക്ക് എൽ.ഇ.ഡി.ടി.വി. (പ്രോജക്ട് നം.S0419/19) എന്ന പ്രോജക്ടിൽ, Commercial LED TV രണ്ട് എണ്ണം വാങ്ങിയതിന് ലക്ഷ്യ വെഞ്ചേഴ്സ്, തുറവൂർ എന്ന സ്ഥാപനത്തിന് 44000 രൂപ(ചെക്ക് നം. 814479/27.02.2019) നൽകിയിട്ടുണ്ട്. എന്നാൽ ദേശാഭിമാനി ലൈബ്രറി ആന്റ് റീഡിംഗ് റൂമിന് ഒരു ടി.വി. നൽകിയതിന്റെ രേഖകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ശേഷിക്കുന്ന ഒരു ടി.വി. ഏത് വായനശാലയ്ക്കാണ് നൽകിയതെന്നും സ്ഥാപനത്തിന്റെ അപേക്ഷ, രജിസ്ട്രേഷൻ സംബന്ധിച്ച രേഖ, കൈപ്പറ്റ് രസീത്, വായനശാലകളെ പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതിന്റെ തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/15.08.2019), വിജയാംബിക വായനശാലയ്ക്കാണ് ശേഷിക്കുന്ന ടി.വി. നൽകിയതെന്നും രേഖകൾ സമർപ്പിക്കുന്നതാണെന്നും ഈ വായനശാലകൾക്ക് നൽകാൻ ഭരണസമിതി തീരുമാനമെടുത്തിട്ടില്ലെന്നും സാധൂകരണത്തിന്

സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരമില്ലാതെ പ്രസ്തുത വായനശാലകൾക്ക് ടി.വി. നൽകിയ നടപടി ശരിയല്ല. രേഖകളും പഞ്ചായത്ത് കമ്മറ്റിയുടെ സാധൂകരണവും ഹാജരാക്കേണ്ടതാണ്. മുൻവർഷങ്ങളിൽ ഈ വായനശാലകൾക്ക് ടി.വി. നൽകിയിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. പ്രസ്തുത കാരണങ്ങളാൽ 44,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-33 ഇൻസിനറേറ്റർ സ്ഥാപിക്കൽ - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി, പഞ്ചായത്ത് ഓഫീസിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ (പ്രോജക്ട് നം. S0181/19), ശ്മശാനത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ (പ്രോജക്ട് നം. S0203/19) എന്നിങ്ങനെ രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

**1). പഞ്ചായത്ത് ഓഫീസിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ**

പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 1,70,000/- രൂപയാണ് വകയിരുത്തിയത്. ടെൻഡർ ക്ഷണിച്ച്, പ്രകൃതി, തായിക്കാട്ടുകര, ആലുവ എന്ന സ്ഥാപനത്തിൽ നിന്നും 1,70,000/- രൂപ (ബിൽ നം. 31/19.03.2019) ചെലവഴിച്ച് ഇൻസിനറേറ്റർ വാങ്ങി ഗ്രാമ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**2). ശ്മശാനത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ**

2018-19 വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ S0203/19 പ്രോജക്ടിനായി വികസനഫണ്ട് 100000രൂപയും തനതുഫണ്ട് 82,236/- രൂപയും ഉൾപ്പെടെ 1,82,236/- രൂപയാണ് വകയിരുത്തിയിരുന്നത്. വികസനഫണ്ടിൽ നിന്നും 1,00,000/- രൂപയും തനതുഫണ്ടിൽ നിന്നും 17,764/- രൂപയുമുൾപ്പെടെ 1,17,764/- രൂപ ചെലവഴിച്ച് ശ്മശാനത്തിൽ ഇൻസിനറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

ചെലവ്: ബിൽ നം. 3/24.05.2018 100000/-

ചെക്ക് നം.336636/31.03.18 17764/-

**എ).** 2009-ലെ കേരള സംസ്ഥാന പരിസ്ഥിതിനയം (GO(MS) No.4/09/Envt dtd.31.12.2009) ഖണ്ഡിക 18.10 പ്രകാരം ബയോ മെഡിക്കൽ വേസ്റ്റ് ഒഴികെയുള്ള ഖരമാലിന്യ സംസ്കരണത്തിന് ഇൻസിനറേറ്ററുകൾ ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 02.12.2014-ലെ 71875/ഡി.സി1/2014/തസ്വഭവ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇൻസിനറേറ്ററുകൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിലേയ്ക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിക്കേണ്ടത്. സർക്കാർ അംഗീകരിക്കാത്തതും നിയമം അനുശാസിക്കാത്തതുമായ ഇൻസിനറേറ്ററുകൾ പോലുള്ള മാലിന്യസംസ്കരണ സംവിധാനം സ്ഥാപിച്ച് മാലിന്യ നിർമ്മാർജ്ജനം ചെയ്യുന്നത് പരിസ്ഥിതി സംരക്ഷണത്തിന് പ്രോത്സാഹനജനകമല്ല. പ്രത്യേകിച്ച് ജൈവജീർണ്ണനം നടക്കുന്ന മാലിന്യങ്ങളും പുനരുപയോഗ പുന:ചംക്രമണ സാധ്യതയുള്ള മാലിന്യങ്ങളും കത്തിക്കാൻ പാടില്ലാത്തതാണ്. കേരളത്തിലെ മാലിന്യത്തിന്റെ സ്വഭാവവും കാലാവസ്ഥയും ഉയർന്ന തോതിലുള്ള ഈർപ്പം, ഉയർന്ന തോതിലുള്ള ജൈവവസ്തുക്കളുടെ സാന്നിദ്ധ്യം, ഉയർന്ന താപമൂല്യമുള്ള വസ്തുക്കളുടെ കുറവ് എന്നിവ ഇൻസിനറേഷൻ പ്രക്രിയയ്ക്ക് വിഘാതമായിട്ടുള്ളതാണ്. അതിനാൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാനില്യസംസ്കരണത്തിനായി മറ്റ് സാങ്കേതിക വിദ്യകളൊന്നും ഉപയോഗപ്രദമല്ല എന്ന ഘട്ടത്തിലും പ്രത്യേക സാഹചര്യങ്ങളിലും മാത്രമേ ഇൻസിനറേറ്റർ സ്ഥാപിക്കുന്ന നടപടിയുമായി മുന്നോട്ടുപോകാവൂ എന്നും ആയത് സ്ഥാപിക്കുന്നതിനുമുമ്പായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതി ശുചിത്വമിഷൻ/ മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പരിശോധനയ്ക്കും ശുപാർശയ്ക്കും ശേഷം സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങിയശേഷമേ നടപ്പാക്കാവൂ എന്നും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നടപടിക്രമം പാലിക്കാതെയാണ് ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/13.08.2019) ഓഫീസ് പരിസരം വൃത്തിയാക്കുക എന്ന നല്ല ഉദ്ദേശത്തോടെ നടപ്പാക്കിയ പ്രോജക്ട് ആണെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. എന്നാൽ ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ

ബോർഡ് എന്നിവയുടെ പരിശോധനയ്ക്ക് വിധേയമാക്കാതെയും സർക്കാരിൽ നിന്നും മുൻകൂർ അനുവാദം വാങ്ങാതെയും പ്രോജക്ട് നടപ്പാക്കിയത് ക്രമവിരുദ്ധമാണ്. ഇക്കാര്യത്തിൽ തുടർനടപടികൾക്കായി വിഷയം ഭരണവകുപ്പിന് ശുപാർശ ചെയ്യുന്നു.

**<u>ബി) ശ്മശാനത്തിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ - നിർവ്വഹണത്തിലെ അപാകതകൾ</u>**

ശ്മശാനത്തിൽ ഇൻസിനറേറ്റർ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ, മേടയിൽ ഇൻസിനറേറ്റേഴ്സ്, നെടുമ്പാശ്ശേരി എന്ന സ്ഥാപനം 07.03.2018-ൽ സമർപ്പിച്ച ടെൻഡർ പ്രകാരം Incinerator Mars Model 30kg എന്നതിന് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയത് 1,09,740/- രൂപയാണ്. ഈ ടെൻഡറിൽ Exhaust Pipe ആയി GI Pipe 10 feet ആണ് ഉൾപ്പെടുത്തിയിരുന്നത്. 09.03.2018-ലെ പ്രൊക്യൂർമെന്റ് കമ്മറ്റി മേടയിൽ ഇൻസിനറേറ്റേഴ്സിന്റെ ടെൻഡർ അംഗീകരിക്കുന്നതിന് ശുപാർശചെയ്തു. 12.03.2018-ൽ സ്ഥാപനം Exhaust Pipe ആയി GI Pipe 20 feet രേഖപ്പെടുത്തി ടെൻഡർ റിവൈസ് ചെയ്യുകയും extension pipe ന് 8,000/- രൂപ കൂടി ചേർത്ത് ടെൻഡർ തുക 1,17,740/- രൂപയാക്കുകയും ചെയ്തു. ഇപ്രകാരം ടെൻഡർ റിവൈസ് ചെയ്യുന്നതിന് ഗ്രാമ പഞ്ചായത്ത് സ്ഥാപനത്തിനോട് ആവശ്യപ്പെട്ടതായി കാണുന്നില്ല. ടെൻഡർ റിവൈസ് ചെയ്തത് സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മറ്റി മിനിട്സിലും ഇത് സംബന്ധിച്ച് പരാമർശമില്ല. കുറഞ്ഞ ടെൻഡർ സമർപ്പിച്ച മേടയിൽ ഇൻസിനറേറ്റേഴ്സ്, നെടുമ്പാശ്ശേരി എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചു എന്ന് മാത്രമാണ് പഞ്ചായത്ത് കമ്മറ്റി (17.3.2018 ലെ 2(2)) തീരുമാനമെടുത്തിട്ടുള്ളത്. എന്നാൽ സ്ഥാപനം സപ്ലൈ ചെയ്തത് Incinerator 25kg Mars premium Model (GI Pipe 20 feet ഉൾപ്പെടെ) ആണ്. ടെൻഡറിൽ രേഖപ്പെടുത്തിയതിലും കുറവ് കപ്പാസിറ്റിയുള്ള ഉപകരണമാണ് സ്ഥാപനം നൽകിയത്. മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/13.08.2019) നിരക്ക് വ്യത്യാസം ഉൾപ്പെടെയുള്ള റിവൈസ്ഡ് ടെൻഡർ ആണ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചതെന്നും ആയത് വിശദമായി തീരുമാനത്തിൽ ഉൾപ്പെടുത്താതിരുന്നതാണെന്നും സപ്ലൈ ചെയ്ത ഇൻസിനറേറ്ററിന്റെ കപ്പാസിറ്റി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. ക്വാട്ടുചെയ്തതിനേക്കാൾ കുറഞ്ഞ ശേഷിയിലുള്ള ഇൻസിനേറ്ററാണ് സപ്ലൈ ചെയ്തത് എന്നതിനാൽ സ്ഥാപനത്തിന് അധികമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-34 പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റ് - പ്രവർത്തനസജ്ജമായില്ല

2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവറായി തുടരുന്ന ഈ പ്രോജക്ടിനായി (S0198/19) തൻവർഷം വികസനഫണ്ടിൽ നിന്നും 15,000/- രൂപ (ബിൽ നം. 12/2018-19 തീയതി. 02.11.2018) പരിശീലനത്തിനായി ചെലവഴിച്ചു. 2017-18 സാമ്പത്തിക വർഷം 5 പേർ വീതം അംഗങ്ങളായ 6 കുടുംബശ്രീ/S.H.G ഗ്രൂപ്പുകൾക്ക് ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിൽ പരമാവധി 50,000/- രൂപ വീതം ബാക്ക് എൻഡ് സബ്സിഡിയായി നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാണ് പേപ്പർ ക്യാരി ബാഗ് നിർമ്മാണ യൂണിറ്റ് എന്ന പ്രോജക്ടിന് അംഗീകാരം ലഭിച്ചിരിക്കുന്നത്. ഇതനുസരിച്ച്, പ്രകൃതി, തായിക്കാട്ടുകര, ആലുവ എന്ന സ്ഥാപനത്തിൽനിന്നും ബിൽ നം. 35/17-18, 26.03.2018 പ്രകാരം 284720/- രൂപ ചെലവഴിച്ച് മൾട്ടി ക്രീസിംഗ് യൂണിറ്റ്-1, സിംഗിൾ ക്രീസിംഗ് യൂണിറ്റ്-1, ഐലറ്റ് പഞ്ചിംഗ് യൂണിറ്റ്-2, ഐലറ്റ് steel die-2 എന്നീ ഉപകരണങ്ങളും 25,000/- രൂപയുടെ അസംസ്കൃത വസ്തുക്കളും വാങ്ങി. എന്നാൽ പ്രോജക്ടിനായി ഗ്രൂപ്പുകളെ തിരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, ഗ്രൂപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട്, ഗ്രൂപ്പുകൾ ബാങ്ക് വായ്പക്ക് അപേക്ഷിച്ചതിന്റെയും വായ്പ അനുവദിച്ചതിന്റെയും രേഖകൾ, യൂണിറ്റുകൾ ആരംഭിക്കുന്നതിനായി സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തിയതിന്റെ വിവരങ്ങൾ, പേപ്പർ ക്യാരി ബാഗുകളുടെ നിർമ്മാണത്തിനായി പരിശീലനം ലഭിച്ചതിന്റെ വിശദാംശങ്ങൾ എന്നിവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല (വിശദവിവരങ്ങൾ 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്). വേണ്ടത്ര മുന്നൊരുക്കമില്ലാതെ വാങ്ങൽ നടത്തിയതു കാരണം ഉപകരണങ്ങൾ ഇതുവരെ പ്രയോജനപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. പ്രോജക്ട് പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നിലവിൽ പഞ്ചായത്ത് ഓഫീസിന്റെ രണ്ടാം നിലയിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് പരിശോധിച്ചതിൽ മൾട്ടി ക്രീസിംഗ് യൂണിറ്റ്, സിംഗിൾ ക്രീസിംഗ് യൂണിറ്റ്, ഐലറ്റ് പഞ്ചിംഗ് യൂണിറ്റ്-1 എന്നിവയും അസംസ്കൃതവസ്തുക്കളും മാത്രമാണ് കാണാൻ കഴിഞ്ഞത്. പ്രോജക്ടിനായി ഗ്രൂപ്പുകളെ കണ്ടെത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പരിശീലനം നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

എൻക്വയറിക്ക് വിവിധ വാർഡുകളിലെ കുടുംബശ്രീ യൂണിറ്റുകളിലെ താല്പര്യമുള്ള വനിതകൾക്ക് പരിശീലനം നൽകി എന്ന് വി.ഇ.ഒ. അറിയിച്ചു. എന്നാൽ പരിശീലനം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. പരിശീലനം ലഭിച്ച വനിതകളെ ഉൾപ്പെടുത്തി യൂണിറ്റ് ആരംഭിച്ചിട്ടുമില്ല. പ്രസ്തുത രേഖകൾ ഹാജരാക്കാത്തതിനാലും ഗ്രൂപ്പ് യൂണിറ്റ് ആരംഭിച്ചിട്ടില്ലാത്തതിനാലും 15000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പേപ്പർ ക്യാരിബാഗ് നിർമ്മാണ യൂണിറ്റിനായി വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും ഗ്രാമ പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്. താല്പര്യമുള്ള ഗ്രൂപ്പുകളെ കണ്ടെത്തി യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഒടുക്കൽ - ഫൈൻ അടവാക്കിയത് അംഗീകരിക്കുന്നില്ല

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു ടാപ്പിന് പ്രതിവർഷം 5,250/- രൂപ പ്രകാരം 387 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 1,69,313/- രൂപയാണ് ഈടാക്കിവരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ വെള്ളക്കരം അതത് മാസം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും ഒടുക്കുന്നതിന് പ്രോജക്ട് നം. S0004/19 പ്രകാരം 18,92,886/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ ആഗസ്റ്റ് 2018, ഫെബ്രുവരി 2019 മാസങ്ങളിലെ ബിൽ തുക അതത് മാസങ്ങൾക്കുള്ളിൽ അടയ്ക്കാതിരുന്നതിനാൽ യഥാക്രമം സെപ്റ്റംബർ, മാർച്ച് മാസങ്ങളിലെ ഡിമാന്റ് നോട്ടീസിൽ ഫൈൻ ഇനത്തിൽ 3,386/- രൂപ വീതം 6,772/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഫൈൻ ഇനത്തിൽ 6,772/- രൂപ (3386x2) വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വിശദവിവരം ഖണ്ഡിക 3-3 ആയി ചേർത്തിട്ടുണ്ട്.

## 1-36 എൽ.ഇ.ഡി ഗ്രാമം പദ്ധതി - നടപടിക്രമങ്ങളിൽ വീഴ്ച

ഗ്രാമ പഞ്ചായത്തിലെ 22 വാർഡുകളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സിസ്റ്റം സ്ഥാപിക്കുന്നതിലൂടെ എൽ.ഇ.ഡി ഗ്രാമം എന്ന ആശയം നടപ്പാക്കുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടിരിക്കുന്നത്. 2018-19 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഒരു സ്പിൽ ഓവർ പ്രോജക്ടും (S0200/19) ഒരു പുതിയ പ്രോജക്ടും (S0415/19) നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. എൽ.ഇ.ഡി ഗ്രാമം പദ്ധതി പ്രോജക്ട് നം. S0415/19

ഈ പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 24,80,500/- രൂപയാണ് വകയിരുത്തിയത്. 31.08.2018-ലെ സർക്കാർ ഉത്തരവ് (സാധാ) നം.2330/2018/തസ്വഭവ അനുസരിച്ച് ടെൻഡർ കൂടാതെ വാങ്ങാൻ അനുമതിയുള്ള യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽനിന്നുമാണ് എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങിയത്. 902 എണ്ണം എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചതിന് ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ 24,57,950/- രൂപ (902X2725) ചെക്ക് നം. 814497/06.03.2019 പ്രകാരം സ്ഥാപനത്തിന് നൽകി.

2) എൽ.ഇ.ഡി ഗ്രാമം പദ്ധതി പ്രോജക്ട് നം. S0200/19 (സ്പിൽ ഓവർ പ്രോജക്ട്)

ഈ പ്രോജക്ടിനായി 2018-19 വർഷം തനതുഫണ്ടിൽ നിന്നും 12,08,440/- രൂപയാണ് വകയിരുത്തിയത്. ടെൻഡർ ക്ഷണിച്ച് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ എഡിസണ് ഇലക്ട്രോണിക്സ്, തിരുവാങ്കുളം എന്ന സ്ഥാപനത്തിൽ നിന്നും 1144 എൽ.ഇ.ഡി ലൈറ്റുകൾ വാങ്ങി സ്ഥാപിച്ചതിന് ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെ 29,91,560/- രൂപയാണ് ചെലവ് വന്നിട്ടുള്ളത്. ഇതിൽ 17,91,560/- രൂപ 2017-18 സാമ്പത്തിക വർഷം ചെക്ക് നം. 336637/31.03.2018 പ്രകാരവും ശേഷിക്കുന്ന 12,00,000/- രൂപ 2018-19 -ൽ ചെക്ക് നം.643466/08.10.2018 പ്രകാരവും നൽകി.

പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ പോസ്റ്റ് നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രാഥമിക വിവരങ്ങൾ പോലും ശേഖരിക്കാതെയാണ് ഇപ്രകാരമൊരു ബൃഹത് പദ്ധതി നടപ്പാക്കിയത്. പ്രാഥമിക വിവരങ്ങളില്ലാതെയും കൃത്യമായ തയ്യാറെടുപ്പില്ലാതെയും പ്രോജക്ട്

നടപ്പാക്കിയാൽ അത് പ്രോജക്റ്റിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കുകയും നിർവ്വഹണത്തിൽ സുതാര്യത ഇല്ലാതാകുകയും ചെയ്യും. പ്രോജക്റ്റ് നടപ്പാക്കുന്നതിന് മുമ്പ് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

2. ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ കെഎസ്ഇബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയശേഷമേ ഉപകരണങ്ങൾ വാങ്ങുന്നതിന് സപ്ലൈ ഓർഡർ നൽകാവൂ. ഇപ്രകാരം കെഎസ്ഇബിയിൽ നിന്നും ക്ലിയറൻസ് വാങ്ങിയില്ല.
3. കേടായ ഉപകരണങ്ങൾ തിരികെ ഏല്പിച്ചതിന്റെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് സൂക്ഷിച്ചിട്ടില്ല.
4. ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് സംയുക്തപരിശോധന നടത്തുകയോ വൈദ്യുതി ചാർജ്ജിൽ മാറ്റം വരുത്തുന്നതിനുള്ള ശ്രമമോ നടത്തിയിട്ടില്ല. LED ലൈറ്റുകൾ സ്ഥാപിച്ചതിനുശേഷം വൈദ്യുതി ചാർജിൽ മാറ്റം വന്നിട്ടുള്ളതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്എൻക്വയറിക്ക് (നം.21/15.08.2019) സംയുക്തപരിശോധന നടത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മാത്രമാണ് മറുപടി നൽകിയിട്ടുള്ളത്.
5. വാങ്ങിയ എൽ.ഇ.ഡി ലൈറ്റുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.
6. മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കിയില്ല. മെമ്പർമാരുടെ സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

മേൽ അപാകതകൾ പഞ്ചായത്ത് ഭരണസമിതിയുടേയും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി പ്രവർത്തനം മോണിറ്ററിംഗിന് വിധേയമാക്കി മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. മാത്രമല്ല, കെ.എസ്.ഇ.ബി അധികൃതരുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ഉപയോഗിക്കപ്പെടുന്ന വൈദ്യുതിക്കനുസൃതമായി മാത്രമേ തുക അടക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-37 തനതുഫണ്ട് വകയിരുത്തിയ പ്രോജക്ടുകളുടെ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം തനതുഫണ്ടിൽ നിന്നും തുക വകയിരുത്തി അംഗീകാരം ലഭിച്ച പ്രോജക്റ്റുകളിൽ, തനതുഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിൽ ചെലവായി കാണിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിൽ, സുലേഖ സ്റ്റേറ്റ്മെന്റിൽ തനതുഫണ്ട് ചെലവ് കാണിക്കാത്ത ചില പ്രോജക്റ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ്നം./ പേര് | തനതുഫണ്ടിൽ നിന്നും വകയിരുത്തിയ തുക | തനതുഫണ്ടിൽ നിന്നുള്ള യഥാർത്ഥ ചെലവ് | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | S0003/19 പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം | 252000 | 252000 | 0 |
| 2 | S0199/19 ക്രിമിറ്റോറിയം വൈദ്യുതീകരണം | 130000 | 79570 | 0 |
| 4 | S0330/19 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സി സി ക്യാമറ സ്ഥാപിക്കൽ | 300000 | 296000 | 0 |
| 5 | S0332/19 ഐ കെ എം ടെക്നീഷ്യന് വേതനം നൽകൽ | 30000 | 30000 | 0 |
| 6 | S0334/19 പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ വാങ്ങൽ | 60000 | 59496 | 0 |
| 7 | S0337/19 മാടവന കോളനി പോസ്റ്റ് മാറ്റി | 45000 | 43131 | 0 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ | | | |
| 8 | S0423/19 അരൂർ ഗ്രാമ പഞ്ചായത്ത് ചരിത്രവും പൈതൃകവും (ഡോക്യുമെന്റേഷൻ) | 50000 | 5000 | 0 |

തനതുഫണ്ടിൽ നിന്നുള്ള ചെലവുകൾ ചെലവുപത്രികയിൽ ഉൾപ്പെടാത്തതുമൂലം സ്റ്റേറ്റ്മെന്റിനെ പദ്ധതിചെലവ് സംബന്ധിച്ച ആധികാരികരേഖയായി കണക്കാൻ കഴിയില്ല. വരുംവർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-38 കൃഷി ഓഫീസർ നിർവ്വഹണംനടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 10 പ്രോജക്ടുകളാണ് നടപ്പാക്കിയിട്ടുള്ളത്. വികസന ഫണ്ട്, തനതുഫണ്ട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നായി ആകെ 11,09,367/- രൂപയാണ് 10 പ്രോജക്ടുകൾക്കായി ചെലവഴിച്ചിട്ടുള്ളത്. ഇതിൽ 8 പ്രോജക്ടുകളിലും വാർഡടിസ്ഥാനത്തിലുള്ള ഗുണഭോക്താക്കളിൽ നിന്നും ഒരു ഗുണഭോക്താവിനെ ക്ലസ്റ്റർ കൺവീനറാക്കി, കൺവീനർ വഴി ആനുകൂല്യം വിതരണം ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. കൃഷി ചെയ്യുന്നതിന് താല്പര്യപ്പെടുന്ന വ്യക്തികളെ വാർഡടിസ്ഥാനത്തിലുള്ള ക്ലസ്റ്ററിലേക്ക് ഉൾപ്പെടുത്തുകയും ആനുകൂല്യം നൽകുകയുമാണ് ചെയ്തുവരുന്നത്. ഓരോ പ്രോജക്ടിനും വ്യത്യസ്ത ക്ലസ്റ്റർ കൺവീനറാണുള്ളത്. ഗുണഭോക്തൃവിഹിതം കൃഷിഭവനിൽ അടവാക്കുന്നത് ക്ലസ്റ്റർ കൺവീനറുടെ മാത്രം പേരിലാണ്. അതുപോലെ ആനുകൂല്യവിതരണം നടത്തിയശേഷം രേഖകൾ കൃഷിഭവനിൽ നൽകുന്നതും ക്ലസ്റ്റർ കൺവീനറാണ്. ആനുകൂല്യം നൽകിയ ക്ലസ്റ്ററുകൾ കാർഷിക ഗ്രൂപ്പുകളായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നവയല്ല. ഗ്രാമ പഞ്ചായത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരോ വാർഡ് മെമ്പറോ ഈ ക്ലസ്റ്ററിൽ അംഗങ്ങളല്ല. ക്ലസ്റ്റർ തലത്തിൽ കൃഷി സംബന്ധമായ എന്തെങ്കിലും യോഗങ്ങളോ പ്രവർത്തനങ്ങളോ ഒന്നും തന്നെ നടക്കുന്നില്ല. ഇതൊന്നുമില്ലാതെ കൃഷി ഓഫീസർ ചെയ്യേണ്ട ആനുകൂല്യവിതരണം ക്ലസ്റ്റർ കൺവീനറെക്കൊണ്ട് ചെയ്യിക്കുന്നത് പദ്ധതി നിർവ്വഹണത്തിലെ സുതാര്യത നഷ്ടപ്പെടാൻ ഇടയാക്കും. കൃഷി ഓഫീസറുടേയും ഉദ്യോഗസ്ഥരുടേയും ജോലിഭാരം ലഘൂകരിക്കുക മാത്രമാണ് ഈ രീതി കൊണ്ട് സാധ്യമായിട്ടുള്ളത്. ഈ രീതിയിൽ ആനുകൂല്യവിതരണം നടത്തണമെന്ന് ഗ്രാമ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടില്ല. എന്നാൽ ഗുണഭോക്താക്കളുടേയും കൺവീനറുടേയും ലിസ്റ്റ് കമ്മറ്റി അംഗീകരിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിലോ സബ്സിഡി മാർഗ്ഗരേഖയിലോ ഇത്തരത്തിൽ ആനുകൂല്യം വിതരണം ചെയ്യണമെന്ന് നിർദ്ദേശമില്ല. പ്രോജക്ടുകളുടെ മോണിറ്ററിംഗും നടത്തിയിട്ടില്ല. 2018-19 വർഷം ഈ രീതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ നമ്പർ/പേര് | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം | ആകെ |
|---|---|---|---|---|
| 1 | S0161/19 പച്ചക്കറിക്കൃഷി വികസനം | 347255 | 100000 | 447255 |
| 2 | S0162/19 തെങ്ങുകൃഷി വികസനം | 221875 | 40625 | 262500 |
| 3 | S0163/19 വാഴകൃഷി വികസനം | 39825 | 7875 | 47700 |
| 4 | S0164/19 അലങ്കാര മത്സ്യകൃഷി വികസനം | 127500 | 42500 | 170000 |
| 5 | S0165/19 കിഴങ്ങുകൃഷി വികസനം | 114000 | 3750 | 117750 |
| 6 | S0166/19 ഫലവൃക്ഷ കൃഷി വികസനം | 3750 | 1250 | 5000 |
| 7 | S0167/19 സുഗന്ധവിള കൃഷി വികസനം | 35625 | 7375 | 43000 |
| 8 | S0168/19 വിള ആരോഗ്യപരിപാലനം | 20625 | 6875 | 27500 |
| | ആകെ | 910455 | 210250 | 1120705 |

പദ്ധതി നിർവ്വഹണത്തിൽ സുതാര്യത ഉറപ്പവരുത്തി കൃഷി ഓഫീസറുടേയും ഉദ്യോഗസ്ഥരുടേയും മേൽനോട്ടത്തിൽ പദ്ധതി ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടേയും പ്രത്യേക ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# 1-39 ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട – പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ

2017-18 വർഷം ആരംഭിച്ച് സ്പിൽ ഓവറായി തുടരുന്ന ഭിന്നശേഷിയുള്ളവർക്ക് പെട്ടിക്കട (പ്രോജക്ട് നം. S0197/19) എന്ന പ്രോജക്ടിനായി തൻവർഷം പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 2,70,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2017-18 വർഷം പെട്ടിക്കട നിർമ്മാണത്തിനായി 18 ഗുണഭോക്താക്കൾക്ക് 15,000/- രൂപ വീതം ആകെ 2,70,000/- രൂപ ചെലവഴിച്ചു. 2018-19 വർഷം 15 ഗുണഭോക്താക്കൾക്ക് എൽ.എസ്.ജി.ഡി ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ 15,000/- രൂപ വീതം ആകെ 2,25,000/- രൂപ ചെലഴിച്ചു. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 03.04.2017-ലെ ജി.ഒ.(എം.എസ്) നം.80/2017 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾക്ക് ഇതിനുമുമ്പ് സ്വയംതൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമില്ല. പെട്ടിക്കട തുടങ്ങാൻ ഉദ്ദേശിക്കുന്ന സ്ഥലം ഏതെന്നോ കച്ചവടത്തിന് സ്ഥലം അനുയോജ്യമാണെന്നോ ഉള്ള വിവരങ്ങൾ ഇല്ല. ആദ്യ വർഷം നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാൻ പാടുള്ളൂ എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. പെട്ടിക്കട നിർമ്മിച്ചുനൽകിയ/വില്പന നടത്തിയവർക്കാണ് സബ്സിഡി നൽകേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് തുക നൽകിയത്. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വറിക്ക് (നം.33/20.08.2019)ഗുണഭോക്തൃ മീറ്റിംഗിലെ അഭിപ്രായപ്രകാരം ഗുണഭോക്താവ് സ്വന്തമായി പെട്ടിക്കട നിർമ്മിച്ചുകൊള്ളാമെന്ന് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓവർസീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് തുക നൽകിയതെന്നാണ് മറുപടി നൽകിയത്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയിടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
2. 2017-18 വർഷം അഡ്വാൻസ് കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ പെട്ടിക്കട നിർമ്മാണം നടത്തി രണ്ടാം ഗഡു കൈപ്പറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/20.8.19) ഗുണഭോക്താക്കളോട് എത്രയും പെട്ടെന്ന് പ്രവൃത്തി പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടെന്ന് വി.ഇ.ഒ. മറുപടി നൽകി. ഇവരുടെ പെട്ടിക്കടനിർമ്മാണം എത്രയും വേഗം പൂർത്തിയാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ മുൻകൂർ ഗുണഭോക്താക്കളിൽനിന്നും പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്തക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അഡ്വാൻസ് തുക | ബിൽ നം/തീയതി |
|---|---|---|---|
| 1 | സുബൈദ, വടക്കേ കളരിക്കൽ | 15000 | 23/2017-18<br>13.03.2018<br>തുക 165000/- |
| 2 | ഗിരീഷ് കുമാർ വി | 15000 | 23/2017-18<br>13.03.2018<br>തുക 165000/- |
| 3 | സുഹറ കോയ, മുടവുകാട് | 15000 | 27/2017-18<br>16.03.2018<br>തുക 45000/- |

## 1-40 വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ വിതരണം നടത്തിയതിന്റെ പ്രതിഫലം - സർക്കുലറിന് വിരുദ്ധം

ഗ്രാമപഞ്ചായത്തിലെ 2019 ഫെബ്രുവരി മാസത്തെ 21801149 നമ്പർ വൗച്ചർ പ്രകാരം (ചെക്ക് നം. 814466/25.02.2019) വസ്തുനികുതി ഡിമാന്റ് നോട്ടീസുകൾ 22 വാർഡുകളിലായി വിതരണം നടത്തിയതിന് നോട്ടീസ് ഒന്നിന് 5/- രൂപ നിരക്കിൽ 50,950/- രൂപ കുടുംബശ്രീ പ്രവർത്തകർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. വൗച്ചറിനൊപ്പം ഹാജരാക്കിയിട്ടുള്ള സർക്കുലർ നം. 55247/ഐ.എ1/14/തസ്വഭവ, തീയതി. 06.02.2015 പ്രകാരം വാർഡുകളിൽ സ്ഥാപിക്കുന്ന ഗ്രാമകേന്ദ്രങ്ങളിലെ വിവിധ സേവനങ്ങൾക്കായി നിശ്ചിത യോഗ്യതകളുടെ അടിസ്ഥാനത്തിൽ ഫെസിലിറ്റേറ്ററായി നിയമിക്കപ്പെടുന്നവർക്ക് ഓണറേറിയത്തിന് പുറമേ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് ഒരു നോട്ടീസിന് 5/- രൂപ നിരക്കിൽ നൽകാവുന്നതാണ്. എന്നാൽ ഇവിടെ കുടുംബശ്രീ പ്രവർത്തകർക്കാണ് തുക നൽകിയിരിക്കുന്നത്. ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/20.08.2019) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ ഗ്രാമകേന്ദ്രങ്ങളിലെ ഫെസിലിറ്റേറ്റർമാരായി നിയമിക്കാത്തവർക്ക് ക്രമപ്രകാരമല്ലാതെ അനുവദിച്ച 50,950/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) - നിർവ്വഹണത്തിലെ വീഴ്ച

ഗ്രാമ പഞ്ചായത്തിൽ ഗാർഹിക കുടിവെള്ള കണക്ഷൻ (ജനറൽ) നൽകുന്നതിനായി അംഗീകാരം ലഭിച്ച S0020/19 നമ്പർ പ്രോജക്ടിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും 14,00,000/- രൂപയും തനതുഫണ്ട് 7,60,000/- രൂപയും ഉൾപ്പെടെ 21,60,000/- രൂപ വകയിരുത്തിയിരുന്നു. 540 ഗുണഭോക്താക്കൾക്ക് 4,000/- രൂപ വീതം ആകെ 21,60,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് കമ്മറ്റിയുടെ 07.12.2018-ലെ തീരുമാനം 1(9) പ്രകാരം 2018-19 വർഷത്തെ ഗാർഹിക കുടിവെള്ള സബ്സിഡിക്കുള്ള ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഓരോ വാർഡിൽനിന്നും 20 പേരെ ലഭിക്കാത്ത സാഹചര്യത്തിൽ കൂടുതൽ ഗുണഭോക്താക്കളെ ലഭിക്കുന്ന വാർഡുകളിൽ നിന്നും അധികരിച്ച എണ്ണം ഗുണഭോക്താക്കളെ എടുക്കാവുന്നതാണെന്നും 2010-ന് ശേഷം ഗാർഹിക കുടിവെള്ള കണക്ഷൻ എടുത്ത ഗുണഭോക്താക്കൾ ആയിരിക്കണമെന്നും തീരുമാനിച്ചു. 2010 നുശേഷം കണക്ഷൻ എടുത്ത ഗുണഭോക്താക്കൾക്ക് 2018-19 വർഷം ആനുകൂല്യം നൽകുന്നത് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. 2018-19 വർഷം കുടിവെള്ള കണക്ഷൻ എടുക്കേണ്ടവരെ ഗ്രാമസഭവഴി തെരഞ്ഞെടുക്കുകയും കണക്ഷൻ എടുത്ത് രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് ആനുകൂല്യം നൽകുകയുമാണ് ചെയ്യേണ്ടത്.

വ്യക്തിഗതമായ സബ്സിഡി, ഗുണഭോക്താക്കൾ മുതൽമുടക്കുന്നത് പ്രത്സാഹിപ്പിക്കുന്നതിന് വേണ്ടിയാണെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ല, വർഷങ്ങൾക്കുമുമ്പേ കണക്ഷൻ ഉള്ളവർ പ്രോജക്ടിന്റെ ഗുണഭോക്താക്കൾ ആകുന്നില്ല. ഗ്രാമ പഞ്ചായത്തിൽ തുടർച്ചയായി എല്ലാ വർഷവും എസ്.സി., എസ്.ടി., പൊതുവിഭാഗങ്ങളിൽപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. അതത് സാമ്പത്തിക വർഷങ്ങളിൽ ധനസഹായം നൽകുന്നതിന് സാഹചര്യമുണ്ടായിട്ടും 2010 മുതലുള്ള ഗുണഭോക്താക്കളെ പരിഗണിച്ചത് എന്തിനെന്ന് വ്യക്തമല്ല. മാത്രമല്ല, ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് ഇതിനുമുമ്പ് കുടിവെള്ള കണക്ഷന് ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതുവരെ കുടിവെള്ള കണക്ഷൻ നൽകിയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ/ ഫയൽ സൂക്ഷിച്ചിട്ടില്ലാത്തിനാൽ മുമ്പ് ധനസഹായം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാൻ കഴിയില്ല. പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-42 അഗതി ആശ്രയ ഭവനനിർമ്മാണം

**(എ) <u>ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല</u>.**

അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ ഭവനനിർമ്മാണത്തിനായി അംഗീകാരം ലഭിച്ച S0019/19 പ്രോജക്ടിൽ വികസനഫണ്ട് 4,00,000/- രൂപയും തനതുഫണ്ട് 4,40,000/- രൂപയും ബ്ലോക്ക് വിഹിതം 1,60,000/- രൂപയും

ഉൾപ്പെടെ 10,00,000/- രൂപ വകയിരുത്തിയിരുന്നു. 2018-19 വർഷം രണ്ട് ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി 8,00,000/- രൂപയും മുൻവർഷത്തെ രണ്ടുഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് കുറവ് വന്ന തുക 2,00,000/- രൂപയും ഉൾപ്പെടെയാണ് 10,00,000/- രൂപ അടങ്കൽ തയ്യാറാക്കിയിട്ടുള്ളത്. ഇതനുസരിച്ച് 10 ലക്ഷം രൂപ കുടുംബശ്രീ സി.ഡി.എസ്.ന് നൽകിയിട്ടുണ്ട്. സമൂഹത്തിൽ അവശത അനുഭവിക്കുന്ന അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികമായ ഉന്നമനത്തിനായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ല. കുടുംബശ്രീ സി ഡി എസിൽ നിന്നും ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ആശ്രയ ഭവനപദ്ധതി ഒന്നാം ഘട്ട ലിസ്റ്റിൽ ഉൾപ്പെട്ട സ്വന്തമായി ഭൂമി ഇല്ലാത്ത 7 കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് മാത്രമാണ് ഭൂമി ലഭ്യമായത്. സ്വന്തമായി വീടില്ലാത്ത 34 കുടുംബങ്ങളിൽ 18 കുടുംബങ്ങൾക്ക് അഗതി ആശ്രയ പദ്ധതിയിൽപ്പെടുത്തിയും ബാക്കി 16 കുടുംബങ്ങൾക്ക് ഇ.എം.എസ് ഭവനപദ്ധതിയിലും ഉൾപ്പെടുത്തി വീട് ലഭിച്ചു. ആശ്രയ ഭവനപദ്ധതി രണ്ടാം ഘട്ട ലിസ്റ്റിൽ ഉൾപ്പെട്ട സ്വന്തമായി ഭൂമി ഇല്ലാത്ത 6 കുടുംബങ്ങളിൽ ആർക്കും ഭൂമി ലഭിച്ചില്ല. സ്വന്തമായി വീടില്ലാത്ത 14 കുടുംബങ്ങളിൽ 2 കുടുംബങ്ങൾക്ക് അഗതി ആശ്രയ പദ്ധതിയിൽപ്പെടുത്തിയും ബാക്കി 12 കുടുംബങ്ങൾക്ക് ഐ.എ.വൈ ഭവനപദ്ധതി പ്രകാരവുമാണ് വീട് ലഭിച്ചത്. അഗതി കുടുംബങ്ങളുടെ സാമൂഹികവും, ശാരീരികവും, ആരോഗ്യപരവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഈ വിഭാഗത്തിന് മുൻഗണന നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

2018-19 വർഷം 10 ലക്ഷം രൂപ കുടുംബശ്രീ സി ഡി എസിന് നൽകിയതിൽ ഭവന നിർമ്മാണത്തിനായി 3,40,000/- രൂപയും മുൻവർഷത്തെ രണ്ട് ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനായി 2,00,000/- രൂപയും ഉൾപ്പെടെ 5,40,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ശ്രീമതി. ഇന്ദിര ഷൺമുഖൻ, ഒറ്റതെങ്ങുങ്കൽ 3,00,000/- രൂപയും ശ്രീമതി. ഷീബ ഉണ്ണി, മറുത്തറക്കളം 40,000/- രൂപയുമാണ് ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുള്ളത്. ബാക്കി 4,60,000/- രൂപ (8,00,000-3,40,000) ചെലവഴിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്.

**ബി) <u>അഗതി രഹിത കേരളം – ബാങ്ക് അക്കൗണ്ടിൽ 20.26 ലക്ഷം രൂപ അവശേഷിക്കുന്നു</u>**

അഗതിരഹിത കേരളം എന്ന പേരിലുള്ള എസ്.ബി.ഐ അരൂർ ശാഖയിലെ 38303725467 അക്കൗണ്ടിൽ 29.06.2019-ൽ 20,26,520/- രൂപ ബാലൻസുണ്ട്. ഈ തുക ഏതിനത്തിലുള്ളതാണെന്ന് അറിയിക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 46/22.8.19) നൽകിയതിൽ 2013-14 വർഷം മുതലുള്ള പ്ലാൻ ഫണ്ട് തുകകളും ഉൾപ്പെടുന്നതായി സി ഡി എസിൽ നിന്നും അറിയിച്ചിട്ടുണ്ട്. അഗതി ആശ്രയ വിഭാഗത്തിൽപ്പെട്ടവർക്ക പ്രയോജനപ്രദമാകേണ്ട തുക ഇങ്ങനെ സി ഡി എസ് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നത് നിരാശാജനകമാണ്. സർക്കാർ ഫണ്ട് സി.ഡി.എസിന്റെ അക്കൗണ്ടിൽ നിഷ്ക്രിയമായി വർഷങ്ങളോളം തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. ഈ ബാലൻസിൽ നിന്നും സർക്കാർ ഫണ്ട് കണ്ടെത്തി പലിശസഹിതം തിരിച്ചടക്കുന്നതിനുള്ള സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-43 വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) - പ്രവൃത്തി പൂർത്തിയാക്കിയില്ല

വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കൽ (ജനറൽ) എന്ന S0048/19 നമ്പർ പ്രോജക്ടിൽ വികസനഫണ്ട് 36,69,440/- രൂപയും തനതുഫണ്ട് 16,10,560/- രൂപയും ഉൾപ്പെടെ 52,80,000/- രൂപയാണ് വകയിരുത്തിയത്. 176 ഗുണഭോക്താക്കൾക്ക് 30,000/- രൂപ വീതം ധനസഹായം നൽകുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. 158 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ ഗുണഭോക്താക്കളായ താഴെ പറയുന്നവർ 15,000/- രൂപ മുൻകൂർ കൈപ്പറ്റിയിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക | ബിൽ നം./തീയതി |
|---|---|---|---|
| 1 | മധു.കെ.വി., കൈതവളപ്പിൽ, അരൂർ | 15000 | 14/2018-19/02.11.2018 180000/- |
| 2 | കനകമ്മ, അഞ്ചുതൈക്കൽ | 15000 | 15/2018-19/29.11.2018 405000/- |
| 3 | വിളമക്കുട്ടി ജോസഫ്, പറപ്പള്ളിൽ(കോതാട്ട്), അരൂർ | 15000 | 15/2018-19/29.11.2018 405000/- |
| | | | |

| | | | |
|---|---|---|---|
| 4 | ഏലിക്കുട്ടി, വാഴക്കോലിച്ചിറ, അരൂർ | 15000 | 15/2018-19/29.11.2018 405000/- |
| 5 | ഹഫ്സാബീവി, കോനാട്ട്പൊക്കലിൽ, അരൂർ | 15000 | 15/2018-19/29.11.2018 405000/- |
| 6 | ജെൻസൺ, അങ്കമാലിവെളി ലക്ഷംവീട്, അരൂർ | 15000 | 16/2018-19/10.12.2018 255000/- |
| 7 | പി.വി.പുഷ്പൻ, പുതുക്കാട്, അരൂർ | 15000 | 17/2018-19/21.12.2018 165000/- |
| 8 | സോമൻ.കെ.എം, കളത്തിച്ചിറ, ചന്തിരൂർ | 15000 | 17/2018-19/21.12.2018 165000/- |
| 9 | സൂസമ്മ അഗസ്റ്റിൻ, കാകന, അരൂർ | 15000 | 18/2018-19/27.12.2018 165000/- |
| 10 | പുരുഷൻ. എൻ.എ., കുട്ടുങ്കൽ, ചന്തിരൂർ | 15000 | 18/2018-19/27.12.2018 165000/- |
| 11 | ഗൗരി രവീന്ദ്രൻ, തുമ്പുംകടവിൽ, ചന്തിരൂർ | 15000 | 19/2018-19/07.01.2019 360000/- |
| 12 | ഷെരീഫ, ചിറയിൽ, ചന്തിരൂർ | 15000 | 19/2018-19/07.01.2019 360000/- |
| 13 | സാംബുജവല്ലി, കൊറ്റിലക്കാട്ട്, അരൂർ | 15000 | 19/2018-19/07.01.2019 360000/- |
| 14 | പി.എം.ജോസഫ്, പീടികകളത്തിൽ, അരൂർ | 15000 | 20/2018-19/06.01.2019 195000/- |
| 15 | രജനി അശോകൻ, കരിപ്പാറപ്പള്ളിൽ, അരൂർ | 15000 | 20/2018-19/06.01.2019 195000/- |
| 16 | വേലായുധൻ, കളത്തിൽവീട്, അരൂർ | 15000 | 22/2018-19/25.01.2019 360000/- |
| 17 | അമ്പിളി ധർമ്മജൻ, നെടുംപുറത്ത്നികർത്ത്, അരൂർ | 15000 | 22/2018-19/25.01.2019 360000/- |
| 18 | ഫിലോമിന, വള്ളവനാട്ട്, ചന്തിരൂർ | 15000 | 24/2018-19/12.02.2019 90000/- |
| 19 | ആന്റണി, നടുവിലത്തറ, അരൂർ | 15000 | 25/2018-19/25.02.2019 90000/- |
| 20 | സന്തോഷ്.കെ.ജി., കൊച്ചുപറമ്പിൽ, അരൂർ | 15000 | 25/2018-19/25.02.2019 90000/- |
| 21 | ജോസ്. പി സി, പാറ്റുവീട്ടിൽ, ചന്തിരൂർ | 15000 | 26/2018-19/28.02.2019 90000/- |
| 22 | സേവ്യർ വർഗ്ഗീസ്, മാർക്കണ്ടേഴത്ത് നികർത്ത്, ചന്തിരൂർ | 15000 | 26/2018-19/28.02.2019 90000/- |
| 23 | മണി, മാളിയേക്കൽ, ചന്തിരൂർ | 15000 | 27/2018-19/28.02.2019 90000/- |
| 24 | ഷിബുകുമാർ, കളത്തിൽ, അരൂർ | 15000 | 28/2018-19/02.03.2019 90000/- |
| 25 | അന്നംകുട്ടി വർഗ്ഗീസ് (ആന്റണി), പടിക്കപ്പറമ്പിൻ | 15000 | 28/2018-19/02.03.2019 90000/- |
| 26 | രത്നമ്മ, കിഴക്കേചേരുങ്കൽ, അരൂർ | 15000 | 29/2018-19/02.03.2019 90000/- |
| 27 | ഭാസുര, ഒറ്റതെങ്ങുങ്കൽ, അരൂർ | 15000 | 29/2018-19/02.03.2019 90000/- |
| 28 | ബേബി പത്മനാഭൻ, ഒറ്റതെങ്ങുങ്കൽ, അരൂർ | 15000 | 30/2018-19/06.03.2019 90000/- |
| 29 | വിശ്വംഭരൻ പിള്ള, കിഴക്കേവേലിക്കകത്ത്, അരൂർ | 15000 | 31/2018-19/06.03.2019 90000/- |
| 30 | ലക്ഷ്മി ഗംഗാധരൻ, നാനാട്ടുനികർത്തിൽ, അരൂർ | 15000 | 31/2018-19/06.03.2019 90000/- |
| 31 | ശ്യാമള രാധാകൃഷ്ണൻ നായർ, വടാത്തല വീട്, അരൂർ | 15000 | 31/2018-19/06.03.2019 90000/- |
| 32 | തിലോത്തമ എ സി, നടുവിലത്തറ | 15000 | 31/2018-19/06.03.2019 90000/- |
| 33 | ആന്റണി. പി.എൽ, പടിക്കപ്പറമ്പിൽ, അരൂർ | 15000 | 32/2018-19 /12.03.2019 90000/- |

37 ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തീകരിക്കാത്തതായാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുള്ളത്. എന്നാൽ 33 പേരുടെ വിവരങ്ങളാണ് ഓഡിറ്റിന് നൽകിയത്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുടെ വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.54/23.08.2019) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ കൈപ്പറ്റി പ്രവൃത്തി പൂർത്തിയാക്കാത്ത എല്ലാ ഗുണഭോക്തക്കളേയും കണ്ടെത്തി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വരനടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കാത്തപക്ഷം നൽകിയ മുൻകൂർ പലിശസഹിതം ഗുണഭോക്താക്കളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന

തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതും രജിസ്റ്റർ തയ്യാറാക്കി ഹാജരാക്കേണ്ടതുമാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-44 ഒരേ ഇനം ചെലവുകൾക്കായി വ്യത്യസ്ത പ്രോജക്ടുകൾ തയ്യാറാക്കി വാങ്ങൽ നടത്തുന്നു.

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം നടത്തിയ വാങ്ങലുകൾ പരിശോധിച്ചതിൽ, ഒരേയിനം ചെലവുകൾ പല പ്രോജക്ടുകൾ വഴിയും പ്രോജക്ടുകൾ വഴിയല്ലാതെയും നടത്തുന്നതായി കാണുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള ജി.ഒ. (പി) 259/2010 ത.സ്വ.ഭ.വ. തീയതി.08.11.2010 മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. ഓഫീസ് ഉപകരണം, ഫർണീച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങണമെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇതിനുവിരുദ്ധമായാണ് ഗ്രാമ പഞ്ചായത്തിൽ ഫർണീച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുള്ളത്. കമ്പ്യൂട്ടർ വാങ്ങുന്നതിനായി, പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ S0450/19, എ.ഇ ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ S0449/19, എൻ. ആർ.ഇ.ജി.എസ്. ഓഫീസിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ S0448/19 എന്നിങ്ങനെ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 3 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി, കൃഷിഭവൻ അടിസ്ഥാനസൗകര്യം S0170/19എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഇതുകൂടാതെ, ആയുർവേദാശുപത്രിക്ക് മോണിറ്റർ, ഗ്രാമ പഞ്ചായത്തിലെ സി4 സെക്ഷനിലേക്ക് മോണിറ്റർ എന്നിവ പ്രോജക്ട് വഴിയല്ലാതെയും വാങ്ങി.

പഞ്ചായത്ത് ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ S0334/19 എന്ന പ്രോജക്ടിൽ കൈരളി ഫർണീഷേഴ്സിൽ നിന്നും ഫർണിച്ചർ വാങ്ങി. ഇതു കൂടാതെ അത്രൂർ ആയുർവേദാശുപത്രിയിലേക്ക് ആവശ്യമായ ഫർണിച്ചറും വി.ഇ.ഒ ഓഫീസ്, കോൺഫറൻസ് ഹാൾ എന്നിവയിലേക്ക് കമ്പ്യൂട്ടർ ടേബിളും പ്രോജക്ട് വഴിയല്ലാതെ വാങ്ങി. ഇതുകൂടാതെ, കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി, കൃഷിഭവൻ അടിസ്ഥാനസൗകര്യം S0170/19എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി സിഡ്കോയിൽ നിന്നും ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. ഒരുമിച്ച് ടെൻഡർ ക്ഷണിച്ച് വാങ്ങേണ്ടതിന് പകരം പലപ്പോഴായി ക്വട്ടേഷൻ ക്ഷണിച്ചാണ് ഇപ്രകാരം വാങ്ങൽ നടത്തിയിട്ടുള്ളത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി, നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.55/23.08.2019)മറുപടി ലഭ്യമാക്കിയില്ല. പ്രൊക്യുവർമെന്റ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വാങ്ങലുകൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-45 പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ - ചെലവ് സംബന്ധിച്ച് കൃത്യമായ കണക്കുകളില്ല - ചെലവ് പരിധി പാലിച്ചിട്ടില്ല

പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് പ്രവർത്തനങ്ങൾ (S0001/19) എന്ന പ്രോജക്ടിനായി വികസനഫണ്ടിൽ നിന്നും 2,00,000/- രൂപയും തനതുഫണ്ടിൽ നിന്നും 2,00,000/- രൂപയും ഉൾപ്പെടെ ആകെ 4,00,000/- രൂപയാണ് വകയിരുത്തിയത്. പ്രോജക്ടിന്റെ ഫയൽ പ്രകാരം വികസനഫണ്ടിൽ നിന്നും 2,00,000/- രൂപയും തനതുഫണ്ടിൽനിന്ന് 2,31,770/- രൂപയും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയൽ പ്രകാരമുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെലവിന്റെ വിശദാംശം | തുക | ബിൽ നം/ചെക്ക് നം./ തീയതി |
|---|---|---|---|
| 1 | ബാലഗ്രാമസഭ നോട്ടീസ് പ്രിന്റിംഗ് | 2744 | 5/11.06.2018 |
| 2 | പദ്ധതിരേഖ പ്രിന്റിംഗ് | 27615 | |
| 3 | വ്യക്തിഗത ആനുകൂല്യഫോറം | 118272 | |
| | | | |

| | | | |
|---|---|---|---|
| 4 | വർക്കിംഗ് ഗ്രൂപ്പ് യോഗം ഭക്ഷണച്ചെലവ് 2019-20 | 26000 | 25/17.12.2018 |
| 5 | കൃഷി അപേക്ഷാഫോറം 2019-20 | 12382 | 27/22.12.2018<br>725254/21.12.2018 |
| 6 | വർക്കിംഗ് ഗ്രൂപ്പ്, റൈറ്റിംഗ് പാഡ്, വികസനരേഖ, മത്സ്യഗ്രാമസഭ മുതലായവയുടെ നോട്ടീസ് പ്രിന്റിംഗ് 2019-20 | 16979 | |
| 7 | വർക്കിംഗ് ഗ്രൂപ്പ് ബാനർ 2019-20 | 2822 | |
| 8 | വികസന സെമിനാർ ബാനർ 2019-20 | 2974 | 814440/23.02.2019 |
| 9 | വികസന സെമിനാർ നോട്ടീസ്, കരട് പദ്ധതിരേഖ 2019-20 മുതലായവയുടെ പ്രിന്റിംഗ് | 20694 | |
| 10 | അന്തിമ പദ്ധതിരേഖ, ഗ്രാമസഭാ നോട്ടീസ്, വ്യക്തിഗത ആനുകൂല്യം ഫാറം ബുക്ക് മുതലായവ 2019-20 | 201288 | 814465/23.02.2019 |
| | ആകെ | 431770 | |

പ്രോജക്റ്റ് പ്രകാരം വകയിരുത്തിയതിലും കൂടുതൽ ഫയൽ പ്രകാരം തന്നെ ചെലവഴിച്ചതായി കാണുന്നു. പ്രിന്റിംഗ് ചെലവുകൾ മാത്രമാണ് (ക്രമ നം.4 ഒഴികെ) പ്രസ്തുത പ്രോജക്റ്റിന്റെ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി രൂപീകരണവും ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ഗ്രാമസഭ ചെലവുകൾ, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ സംഘാടന ചെലവുകൾ, ടെൻഡർ പരസ്യ ചെലവുകൾ മുതലായവ തനതുഫണ്ടിൽ നിന്നും ഈ പ്രോജക്റ്റിൽപ്പെടുത്തിയല്ലാതെ നൽകുന്നുണ്ട്. ഈ ചെലവുകൾ സംബന്ധിച്ച് കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നില്ല. 29.01.2018-ലെ സ.ഉ.(കൈ) നം. 11/2018/ത.സ്വ.ഭ.വ. പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണത്തിനായി വികസനഫണ്ടിന്റെ 2% പരമാവധി 3ലക്ഷം രൂപയും നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾക്കായി 1% പരമാവധി 1.5 ലക്ഷം രൂപയുമാണ് ചെലവഴിക്കാവുന്നത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് ചെലവുകളുടെ വൗച്ചറുകൾ പ്രത്യേകം സൂക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇത് പാലിച്ചിട്ടില്ല. 2018-19 വർഷത്തെ പ്രോജക്റ്റുകളുടെ മോണിറ്ററിംഗിനായി തുകയൊന്നും ചെലവഴിച്ചതായി കാണുന്നില്ല. മേൽ വിഷയങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.56/23.08.2019) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ച്, ഓരോ ഘട്ടത്തിലും ചെലവഴിക്കപ്പെടുന്ന തുകകളുടെ കണക്കുകളും വൗച്ചറുകളും പ്രത്യേകം സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-46 മരുന്നുകൾ/ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല

1. **<u>പ്രാഥമികാരോഗ്യകേന്ദ്രത്തിനു മരുന്നു വാങ്ങൽ (പ്രോജക്റ്റ് നം-38/18-19)</u>**

**(ബിൽ നം – 04/18-19/22.11.2018 Rs.2,50,000/-**

ടി പ്രോജക്റ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 2,50,000/-രൂപ കെ.എം.സി.എൽ ന് മരുന്നുകൾ ലഭ്യമാക്കുന്നതിനു മുൻകൂറായി നൽകിയിരുന്നു. എന്നാൽ മരുന്നുകൾ നാളിതുവരെ സ്ഥാപനത്തിൽ ലഭ്യമായതിന്റെ രേഖകൾ ഫയലിലുൾപ്പെടുത്തിയിട്ടില്ല. ആയത് ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നു ലഭ്യമാകുന്നതു വരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

2. **<u>ജീവിതശൈലി രോഗങ്ങൾക്കു മരുന്നും ഉപകരണങ്ങളും വാങ്ങൽ(പ്രോജക്റ്റ് നം-40/18-19)</u>**

**(ബിൽ നം.18/18-19/28.3.19-1,50,000/- ബിൽ നം.5/18-19/22.11.18-3,00,000/-)**

ടി പ്രോജക്റ്റ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഫണ്ടിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് പ്രകാരം 3,00,000/- രൂപ മരുന്ന്/ഉപകരണങ്ങൾ വാങ്ങുന്നതിനു കെ.എം.സി.എൽ ന് മുൻകൂറായി നൽകിയിരുന്നു. എന്നാൽ മരുന്നുകൾ/ഉപകരണങ്ങളും നാളിതുവരെ സ്ഥാപനത്തിൽ ലഭ്യമായതിന്റെ രേഖകൾ ഫയലിലുൾപ്പെടുത്തിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-47 തുടർ സാക്ഷരത പരിപാടികൾ - ചെലവുരേഖകളില്ല

അരൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ് ഗവ.ഫിഷറീസ് എൽ.പി.എസ് നടപ്പിലാക്കിയ തുടർ സാക്ഷരത പരിപാടികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. **<u>പന്ത്രണ്ടാംതരം തുല്യത (പ്രോജക്റ്റ് നം-57/19)</u>**

ബിൽ നം-03/18-19 Rs.68100/- c/o 11/01/19

ബിൽ നം-09/18-19 Rs.23200/- c/o 08/03/19

കേരള സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന ഹയർ സെക്കണ്ടറി തുല്യത പരീക്ഷയുടെ പരീക്ഷാഫീസ്, പഠനോപാധികൾ എന്നിവക്കായി ഒരു വിദ്യാർത്ഥിക്ക് 2500/- രൂപ നിരക്കിലാണ് ഫീസ് നൽകേണ്ടത്. സാക്ഷരത പ്രേരക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷം രജിസ്റ്റർ ചെയ്ത 26 പേർക്ക് 65000/- (26x2500) രൂപയാണ് ഫീസ് അടക്കേണ്ടത്. എന്നാൽ 91300/- രൂപ ഫീസായി അടച്ചിട്ടുണ്ട്. ഈ തുകയുടെ കൈപ്പറ്റ് വിവരങ്ങളും ലഭ്യമല്ല.

2. **<u>പത്താം തരം തുല്യത (പ്രോജക്റ്റ് നം-53/19)</u>**

ബിൽ നം-02/18-19 Rs.27750/- c/o 11/01/19

ബിൽ നം-08/18-19 Rs.9250/- c/o 08/03/19

കേരള സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന പത്താംതരം തുല്യത പരീക്ഷയുടെ പരീക്ഷാഫീസ്, പഠനോപാധികൾ എന്നിവക്കായി ഒരു വിദ്യാർത്ഥിക്ക് 1,850/- രൂപ നിരക്കിലാണ് ഫീസ് നൽകേണ്ടത്. സാക്ഷരത പ്രേരക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം 28 പേരാണ് തൻവർഷം രജിസ്റ്റർ ചെയ്തത്. ഇതുപ്രകാരം 51800/- (28x1850) രൂപയാണ് ഫീസ് നൽകേണ്ടത്. എന്നാൽ 37000/- രൂപ മാത്രമാണ് ഫീസായി നൽകിയത്. ഈ തുകയുടെ കൈപ്പറ്റ് വിവരങ്ങൾ ലഭ്യമല്ല.

3. **<u>നവചേതന (പ്രോജക്റ്റ് നം-157/19)</u>**

ബിൽ നം-12/18-19 Rs.66400/- c/o 27/03/19

അരൂർ ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡ് വെളുത്തുള്ളി കോളനിയിലെ തുടർ പഠിതാക്കൾക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന പഠനോപാധികൾ, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന പദ്ധതിക്കായി 66,400/-രൂപ ഹെഡ്മിസ്ട്രസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പ്ലാൻ ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സാക്ഷരത പ്രേരക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ പദ്ധതിക്കായി തിരഞ്ഞെടുത്ത 20 പേരുടെ പേരുവിവരങ്ങളല്ലാതെ പദ്ധതി ചെലവുകളുടെ യാതൊരുരേഖകളും ഹാജരാക്കിയിട്ടില്ല.

4. **<u>അക്ഷരലക്ഷം (പ്രോജക്റ്റ് നം-158/19)</u>**

ബിൽ നം-11/18-19 Rs.50,000/- c/o 27/03/19

അരൂർ ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ തുടർ പഠിതാക്കൾക്ക് കേരള സംസ്ഥാന സാക്ഷരത മിഷൻ നടത്തുന്ന പഠനോപാധികൾ, സർട്ടിഫിക്കറ്റ് എന്നിവ നൽകുന്ന പദ്ധതിക്കായി 50,000/-രൂപ ഗവ.ഫിഷറീസ് സ്കൂൾ ഹെഡ്മിസ്ട്രസിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് (A/C No-3587101001280 IFSC- CNRB0003587) പ്ലാൻ ഫണ്ടിൽ (ജനറൽ) നിന്നും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സാക്ഷരത പ്രേരക് നൽകിയ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ പദ്ധതിക്കായി തിരഞ്ഞെടുത്ത 15 പേരുടെ പേരുവിവരങ്ങളല്ലാതെ പദ്ധതിയിലെ ചെലവുകളുടെ യാതൊരു രേഖകളും ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ പദ്ധതികൾക്കായി ചെലവഴിച്ച 2,44,700/- രൂപയുടെ (91300+37000+66400+50000) ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പദ്ധതികളുമായി ബന്ധപ്പെട്ട ചെലവിന്റെ രേഖകളും നൽകിയ തുകകളുടെ കൈപ്പറ്റ്, പഠിതാക്കളുടെ ഹാജർ രജിസ്റ്റർ, പരീക്ഷയിൽ പങ്കെടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്. സംസ്ഥാന സാക്ഷരതാ മിഷനിൽ പഠിതാക്കളുടെ എണ്ണത്തിൽ അധികരിച്ച് തുക ഒടുക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-48 ഫർണ്ണീച്ചർ വാങ്ങൽ -അപാകങ്ങൾ

അരൂർ ഗ്രാമപഞ്ചായത്തിൽ ഹെഡ്മിസ്ട്രസ് ഗവ.ഫിഷറീസ് എൽ.പി.എസ് നടപ്പിലാക്കിയ **എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ** വാങ്ങൽ, ചൈൽഡ് ഫ്രണ്ട്ലി ടേബിൾ & ചെയർ വാങ്ങൽ എന്നീപദ്ധതികളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. **<u>എസ്.സി വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ (പ്രോജക്ട് നം-56/19)</u>**

| | |
|---|---|
| ബിൽ നം-05/18-19 | Rs.180750/- c/o 17/01/19 |
| ബിൽ നം-08/18-19 | Rs.65,000/- c/o 16/02/19 |
| ബിൽ നം-14/18-19 | Rs.51,250/- c/o 29/03/19 |
| ആകെ | 2,97,000/- |

ഈ പദ്ധതിക്കായി പ്ലാസ എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്നും 3,750/- രൂപ നിരക്കിൽ 60 ടേബിൾ, 1,200/- രൂപ നിരക്കിൽ 60 ചെയറുകൾ എന്നിവ വാങ്ങിയിട്ടുണ്ട്. പദ്ധതിയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെപ്പറയുന്നു.

സർക്കാർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതർ വഴിയാണ് ഫർണ്ണീച്ചർ വിതരണം നടത്തേണ്ടത്. ഒരു വിദ്യാർത്ഥിക്ക് ഒരുതവണ മാത്രമാണ് ഈ ആനുകൂല്യം നൽകാവുന്നത്. സർക്കാരിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ ഈ ആനുകൂല്യം മുൻപ് ലഭ്യമായിട്ടില്ല എന്ന രേഖകൾ പരിശോധിച്ച് ഉറപ്പാക്കണം. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭ വഴി അംഗീകരിക്കണം. ഈ പദ്ധതിയ്ക്ക് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക പ്രകാരമല്ലാത്ത ധാരാളം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകാതെ പുറമേ നിന്നുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യവിതരണം നടത്തിയത് ഗ്രാമസഭകളിൽ സാധൂകരിച്ചതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല.

2. **<u>ചൈൽഡ് ഫ്രണ്ട്ലി ടേബിൾ & ചെയർ (പ്രോജക്ട് നം-363/19)</u>**

| | |
|---|---|
| ബിൽ നം-04/18-19 | Rs.2,11,314/- c/o 17/01/19 |
| ബിൽ നം-06/18-19 | Rs.2,85,274/- c/o 04/03/19 |
| ആകെ | 4,96,588/- |

**ഈ പദ്ധതിക്കായി കേരള സിഡ്കോയിൽ നിന്നും നേരിട്ട് 5,060/- രൂപ നിരക്കിൽ (excl.GST @ 18%) 47 എണ്ണം ചൈൽഡ് ഫ്രണ്ട്ലി ടേബിൾ (back rest-Hardwood with multicolor painting), 3,894/- രൂപ നിരക്കിൽ (excl.GST @ 18%) 47 എണ്ണം ചൈൽഡ് ഫ്രണ്ട് ലി ചെയർ (box type-Hardwood with multicolor painting) എന്നിവ വാങ്ങിയിട്ടുണ്ട്. ഇതിന്റെ സ്റ്റോക്ക്, വിതരണവിവരങ്ങൾ എന്നിവ ഹാജരാക്കിയിട്ടില്ല. സിഡ്കോ ഉത്പാദിപ്പിക്കുന്ന സർക്കാർ അംഗീകൃത നിരക്കിലുള്ള ഫർണ്ണീച്ചറുകൾ മാത്രമാണ് ടെണ്ടറില്ലാതെ നേരിട്ട് വാങ്ങാവുന്നത്. സിഡ്കോയുടെ ആഞ്ഞിലി, തേക്ക് തടി ഫർണ്ണീച്ചറുകൾക്കാണ് സർക്കാർ നിരക്ക് അംഗീകരിച്ച് ഉത്തരവുള്ളത്. സിഡ്കോയുടെ ഹാർഡ്വുഡ് ഫർണ്ണീച്ചറുകൾ വാങ്ങുന്നതിനുള്ള അനുമതി നൽകിയുള്ള സർക്കാർ ഉത്തരവും നിരക്കും ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ ഫർണ്ണീച്ചറുകളുടെ സ്റ്റോക്ക് വിവരങ്ങളോ വിതരണവിവരങ്ങളോ ഹാജരാക്കിയിട്ടില്ല.**

**ജി.ഒ.(പി) നം. 259/2010/LSGD ഉത്തരവിലെ തദ്ദേശസ്ഥാപനങ്ങളുടെ വാങ്ങൽ മാർഗ്ഗരേഖ, സബ്സിഡി മാർഗ്ഗരേഖ എന്നിവ പ്രകാരം പദ്ധതികളുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിനും ബാധകമായ നികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.**

# 1-49 വിനിയോഗരേഖകളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

**1) <u>അങ്കണവാടി നിർമ്മാണം</u>**

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ അങ്കണൻവാടി നിർമ്മാണം (വാർഡ് 22) S0344/19, അങ്കണവാടി നിർമ്മാണം (വാർഡ് 6) S0360/19 എന്നിങ്ങനെ രണ്ടു പ്രോജക്ടുകൾക്കായി തനതുഫണ്ടിൽ നിന്നും 5,80,000/- രൂപ വീതം വകയിരുത്തിയിരുന്നു. 15.03.2017-ലെ സ.ഉ.(സാധാ) നം. 148/2017/സാ.നീ.വ. കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഉത്തരവ് പ്രകാരം കെട്ടിടത്തിന്റെ ആകെ നിർമ്മാണചെലവായ 14.5 ലക്ഷം രൂപയുടെ 60% തുക സംസ്ഥാനസർക്കാരും 40% തുക തദ്ദേശ ഭരണ സ്ഥാപനവും വഹിക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ രണ്ടു പ്രോജക്ടുകൾക്കായി പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകേണ്ട 40% തുകയായ 580000 രൂപ വീതം 11,60,000/- രൂപ (ചെക്ക് നം.1838161/15.01.2019) തനതുഫണ്ടിൽ നിന്നും പിൻവലിച്ച് 8843-00-108 PWD എന്ന ശീർഷകത്തിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/13.08.2019) വിവരം പൊതുമരാമത്ത് കെട്ടിടവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കൽനിന്നും ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ 11,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**2) <u>ഐ.കെ.എം. വിഹിതം നൽകൽ</u>**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഐ.കെ.എം. വിഹിതം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച S005/19-ാം നമ്പർ പ്രോജക്ടിൽ വികസനഫണ്ടിൽ നിന്നും 1,38,605/- രൂപ വകയിരുത്തിയിരുന്നു. 1,38,605/- രൂപ ബിൽ നം.7/11.06.2018 പ്രകാരം ഇൻഫർമേഷൻ കേരള മിഷന് നൽകിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം എന്നിവ ഓഡിറ്റ് എൻക്വയറി (നം. 7/13.08.2019) മുഖേന ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്ത സാഹചര്യത്തിൽ 1,38,605/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**3). <u>സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ- കെ.എസ്.ഇ.ബിയിൽ ഡെപ്പോസിറ്റ് ചെയ്ത തുക വിനിയോഗിക്കപ്പെട്ടിട്ടില്ല</u>**

ഗ്രാമ പഞ്ചായത്തിൽ 2018-19 വർഷം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി S0201/19, S0022/19 എന്നിങ്ങനെ രണ്ടു പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. S0201/19 നമ്പർ പ്രോജക്ടിന് തനതുഫണ്ട് 10,00,000/- രൂപയും ജില്ലാപഞ്ചായത്ത് വിഹിതം 10,00,000/- രൂപയും ഉൾപ്പെടെ 20,00,000/- രൂപയും S0022/19 തനതുഫണ്ട് 5,00,000/- രൂപയുമാണ് വകയിരുത്തിയത്. ഈ പ്രോജക്ടുകൾ പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്കായി ആകെ 16,21,092/- രൂപ കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് ഇതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കെ.എസ്.ഇ.ബി.യും ഗ്രാമ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുമില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/13.08.2019) പ്രവൃത്തി ഉടൻതന്നെ പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ മുൻനിർത്തി 16,21,092/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | 20-ാം വാർഡിലെ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ - കളത്തിൽ പാലാറോഡ്, ചിതലുവെളി റോഡ്, നമ്പർ 1 അങ്കണവാടി റോഡ്, മറ്റത്തുവെളി നടപ്പാത റോഡ് | 444235 | 725277/04.01.2019-307239/-<br>1484813/26.02.2019 – 323825/-<br>1838176/26.02.2019 _ 444235/-<br>814552/28.03.2019 – 545793/- |
| 2 | 9,15,16 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 637943 | |
| 3 | വാർഡ് 21-ൽ ഹോളി ഫാമിലി കരിശുപള്ളി റോഡ് - അമ്മനേഴം അമ്പലം റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 119016 | |
| 4 | വാർഡ് 17-ൽ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 219121 | |
| 5 | വാർഡ് 19-ൽ കരിപ്പാറപ്പള്ളി - ആലുങ്കൽ റോഡ്, തൊഴത്തിൽ റോഡ് എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 200777 | |
| | ആകെ | 1621092 | |

2018-19 വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 21,06,052/- രൂപ വിനിയോഗിക്കപ്പെട്ടിട്ടില്ല. ഇതിൽ 2018-19 ൽ നിക്ഷേപിച്ച 16,21,092/- രൂപയും 2017-18 വർഷം സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനായി പ്രോജക്ട് നം. S0186/18 പ്രകാരം നിക്ഷേപിച്ച 4,84,960/- രൂപയും ഉൾപ്പെടുന്നു. പഞ്ചായത്ത് ഫണ്ട് കെ.എസ്.ഇ.ബിയിൽ നിഷ്ക്രിയമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ കൈക്കൊള്ളേണ്ടതും വിനിയോഗരേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ഭരണസമിതിയുടേയും അടിയന്തരശ്രദ്ധ ക്ഷണിക്കുന്നു.

4) <u>റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ</u>

1). റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനായി അംഗീകാരം ലഭിച്ച S0331/19 എന്ന പ്രോജക്ടിനായി തനതുഫണ്ടിൽ നിന്നും 2,00,000/- രൂപയാണ് വകയിരുത്തിയത്. പ്രോജക്ടിന്റെ ഫയലിൽ എല്ലാ ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗിന്റേയും രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ സ്റ്റേറ്റ്മെന്റിൽ പ്രസ്തുത പ്രോജക്ടിന്റെ ചെലവ് കാണിച്ചിട്ടില്ല. പ്രോജക്ട് ഫയൽ, ബിൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഷിഫ്റ്റിംഗിനായി അരൂർ കെ.എസ്.ഇ.ബി. യിൽ നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

| ക്രമ നം | വിവരണം | തുക | ചെക്ക് നം./തീയതി |
|---|---|---|---|
| 1 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 4456 (GST-680/-) | 336663/04.04.2018 |
| 2 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ് 20 | 27522 (material cost)<br>5291(GST) | 336754/10.05.2018<br>336755/10.05.2018 |
| 3 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ് 9 | 5854 (material cost)<br>1054 (GST) | 336756/10.05.2018<br>336757/10.05.2018 |
| 4 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ് 10 | 8166 (material cost)<br>1470 (GST) | 336756/10.05.2018<br>336757/10.05.2018 |
| 5 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് അരൂർ ബൈപാസ് ജംഗ്ഷൻ | 3541 (material cost)<br>637 (GST) | 336781/22.05.2018<br>336782/22.05.2018 |
| 6 | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് വാർഡ് 5 | 14187 | 643535/07.11.2018 |
| 7 | വാർഡ് 8 ലെ സ്റ്റേവയർ മാറ്റി സ്ഥാപിക്കൽ | 14693 | 814388/15.01.2019 |
| 8 | വാർഡ് 7,20 എന്നിവിടങ്ങളിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21048 | 814388/15.01.2019 |
| | ആകെ | 107919 | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1,07,919/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) മാടവന കോളനിയിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എന്ന S0337/19 പ്രോജക്ടിൽ ഉൾപ്പെടുത്തി ഗ്രാമ പഞ്ചായത്തിലെ നാലാം വാർഡിൽ മാടവന ലക്ഷംവീട് കോളനിയിൽ വീട് നിർമ്മാണത്തിന് തടസ്സമായി വീടുകൾക്ക് കുറുകെ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി ചെക്ക് നം. 336988/14.08.2018 പ്രകാരം 43,131/- രൂപ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്കായി

കെ.എസ്.ഇ.ബി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക 16318/-രൂപയാണ്. കെ.എസ്.ഇ.ബി യുടെ ഇൻവോയ്സ് നം. 05515D18-001229/08.08.2018 പ്രകാരം ഈ പ്രവൃത്തിക്കായി 43,131/- രൂപ ആവശ്യപ്പെട്ടതനുസരിച്ചാണ് തുക നൽകിയിട്ടുള്ളത്. അധികതുക തിരികെ ഈടാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്. 43,131/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-50 നോട്ടീസുകളുടെയും ഫാറങ്ങളുടേയും പ്രിന്റിംഗ് - സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം നടത്തുന്നില്ല

2018-19, 2019-20 വർഷങ്ങളിലെ പദ്ധതി രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട് അപേക്ഷാഫാറങ്ങളും നോട്ടീസുകളും പ്രിന്റ് ചെയ്തത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം കാണിച്ചിട്ടില്ല. 2018-19 വർഷം വ്യക്തിഗത ആനുകൂല്യഫാറം 12 പേജുള്ള 8000 ബുക്ക് പ്രിന്റ് ചെയ്തതിന് യന്ത്ര പ്രിന്റ് മീഡിയ എന്ന സ്ഥാപനത്തിന് 1,18,272/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇവ സ്റ്റോക്കിലെടുത്ത് വിതരണം കാണിച്ചിട്ടില്ല. അതുപോലെ 2019-20 വർഷം അന്തിമ പദ്ധതിരേഖ 62 പേജ് - 100 എണ്ണം, ഗ്രാമസഭാ നോട്ടീസ് - 11000 എണ്ണം, വ്യക്തിഗത ആനുകൂല്യം ഫാറം ബുക്ക് - 8316 എണ്ണം മുതലായവ പ്രിന്റ് ചെയ്തതിന് യന്ത്ര പ്രിന്റ് മീഡിയ എന്ന സ്ഥാപനത്തിന് 2,01,288/- രൂപ നൽകിയിട്ടുണ്ട്. ഇവയും സ്റ്റോക്കിലെടുത്ത് വിതരണം കാണിച്ചിട്ടില്ല. അതിനാൽ ഇത്രയും ഫാറങ്ങൾ യഥാർത്ഥത്തിൽ ആവശ്യമായിരുന്നോയെന്നും ഇവ ഗ്രാമ പഞ്ചായത്തിന് ലഭിച്ചോയെന്നും ഇവയുടെ വിനിയോഗവും ഓഡിറ്റിന് ഉറപ്പാക്കാൻ കഴിയാത്ത അവസ്ഥയാണ്. ഗ്രാമ പഞ്ചായത്തിന്റെ ഓരോ പ്രവർത്തനങ്ങളിലും സുതാര്യത ഉറപ്പുവരുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-51 മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കിയ പ്രോജക്ടുകൾ - മാർഗ്ഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണത്തിൽ പാലിച്ചിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: വെറ്ററിനറി സർജൻ

1. കറവ പശു വിതരണം - പ്രോജക്ട് നം. S 041/19

പ്രോജക്ടിനായി വികസന ഫണ്ട് 7,31,428/- രൂപയും തനത് ഫണ്ട് 1,01,072/- രൂപയും ഗുണഭോക്തൃവിഹിതം 8,32,500/- രൂപയും വകയിരുത്തുകയും 37 കറവ പശുക്കൾക്കായി @45,000/- രൂപ പ്രകാരം ആകെ 16,65,000/- രൂപ (ഗ്രാമപഞ്ചായത്ത് വിഹിതം 8,32,500/- രൂപ, ഗുണഭോക്തൃ വിഹിതം 8,32,500/- രൂപ താഴെപറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.)

| | ഗ്രാമപഞ്ചായത്ത് വിഹിതം | |
|---|---|---|
| ക്രമ നം. | ബിൽ നം./തീയതി | തുക |
| 1 | 1/31-10-2018 | 382500 |
| 2 | 3/28-11-2018 | 315000 |
| 3 | 8/5-2-2019 | 33928 |
| 4 | വൗച്ചർ നം.1159/5-3-2019 | 101072 |
| | ആകെ | 832500 |
| | **ഗുണഭോക്തൃവിഹിതം** | |
| ക്രമ നം. | വൗച്ചർ നം./തീയതി | തുക |
| 1 | 753/3-11-2018 | 382500 |
| 2 | 811/27-11-2018 | 315000 |
| 3 | 1161/6-3-2019 | 135000 |
| | ആകെ | 832500 |

| | | |
|---|---|---|
| | ഒട്ടാകെ | 1665000 |

പ്രോജക്ട് നടത്തിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

a. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ചെയർമാനായും വെറ്ററിനറി സർജൻ കൺവീനറായും 5 ഗുണഭോക്താക്കളും ഉൾപ്പെട്ട കമ്മറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ടുവാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയെ 2-11-18 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ നിശ്ചയപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നല്ലാതെ കറവ പശുവിനെ വാങ്ങിയത് പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അംഗീകാരത്തോടെയല്ല. മാത്രമല്ല വാങ്ങി വിതരണം ചെയ്തതായി പറയുന്ന പശുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ നിർവ്വഹണ ഉദ്യോഗസ്ഥ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല.

30-10-2018 ൽ ചേർന്ന പർച്ചേസിംഗ് കമ്മറ്റി വിതരണ ഏജന്റായി ശ്രീ.ജഗദീശൻ വലിയതറയെ തെരഞ്ഞെടുത്തു. തുടർന്ന് 37 പേർക്കുള്ള സബ്സിഡി തുകയും ഗുണഭോക്തൃവിഹിതവും (37x45000 =1665000 രൂപ) ശ്രീ.ജഗദീശന് നൽകി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പശുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിയത് അവർക്കാണ് പണം നൽകേണ്ടിയിരുന്നത്. എന്നാൽ പണം നൽകിയിട്ടുള്ളത് ഒരു ഗുണഭോക്താവിന്റെ പേരിലാണ്.

b. പശു വിതരണവുമായി ബന്ധപ്പെട്ട് ഹാജരാക്കിയ ഫയലിൽ 32 ഗുണഭോക്താക്കളുടെ പേരാണ് കാണുന്നത്. ഇവരിൽ 31 പേർ പശുവിനെ കൈപ്പറ്റിയതായി കാണിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ കൈപ്പറ്റിയതായി കാണുന്നില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചുനൽകിയ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചിട്ടില്ല. മാത്രമല്ല ഫയലിൽ കാണിച്ചിട്ടുള്ള32 ഗുണഭോക്താക്കൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നു പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

c. ലിസ്റ്റിൽപെട്ട 17 പശുക്കൾക്കുമാത്രമാണ് ഇൻഷ്വറൻസ് എടുത്തിട്ടുള്ളത്. മറ്റ് പശുക്കൾക്ക് ഇൻഷ്വറൻസ് എടുത്തിട്ടുള്ള രേഖകൾ ഹാജരാക്കിയില്ല.

d. പശുക്കളെ മൂന്നു വർഷമെങ്കിലും വളർത്താമെന്ന് ഗുണഭോക്താക്കൾ കരാർവച്ചിട്ടില്ല.

e. പരമ്പരാഗതമായി കന്നുകാലി വളർത്തുന്നവർക്ക് മുൻഗണന നൽകിയിട്ടുള്ളതായി രേഖകളില്ല.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 30/20.8.19) നിർവ്വഹണ ഉദ്യോഗസ്ഥ നൽകിയ മറുപടിയിൽ തമിഴ് നാട്ടിലുള്ള വിവിധ കാലിചന്തകളിൽ നിന്നും മൂന്ന് തവണയായാണ് കാലികളെ വാങ്ങിയിട്ടുള്ളതെന്നും അവരുടെ പേരിൽ പണം നൽകുന്നത് പ്രായോഗികമല്ലാത്തതായതിനാലാണ് ഒരു ഗുണഭോക്താവിന്റെ പേരിൽ പണം നൽകിയതെന്നുമാണ്. ഇത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മാത്രമല്ല മറ്റു രേഖകൾ ഹാജരാക്കാം എന്ന മറുപടി പറഞ്ഞതല്ലാതെ ഹാജരാക്കിയിട്ടില്ല. ശരിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 16,65,000/- രൂപ തടസ്സപ്പെടുത്തുന്നു.

2. <u>ആട് വിതരണം പ്രോജക്ട് നം. S 042/19 SCP</u>

1,87,500/- രൂപ SCP വിഹിതവും 62500 രൂപ ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് പ്രോജക്ട് തയ്യാറാക്കിയത്. പ്രോജക്ടിനായി ബിൽ നം.2/31-10-2018 പ്രകാരം 1,20,000/- രൂപയും ബിൽ നം.4/28-11-2018 പ്രകാരം 67,500/-രൂപയും ഗുണഭോക്തൃവിഹിതം 62,500/-രൂപയും ഉൾപ്പെടെ 2,50,000/- രൂപ 50 ആടുകൾക്കായി ഗോപി വയലാർ (ജി ഫാം)നു നൽകി. ഇവ 25 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയുണ്ടായി.

29-10-2018 ൽ ചേർന്ന പർച്ചേസിംഗ് കമ്മറ്റി മൃഗാശുപത്രിയിൽ എത്തിച്ച 4 ആടുകളെ കണ്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ഗോപിയുടെ പക്കൽ നിന്നും ആടുകളെ വാങ്ങുവാൻ തീരുമാനിക്കുകയുണ്ടായി. വില നിശ്ചയിച്ചതായി കാണുന്നില്ല. അതുപോലെ ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചതായി കാണുന്നില്ല. മാത്രമല്ല പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അംഗീകാരത്തോടെയല്ല ഈ തീരുമാനം എടുത്തിട്ടുള്ളത്. 29-10-2018 ൽ ചേർന്ന പർച്ചേസിംഗ് കമ്മറ്റിയിൽ ആടുകളുടെ ആരോഗ്യവും ഗുണനിലവാരവും വെറ്ററിനറി സർജൻ ഉറപ്പുവരുത്തണമെന്നും വിതരണ സമയത്ത് ആട്ടിൻകുട്ടികളുടെ തൂക്കം

നോക്കി വെറ്ററിനറി സർജൻ ഗുണഭോക്താക്കളെ ബോദ്ധ്യപ്പെടുത്തണമെന്നും നിശ്ചയിച്ചിരുന്നു. ഇത് ചെയ്തിട്ടില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചുനൽകിയ ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചിട്ടില്ല. മാത്രമല്ല ഫയലിൽ കാണിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നു പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് രേഖകൾ ഹാജരാക്കാം എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. രേഖകൾ ഹാജരാക്കിയിട്ടില്ല. നിയമാനുസൃതമായ നടപടികൾ സ്വീകരിച്ച് പ്രോജക്ട് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

3. <u>മട്ടുപ്പാവിലെ മുട്ടകോഴി വളർത്തൽ – പ്രോജക്ട് നം.S 046/19</u>

കോഴിയും കൂടും വിതരണം ചെയ്യുക എന്ന ഈ പ്രോജക്ടിനായി 186000 രൂപ വികസനഫണ്ടും 434000 രൂപ ഗുണഭോക്തൃവിഹിതവും വകയിരുത്തിയിരുന്നു. കൂട് സപ്ലൈചെയ്യുന്നതിന് എവറസ്റ്റ് എന്റർപ്രൈസസിനും കോഴി വിതരണത്തിന് ചാർളി എബ്രഹാമിനും അംഗീകാരം നൽകിയതായി ഫയലിൽകാണുന്നു. എന്നാൽ ഇതുസംബന്ധിച്ച് പഞ്ചായത്ത് പ്രോക്യൂവർമെന്റ് കമ്മറ്റിയുടെയോ പഞ്ചായത്ത് കമ്മിറ്റിയുടെയോ അംഗീകാരം ഹാജരാക്കിയിട്ടില്ല. 51 ഗുണഭോക്താക്കൾ 7000 രൂപവീതം ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ട്. ഇതിൽ 49 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം 343000 രൂപ എവറസ്റ്റ് എന്റർപ്രൈസസിനു നൽകി. മറ്റ് ചെലവ് രേഖകൾ ഇല്ല. ഫയലിൽ 49 ഗുണഭോക്താക്കളുടെ പേര് ചേർത്തിട്ടുണ്ട് ഇവരിൽ 47 പേർ കോഴിയും കൂടും കൈപ്പറ്റിയതായാണു കാണുന്നത്. കോഴി വാങ്ങിയതായോ വിതരണം ചെയ്തതായോ കാണുന്നില്ല. 51 ഗുണഭോക്താക്കൾ 7000 രൂപവീതം ഗുണഭോക്തൃവിഹിതം അടച്ചിട്ടുണ്ടെങ്കിലും 49 ഗുണഭോക്താക്കളുടെ ഗുണഭോക്തൃവിഹിതം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചുനൽകിയ 360 പേരുള്ള ഗുണഭോക്തൃലിസ്റ്റിലെ മുൻഗണനാക്രമം പാലിച്ചിട്ടില്ല. മാത്രമല്ല ഫയലിൽ കാണിച്ചിട്ടുള്ള ഗുണഭോക്താക്കൾ ഈ ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നു പരിശോധിച്ച് ഉറപ്പാക്കാൻ സാധിക്കുന്നില്ല. നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച് പ്രോജക്ട് നടപ്പാക്കേണ്ടതാണ്.

4. <u>മോണിറ്ററിംഗ് നടത്തിയിട്ടില്ല</u>

നടപ്പാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തിയിട്ടില്ല. പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിക്കേണ്ടതും പ്രോജക്ട് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഇതുപ്രകാരം മോണിറ്ററിംഗ് നടത്തിയതു സംബന്ധിച്ച റിപ്പോർട്ട് ഫയലിൽ കാണുന്നില്ല.

ആവശ്യമായ മുന്നൊരുക്കവും വിശദമായ ചർച്ചകളും നടത്തി പ്രോജക്ടുകൾ തയ്യാറാക്കേണ്ടതും സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി അവ നടപ്പാക്കേണ്ടതുമാണ്.

# 1-52 നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ പോരായ്മകൾ

അരൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ നടപ്പാക്കുന്നതിൽ ധാരാളം പോരായ്മകൾ വന്നിട്ടുണ്ട്. പ്രധാനപ്പെട്ടവ താഴെ സൂചിപ്പിക്കുന്നു.

1. <u>ഏറ്റെടുക്കുന്ന പ്രോജക്ടുകളിൽ ഭൂരിഭാഗവും നടപ്പാക്കുന്നില്ല</u>

2018/19 വർഷം 87 സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 246 പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നു. ഇതിൽ 147 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത് (60%). അതുപോലെ 87 സ്പിൽ ഓവർ പ്രോജക്ടുകൾ ഏറ്റെടുത്തിരുന്നെങ്കിലും 41 പ്രോജക്ടുകൾ മാത്രമാണ് നടപ്പാക്കിയത് (47%). പ്രോജക്ടുകൾ നടപ്പാക്കുവാൻ പറ്റാത്തതിന്റെ കാരണങ്ങൾ സംബന്ധിച്ച് വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിലോ പഞ്ചായത്ത് കമ്മറ്റിയിലോ എ.ഇ. റിപ്പോർട്ട് ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 25/17.8.19) നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ അദ്ദേഹത്തെ കൂടാതെ രണ്ട് ഓവർസിയർമാർ മാത്രമാണുള്ളത് എന്നും ഈ ഓഫീസിലെ ജോലിക്കു പുറമേ പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ജോലികളും പ്രസ്തുത ഓഫീസിൽനിന്നും നിർവ്വഹിക്കേണ്ടതുണ്ടെന്നും ഇതിനും പുറമേ പ്രളയവുമായി ബന്ധപ്പെട്ട് ജോലിയും വന്നതിനാലാണ് പ്രോജക്ടുകൾ നടപ്പാക്കുവാൻ സാധിക്കാതെ വന്നതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ കാര്യങ്ങൾ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും പഞ്ചായത്ത് കമ്മറ്റിയും

ഗൗരവമായി ചർച്ച ചെയ്യേണ്ടതും തുടർവർഷങ്ങളിൽ പദ്ധതി നിർവ്വഹണത്തിൽ അനുയോജ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. <u>അങ്കണവാടികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ നടത്തിപ്പിൽ അവഗണന</u>

അങ്കണവാടികളുമായി ബന്ധപ്പെട്ട് 24 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ (ഇതിൽ 8 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളാണ്) 4 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. 13-ം പഞ്ചവൽസര പദ്ധതിയുമായി ബന്ധപ്പെട്ട പഞ്ചായത്തിന്റെ വികസന രേഖ പ്രകാരം പഴക്കംചെന്ന 8 അങ്കണവാടികൾ (നം. 1,4,10,12,19,21,24,25) പൊളിച്ചു പണിയണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും 4,10 എന്നീ അങ്കണവാടികളുടെ മെയിന്റനൻസ് പ്രോജക്ട് ആണ് വച്ചത്. ഇതിൽ ഉൾപ്പെട്ട മറ്റ് അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ഒന്നും വച്ചിരുന്നില്ല. അതുപോലെ 3-05-2018-ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 2(3) നിശ്ചയപ്രകാരം സാമൂഹ്യനീതി വകുപ്പും ഗ്രാമപഞ്ചായത്തും 60:40 അനുപാതത്തിൽ അങ്കണവാടികൾ നിർമ്മിക്കുന്നതിന് പ്രപ്പോസൽ സമർപ്പിച്ചതായും ആയതിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും അനുമതി ലഭിച്ചതായും പറയുന്നുണ്ട്. നിർമ്മാണം നടത്തേണ്ട അങ്കണവാടികളുടെ ലിസ്റ്റ് സാമൂഹ്യനീതി വകുപ്പിനു നൽകിയിരുന്നതായി രേഖകളില്ല. എന്നാൽ 4, 17 എന്നീ അങ്കണവാടികളുടെ നിർമ്മാണത്തിനായി 5,80,000/- രൂപ വീതം പഞ്ചായത്ത് വിഹിതമായി പൊതുമരാമത്ത് വകുപ്പിനു നൽകിയിട്ടുണ്ട്. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കെയാണ് മെയിന്റനൻസ് ഗ്രാന്റ് 1.5 ലക്ഷം രൂപ അടങ്കലിൽ 4-ാം നമ്പർ അങ്കണവാടിക്ക് മെയിന്റനൻസിനും തനത് ഫണ്ട് രണ്ട് ലക്ഷം രൂപ അടങ്കലിൽ 17-ാം നമ്പർ അങ്കണവാടിക്ക് ചുറ്റുമതിൽ നിർമ്മാണത്തിനും 2018/19 വർഷം പ്രോജക്ടുകൾ ഏറ്റെടുത്തത്. എന്നാൽ ഇവയുടെ പ്രവർത്തനങ്ങൾ നടന്നതായി രേഖകൾ ഇല്ല.

3. <u>വർക്ക് ഫയലിൽ ആവശ്യമായ രേഖകൾ ചേർക്കുന്നില്ല.</u>

നിർമ്മാണം നടത്തിയ വർക്കുകളിൽ പ്രിലിമിനറി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. വർക്കിന്റെ തൃപ്തികരമായ പൂർത്തീകരണത്തിനാവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയ റിപ്പോർട്ട്, സ്പെസിഫിക്കേഷൻസ്, സൈറ്റ് കണ്ടീഷൻ ഡീറ്റൈൽസ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ് തുടങ്ങിയവ ചേർത്തിട്ടില്ല. തൻമൂലം കല്ലുകെട്ട് തുടങ്ങിയ വർക്കുകളിൽ മുൻവർഷങ്ങളിൽ എത്രത്തോളം വർക്ക് ചെയ്തിരുന്നെന്നോ ഇനി എത്രത്തോളം ചെയ്യുവാനുണ്ടെന്നോ സൈറ്റിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്തെന്നോ പരിശോധിക്കുവാനാകുന്നില്ല.

4. <u>നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട് അവശ്യം വേണ്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവ തയ്യാറാക്കുന്നില്ല</u>

നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മാത്രമല്ല റോഡ് മാപ്പ്, കണക്റ്റിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കിയിട്ടില്ല. പല വർക്കുകളും നിലവിലുള്ള ആസ്തികളുടെ വിപുലീകരണമാണെങ്കിലും 'അല്ല' എന്നാണ് പ്രോജക്ട് പത്രികയിൽ ചേർത്തിട്ടുള്ളത്. അതുപോലെ ആസ്തി രജിസ്റ്ററിലെ യുണീക് നമ്പരും ചേർക്കുന്നില്ല. വർക്ക് ഫയലുകളിൽ മോണിറ്ററിംഗ് റിപ്പോർട്ട് ചേർക്കുന്നില്ല. ഇതു സംബന്ധിച്ച് 17.8.19-ലെ ഓഡിറ്റ് എൻക്വയറി നം.25 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-53 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട്

പ്രോജക്ട് നം.436/18-19 ഫാർമസി എയർ കണ്ടീഷനിംഗ്

തനതുഫണ്ട് - 90,000/- (അടങ്കൽ തുക)

ചെലവ് - 86,700/-(ബിൽ നം.11/18-19/15.3.19

ആശുപത്രിയിലെ മരുന്ന് സംഭരണ മുറിയിൽ ശീതികരണ സംവിധാനം ഏർപ്പെടുത്തി മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബഹു.ആരോഗ്യവകുപ്പ് സെക്രട്ടറി നൽകിയിട്ടുള്ള 27.11.15ലെ സർക്കുലർ നം.13305/എഫ്.1/2015/m&fwd/Tvm അനുസരിച്ച് പ്രോജക്ട് നം.436/18-19 പ്രകാരം തനതുഫണ്ടിൽ നിന്നും 86,700/- രൂപ ചെലവഴിച്ച് സ്റ്റാർവിങ്, കല്ലൂരിൽ നിന്നും എയർ കണ്ടിഷൻ വാങ്ങിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി ഉപകരണം സ്ഥാപിക്കാത്തതിനു വീശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കുടുംബാരോഗ്യകേന്ദ്രത്തിലെ നിലവിലെ വയറിംഗ് ത്രീഫേസ് കണക്ഷൻ ആക്കിത്തരുന്നതിനും ഫാർമസി കെട്ടിടം ശീതികരിക്കുന്നതിനുവേണ്ട വയറിംഗ് കൂടി ചെയ്തു തരുന്നതിനും നിരവധി തവണ കത്തയച്ചിട്ടും

നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചത്. എയർ കണ്ടീഷൻ ഫലപ്രദമായി ഉപയോഗിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ആരോഗ്യ-ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ആംബുലൻസ് വരവ് പഞ്ചായത്തിൽ ഒടുക്കിയതിന്റെ രേഖകളില്ല.

അത്രൂർ ഗ്രാമപഞ്ചായത്തിലെ ആംബുലൻസിനായി പ്രത്യേകം രസീത് ബുക്ക് സൂക്ഷിക്കുന്നുണ്ട്. ഇത് പരിശോധിച്ചതു പ്രകാരം 2018 ജൂൺ രണ്ടാം തീയതി രസീത് നമ്പർ 313 മുതൽ 320 വരെ ഉപയോഗിച്ച് വിവിധ യാത്രകളിലായി 7,495/- രൂപ ആംബുലൻസ് ഫീസായി ലഭിച്ചിട്ടുണ്ട്. ഈ തുകക്ക് 07/06/2018 ൽ ഡ്രൈവർ ശ്രീ ഉണ്ണിയുടെ പേരിൽ സാംഖ്യയിൽ രസീത് നൽകിയെങ്കിലും പിന്നീട് തുക തെറ്റെന്ന് രേഖപ്പെടുത്തി രസീത് ക്യാൻസൽ ചെയ്യുകയും നൽകിയ രസീത് കൗണ്ടർഫോയിലിനൊപ്പം ഒട്ടിച്ച ചേർക്കുകയും ചെയ്തിട്ടുണ്ട്. 07/06/2018 ലെ 118040101879 നമ്പരായ 7,495/- രൂപയുടെ രസീത് ക്യാൻസൽഡ് രസീത് ലിസ്റ്റിലും ഉൾപ്പെട്ടിട്ടുണ്ട്. പീന്നീട്ടുള്ള തീയതികളിൽ ഈ തുക ഒടുക്കിയതായി കണ്ടെത്തിയിട്ടില്ല. ആംബുലൻസ് വരവായ 7495/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാത്തതിന് വിശദീകരണം തേടിയെങ്കിലും രേഖകളൊന്നും ഹാജരാക്കിയില്ല. ഈ ദിവസത്തെ ഫ്രണ്ട് ഓഫീസ് ചുമതലയുള്ള ജീവനക്കാരൻ സ്ഥലം മാറിപ്പോയതിനാൽ അദ്ദേഹത്തിൽ നിന്നും വിശദീകരണം തേടിയ ശേഷം തുകയുടെ വിശദാംശങ്ങൾ അറിയിക്കാമെന്നാണ് വിശദീകരണം ലഭ്യമാക്കിയത്. ഫ്രണ്ട് ഓഫീസ് നിന്നും രസീത് നൽകിയ ശേഷം രസീത് ക്യാൻസൽ ചെയ്തതിന്റെ കാരണം അന്വേഷിക്കുവാനും തുക ഒടുക്കിയിട്ടില്ലെങ്കിൽ ഉചിതമായ നടപടി സ്വീകരിക്കുവാനും വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 കെട്ടിടനികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമപഞ്ചായത്ത് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ സ.ഉ.(അച്ചടി) നം.20/2011/LSGD തീയതി, 14.01.2011 പ്രകാരം അടിസ്ഥാന വസ്തു നികുതിയിൽ നൽകിയിട്ടുള്ള വർദ്ധന ബാധകമാക്കുന്നില്ല. തത്ഫലമായി പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ ലഭിക്കേണ്ട തുകയിൽ കുറവ് വന്നിട്ടുള്ളതായി കാണുന്നു.

I) <u>കെട്ടിടനികുതിയിൽ വരുത്തേണ്ട വർദ്ധനവുകൾ വരുത്തുന്നില്ല</u>

1. 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ അക്വാമറൈൻ Cold Storage എന്ന വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 09/91 A) വിസ്തീർണ്ണം 973.31 ചതുരശ്ര മീറ്ററാണ്. പ്ലാൻ പ്രകാരം പഞ്ചായത്തിൽ പഴയ നാഷണൽ ഹൈവേയോടു ചേർന്നുള്ള വീതിയുള്ള റോഡിൽ നിന്നാണ് കെട്ടിടത്തിലേക്ക് പ്രവേശനമുള്ളത്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധന വരുത്തിയിട്ടില്ല. ഹാജരാക്കിയ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ താഴത്തെ നില 886.30 ച.മീ കോൾഡ് സ്റ്റോറേജാണ്. എയർ കണ്ടീഷൻ സംവിധാനം ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അതിന് ആനുപാതിക വർദ്ധനവും വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | : | 973.31 ച.മീ. വാണിജ്യം |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 80/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 77,865/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 7786/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 15,573/- |
| എയർ കണ്ടീഷൻ (10%) | : | 7786/- |
| സെസ് (5%) | | 4672/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : | 98,110/- |
| | | |

| | | |
|---|---|---|
| ഈടാക്കിയ നികുതി | : | 64,385/- |
| **വസ്തുനികുതിയിൽ വന്ന കുറവ്** | | 33,725/- |

2). 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ Snowbee Cold Storage എന്ന വാണിജ്യാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 09/133 A) വിസ്തീർണ്ണം 917.78 ചതുരശ്ര മീറ്ററാണ്. ഹാജരാക്കിയ പ്ലാൻ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ താഴത്തെ നില 851.38 ച.മീ കോൾഡ് സ്റ്റോറേജാണ്. എയർ കണ്ടീഷൻ സംവിധാനം ഉപയോഗിക്കുന്ന പ്രസ്തുത കെട്ടിടത്തിന് അതിന് ആനുപാതിക വർദ്ധനവും വരുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 851.38 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി (ഇതര വ്യവസായാവശ്യം) | : | 60/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 51083/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 5108/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 10217/- |
| എയർ കണ്ടീഷൻ (10%) | : | 5108/- |
| സെസ് 5% | | 3065/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി 851.38 m2 ഭാഗത്തിന് | : | 64,365/- |
| ഈടാക്കിയ നികുതി (851.38 m2 ഭാഗത്തിന്) | : | 59001/- |
| **വസ്തുനികുതിയിൽ വന്ന കുറവ്** | | 5,364/- |

3). 2018-19 രണ്ടാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ച് നൽകിയ മുഹമ്മദ് നിസാർ, നിസാർ മൻസിൽ എന്നയാളുടെ ഇതര വ്യവസായാവശ്യത്തിനുള്ള സ്ഥാപനത്തിന്റെ (കെട്ടിട നം. 9/211 A) വിസ്തീർണ്ണം 144.00 ചതുരശ്ര മീറ്ററാണ്. പ്ലാൻ പ്രകാരം പഞ്ചായത്തിൽ പഴയ നാഷണൽ ഹൈവേയോടു ചേർന്നുള്ള 6 മീറ്റർ വീതിയുള്ള റോഡിൽ നിന്നാണ് കെട്ടിടത്തിലേക്ക് പ്രവേശനമുണ്ട്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധന വരുത്തിയിട്ടില്ല. കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 144.00 ച.മീ. |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 60/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 8640/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ് (കുറഞ്ഞ തരം മേൽക്കൂര-10%) | : | 864/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ് റോഡ് (20%) | : | 1728/- |
| സെസ് (05%) | : | 475/- |
| ഇളവുകൾക്കും വർദ്ധനവിനും ശേഷം ഈടാക്കാവുന്ന നികുതി | : | 9979/- |
| ഈടാക്കിയ നികുതി | : | 8165/- |
| **വസ്തുനികുതിയിൽ വന്ന കുറവ്** | | 1814/- |

ഈയിനത്തിൽ മാത്രം 40,903/- രൂപയുടെ (33725+5364+1814) വരവ് നഷ്ടമുണ്ട്.

**II) <u>കെട്ടിടങ്ങളെ മുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുന്നതുമൂലം നികുതി നഷ്ടം</u>**

അരൂർ ഗ്രാമപഞ്ചായത്തു കമ്മറ്റിയുടെ വിജ്ഞാപന പ്രകാരം വാണിജ്യാവശ്യത്തിനുള്ള 200 ച. മീറ്ററിനു മുകളിലുള്ള ഷോപ്പിംഗ് മാളുകൾ, സൂപ്പർമാർക്കറ്റുകൾ, കടമുറികൾ എന്നിവക്ക് ചതുരശ്ര മീറ്ററിന് 80/- രൂപ നിരക്കാണ് അംഗീകരിച്ചിട്ടുള്ളത്. 100 ച. മീറ്ററിനു മുകളിലുള്ള കടമുറികൾക്കാകട്ടെ ചതുരശ്ര മീറ്ററിന് 70/- രൂപ നിരക്കാണുള്ളത്. 100 ച. മീറ്ററിനു താഴെയുള്ള കടമുറികൾക്കാകട്ടെ ചതുരശ്ര മീറ്ററിന് 45/- രൂപയാണ്. ഒരു

ഉടമയുടെ ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിലെ കടമുറികൾ ഒരുമിച്ച് അസ്സസ്സ്മെന്റ് നടത്താതെ വിഭജിച്ച് നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | ഉടമയുടെ പേര് | 45രൂപ /m2 നിരക്കിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ ഈടാക്കിയ നികുതി | വർദ്ധനവ്/ ഇളവ് | 70/80 m2 നിരക്കിൽ ലൈബ്രറി സെസ്സ് ഉൾപ്പെടെ ഈടാക്കേണ്ട നികുതി | വ്യത്യാസം ഒരു വർഷത്തേക്ക് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 13/515/D, E 132.62 $m^2$ (66.31 $m^2$ + 66.31 $m^2$) Total 132.62 | റോയ് എന്ന തദേവൂസ്റോക്കി, ചള്ളിത്തറ, ചന്തിരൂർ | ആകെ 132.62 $m^2$ ന് Rs.7334./- | +(20%) | 132.62x70 =9283 + വർദ്ധനവ് (1857)+ cess = 11697 | Rs.4363/- | |
| 2 | 13/403 A | അബ്ദുൾനാസർ ചെട്ടുതറ, അരൂർ | ആകെ 150.17 $m^2$ Rs.7806/- | +20% roof -10% | 150.17x70 = 10512 + വർദ്ധനവ് (2102)- ഇളവ് (1051)+cess = 12142 | Rs.4336/- | |
| 3 | 1/304 M,K,L (75.28+127.12+302.94) total 505.34 $m^2$ | കുഞ്ഞുമോൻ (ലോയ്ഡ് ജോർജ്ജ്) മണക്കാട്ട് | 505.34 $m^2$ Rs.36724/- | Addition 20% for road (old NH) | 505.34x80 (above 200 $m^2$) = 40427 + വർദ്ധനവ് (8085)- +cess = 50938 | Rs. 14214/- | |
| 4 | 08/184 C,D,E,F,G (75.25+31+86.32+35.77+135.53+123.55)total 487.42 | E.M അബ്ദുൾ റഹ്മാൻ/ ജുമൈല റഹ്മാൻ, ജാൻസ് പനമ്പിള്ളിനഗർ | 487.42 $m^2$ Rs.35,887 | 20% road (-10% roof) | 487.42x80 (above 200 $m^2$) = 38994 + വർദ്ധനവ് (7799)-ഇളവ് 3899 +cess= 45039 | Rs.9152/- | |
| 5 | 08/176 D & E (345.77+258.78) Total 604.55 $m^2$ | ചാക്കോ വർഗ്ഗീസ് & ചാക്കോ ചെറിയാൻ, മുതുതോട്ടത്തിൽ | 604.55 $M^2$ Total Tax Rs.51,422/- | 20% road (-10% roof) | 604.55x80 (above 200 $m^2$) = 48364 + വർദ്ധനവ് (9673)-ഇളവ് | Rs.4439/- | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 4836 +cess= 55861 | | |
| | ആകെ | | | | | 36504/- | |

III). ശ്രീ.വിനോദ്കുമാർ, കലിംഗ ഹൗസ് എന്നയാളുടെ ഉടമസ്ഥതയിലുള്ള (15/286 B, C) വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 2495 ച. മീ (താഴത്തെ നില 1920.7, ഒന്നാം നില 574.3) വിസ്തീർണ്ണത്തിലുള്ള കെട്ടിടം സ്ഥിതിചെയ്യുന്നത് 5.5 മീറ്റർ വീതിയിലുള്ള റോഡിന് സമീപത്താണ്. എന്നാൽ റോഡിന് ആനുപാതികമായ 20% നികുതി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 15/286B എന്ന കെട്ടിട നമ്പരിലുള്ള താഴത്തെ നിലയുടെ 574.3ചതുരശ്ര മീറ്റർ മേൽക്കൂര കോൺക്രീറ്റാണ്. എന്നാൽ ഫോറം 6 ൽ ടി കെട്ടിടത്തിന് കുറഞ്ഞതരം മേൽക്കൂര എന്ന് രേഖപ്പെടുത്തി 10% ഇളവ് നൽകിയിട്ടുണ്ട്.ഇതിനുപുറമേ ഒന്നാം നിലയിലെ 15/286 C നമ്പറിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തെ 100 ച.മീ. ൽ താഴെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചതുമൂലം ഒരു ചതുരശ്ര മീറ്ററിന് 70/- രൂപ പ്രകാരം നികുതി ഈടാക്കുന്നതിന് പകരം 45/- രൂപ എന്ന നിരക്കിൽ തെറ്റായാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഈ അപാകതകൾ മൂലം 2018 ഒന്നാം അർദ്ധവർഷം മുതൽ നികുതി അസസ്സ് ചെയ്ത ടി കെട്ടിടത്തിന് ലഭിക്കേണ്ടുന്ന നികുതിയിൽ വലിയ കുറവാണ് വന്നിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**A) കെട്ടിട നം : 15/286 B**

<u>താഴത്തെ നില (കുറഞ്ഞ തരം മേൽക്കൂര) – ആകെ</u>

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 1920.70 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 134449/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ്<br>(കുറഞ്ഞ തരം മേൽക്കൂര – 10%)<br>[1920.70-574.30=1346.4x70x10%] | : | 9425/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ്(റോഡ് (20%) )<br>[1920.70x70x20%] | : | 26890/- രൂപ |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം<br>ഈടാക്കാവുന്ന വസ്തുനികുതി | : | 151914/- രൂപ (134441 – 9425 + 26890) |

| | | |
|---|---|---|
| ആകെ ഈടാക്കിയ നികുതി | : | 1,21,005/- |
| വസ്തുനികുതിയിൽ വന്ന കുറവ് | : | 30909/- രൂപ (151914-121005) |

**B) കെട്ടിട നം : 15/286 C (ഒന്നാംനില)**

| | | |
|---|---|---|
| കെട്ടിടത്തിന്റെ വിസ്തീർണ്ണം | : | 574.3 ച.മീ. (കുറഞ്ഞതരം മേൽക്കൂര) |
| ഒരു ചതുരശ്ര മീറ്ററിന് ഈടാക്കാവുന്ന നികുതി | : | 70/-രൂപ |
| അടിസ്ഥാന വസ്തുനികുതി | : | 40201/- |
| അടിസ്ഥാന നികുതിയിന്മേലുള്ള ഇളവ്<br>(കുറഞ്ഞ തരം മേൽക്കൂര-10%) | : | 4020/- |
| അടിസ്ഥാന നികുതിയിന്മേലുള്ള വർദ്ധനവ്<br>(റോഡ് (20%) | : | **8040/-** |
| ഇളവുകൾക്കും വർദ്ധനയ്ക്കും ശേഷം<br>ഈടാക്കാവുന്ന വസ്തുനികുതി | : | 44221/- |
| ഈടാക്കിയ നികുതി | : | **22,097/-** |
| | | |

| | | |
|---|---|---|
| വസ്തുനികുതിയിൽ വന്ന കുറവ് | : | 22124 /-രൂ |
| **വസ്തുനികുതിയിൽ വന്ന ആകെ കുറവ്** | : | **53033/-രൂപ** [22124+30909] |

IV). **ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത മേഖല,റോഡ് സൗകര്യം തരംതിരിവ് നൽകി**

ശ്രീ.ജോർജ് ജോസഫ്, ശ്രീ.റ്റി.എ.ഡാൽഫിൻ, ദിൽരാജ് തെക്കേ അലുങ്കൽ, പൊട്ടൻപറമ്പ്, അരൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/57 A,B,C,D,E, കെട്ടിടങ്ങൾക്ക് 2018-19 രണ്ടാം അർദ്ധവർഷത്തിലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം വിവിധ നിലകളിലായി ഒരേ റോഡിന് സമീപം സ്ഥിതിചെയ്യുന്ന ഒരേ കെട്ടിടത്തിന്റെ A,B എന്നീ കെട്ടിടഭാഗങ്ങളെ ദ്വിതിയ മേഖലയിലും 1.50 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ബാക്കിയുള്ള C,D,E കെട്ടിടഭാഗങ്ങളെ പ്രഥമമേഖലയിലും 5 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതു മൂലം A,B കെട്ടിടഭാഗങ്ങളുടെ വസ്തുനികുതി കണക്കാക്കിയതിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ബാധകമായ വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 12/57 A | 18.00 $m^2$ Office | 809/- (മേഖല ഇളവും, വഴിസൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.1134/- | Rs.325/- |
| 12/57 B | 21.00 $m^2$ Office | 943/- (മേഖല ഇളവും, വഴിസൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.1323/- | Rs.380/- |
| | | ആകെ | | 705/- |

വസ്തുനികുതി നിർണ്ണയം സംബന്ധിച്ച ഫയലുകളിൽ സൂപ്പർവൈസറി തലത്തിലുള്ള പരിശോധന കാര്യക്ഷമമല്ലാതെ വരുന്നതിനാലാണ് ഇത്തരം അപാകങ്ങൾ പ്രധാനമായും സംഭവിക്കുന്നത്.

V). **ഒരേ കെട്ടിടത്തിലെ മുറികൾക്ക് വ്യത്യസ്ത വഴി സൗകര്യം നൽകി നികുതി നിർണ്ണയിച്ചു**

ശ്രീ.എസ്.ബി ഹരി, പുണർതം, അരൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള 19/102 B,C,D,E,F കെട്ടിടങ്ങൾ 2018-19 ലാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പ്ലാൻ പ്രകാരം വിവിധ നിലകളിലായി ഒരേ റോഡിന് സമീപം സ്ഥിതിചെയ്യുന്ന ഒരേ കെട്ടിടത്തിന്റെ D,E,F കെട്ടിടഭാഗങ്ങളെ 5 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും B,C കെട്ടിടഭാഗങ്ങളെ 1.50 മീറ്ററിലധികം വീതിയുള്ള റോഡ് സൗകര്യത്തിനുള്ള ഗണത്തിലും ഉൾപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇതു മൂലം B,C കെട്ടിടഭാഗങ്ങളുടെ വസ്തുനികുതിയിൽ നഷ്ടം വന്നിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം | ഈടാക്കിയ വസ്തുനികുതി | ബാധകമായ വസ്തുനികുതി | കുറവ് |
|---|---|---|---|---|
| 19/102 B | 98.23 $m^2$ commercial | 4410/- (വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.5338/- | Rs.928/- |
| 19/102 C | 80.91 $m^2$ Office | 3825/-(വഴി സൗകര്യത്തിനുള്ള വർദ്ധനവില്ലാതെ) | Rs.4589/- | Rs.764/- |
| | | ആകെ | | 1,692/- |

വസ്തു നികുതിയിനത്തിൽ കുറവു വന്ന തുകയായ 1,32,837/- (40903+36504+53033+705+1692) രൂപ ഈടാക്കി തനതുഫണ്ടിലടവാക്കേണ്ടതാണ്.

## 2-3 ലൈസൻസ് ഫീസ് – നിയമാനുസൃത ഫീസ് ഈടാക്കിയില്ല

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ലൈസൻസ് (ഫാക്ടറി/വ്യാപാര/സംരംഭക/സേവനങ്ങൾ)

സംബന്ധിച്ച രജിസ്റ്ററുകളും നിശ്ചിത എണ്ണം ഫയലുകളും പരിശോധിച്ചതിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**1) യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായ ഫീസ് ഈടാക്കിയില്ല**

വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികളുപയോഗിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ നിന്നും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ചട്ടത്തിലെ പട്ടിക 3 പ്രകാരം ചുമത്താവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. തിരഞ്ഞെടുത്ത ഏതാനും ഫയലുകൾ പരിശോധിച്ചതിൽ തന്നെ ഈയിനത്തിൽ അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

**എ) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയില്ല**

| ക്രമനം | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് |
|---|---|---|---|
| 01 | സീ ലാബ്സ് | 94 HP | 1000/- |
| 02 | കെ.കെ സ്റ്റോഴ്സ് | 84 HP | 1000/- |
| ആകെ | | | 2000/- |

**ബി) കുറഞ്ഞ മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കി**

| ക്രമ നം. | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 01 | GKS ബിസിനസ് സോല്യൂഷൻസ് | 1558 HP | 15580/- | 2900/- | 12,680/- |
| 02 | പാറയിൽ ഫുഡ്സ് | 400 HP | 4000/- | 2000/- | 2,000/- |
| 03 | ഫ്രീഗോ എക്സ്പോർട്ട്സ് | 414 HP | 4140/- | 2000/- | 2,140/- |
| 04 | ക്യൂഫ്രോസ് ട്രേഡ്സ് | 730 HP | 7300/- | 2000/- | 5,300/- |
| 05 | ജിസ് ഇന്റർനാഷണൽ | 269 HP | 2690/- | 2500/- | 190/- |
| ആകെ | | | | | 22,310/- |

മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവു വന്ന തുകയായ 22,310/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

2018-19 – ൽ സമർപ്പിച്ച ലൈസൻസ് അപേക്ഷകളുടെ റാൻഡം പരിശോധനയിൽ മാത്രം ഈടാക്കേണ്ട ഫീസിനത്തിൽ മേൽസൂചിപ്പിച്ച പ്രകാരമുള്ള കുറവുകൾ കണ്ടെത്തിയിട്ടുണ്ട്. രണ്ടായിരത്തിലധികം വാണിജ്യവ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന അരൂരിൽ നിയമാനുസൃത ഫീസീടാക്കാതെ ലൈസൻസ് അനുവദിക്കുന്നത് മൂലം പഞ്ചായത്ത് ഫണ്ടിലുണ്ടാകുന്ന വലിയ നഷ്ടം പരിഹരിക്കുന്നതിന് അപേക്ഷകളിൽ വിവിധ തലങ്ങളിൽ കൃത്യമായി പരിശോധന നടത്തുന്നത് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. സൂപ്പർവൈസറി തലത്തിലുള്ള പരിശോധനകൾ കൃത്യമായി നടക്കാത്തതിനാലാണ് ഈ അപാകങ്ങൾ പ്രധാനമായും ഉണ്ടാകുന്നത്. ഈ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി

ലഭ്യമാക്കിയില്ല. നിയമാനുസൃതമായ ഫീസീടാക്കാത്ത ലൈസൻസികളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് എന്ന S0017/19-ാം നമ്പർ പ്രോജക്ടിൽ ഗ്രാമപഞ്ചായത്തിലെ 20 രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി വികസനഫണ്ട് 50000 രൂപയും തനതുഫണ്ട് 50,000/- രൂപയും ഉൾപ്പെടെ 1,00,000/- രൂപ വകയിരുത്തിയിരുന്നു. 99,980/- രൂപ ചെലവഴിച്ച് കാഞ്ഞിരപ്പള്ളിയിലെ ഡ്രീം ഇൻഡ്യ സ്കൂൾ എയ്ഡ് എന്ന സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരമുള്ള സ്പോർട്സ് ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | ക്രമ നം. Cricket bat | 20 | 1180 | 23600 |
| 2 | Tennis ball | 34 | 125 | 4250 |
| 3 | Stitch ball | 6 | 210 | 1260 |
| 4 | Shuttle racket | 6 | 1800 | 10800 |
| 5 | Shuttle Cock | 6 | 210 | 1260 |
| 6 | Shuttle Net | 3 | 430 | 1290 |
| 7 | Volley ball net | 3 | 850 | 2550 |
| 8 | Carrom Board | 20 | 1045 | 20900 |
| 9 | Foot ball | 35 | 850 | 29750 |
| 10 | Volley ball | 8 | 540 | 4320 |
| | ആകെ | | | 99980 |

വിതരണരേഖകൾ പരിശോധിച്ചതിൽ, വാങ്ങിയ സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. 16 ക്ലബ്ബുകൾക്ക് മാത്രമാണ് സ്പോർട്ട്സ് കിറ്റ് വിതരണം ചെയ്തിട്ടുള്ളത്. വിതരണം ചെയ്യാത്ത സ്പോർട്സ് ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | Cricket bat | 2 | 1180 | 2360 |
| 2 | Tennis ball | 4 | 125 | 500 |
| 3 | Shuttle racket | 4 | 1800 | 7200 |
| 4 | Shuttle Cock | 4 | 210 | 840 |
| 5 | Shuttle Net | 2 | 430 | 860 |
| 6 | Volley ball net | 1 | 850 | 850 |
| 7 | Carrom Board | 5 | 1045 | 5225 |
| 8 | Foot ball | 5 | 850 | 4250 |
| | | | | |

| | | | | |
|---|---|---|---|---|
| 9 | Volley ball | 1 | 540 | 540 |
| | ആകെ | | | 22625 |

ഗ്രാമപഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ക്ലബ്ബുകളുടെ ലിസ്റ്റ് ഹാജരാക്കുവാനും സ്പോർട്സ് ഉപകരണങ്ങൾ പൂർണ്ണമായി വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/13.08.2019) നാലു ക്ലബുകളുടെ അഫിലിയേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാലാണ് സ്പോർട്സ് കിറ്റ് വിതരണം സാധ്യമാകാതിരുന്നതെന്നും അഫിലിയേഷൻ നടപടി പൂർത്തിയാകുന്ന മുറയ്ക്ക് സ്പോർട്സ് കിറ്റ് വിതരണം പൂർത്തിയാക്കുന്നതാണെന്നും ടി ക്ലബ്ബുകൾ കൂടി ഉൾപ്പെടുത്തി 20 ക്ലബ്ബുകളുടെ ലിസ്റ്റ് ഭരണസമിതി മുമ്പാകെ സാധൂകരണത്തിന് സമർപ്പിക്കുന്നതാണെന്നും മറുപടി നൽകി. സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിയതിനുശേഷമാണ് ക്ലബ്ബുകളെ തിരഞ്ഞെടുത്തത് എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ക്ലബ്ബുകളുടെ ലിസ്റ്റ് പഞ്ചായത്തുകമ്മറ്റി അംഗീകരിച്ചിട്ടുമില്ല. ക്ലബ്ബുകളെ കണ്ടെത്തി ആവശ്യകതയ്ക്കനുസരിച്ചല്ലാതെ, ഉപകരണങ്ങൾ വാങ്ങിയത് ക്രമപ്രകാരമല്ല. അതിനാൽ 22,625/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ചെലവ് : ബിൽ നം. 38/23.03.2019 – 50000/-

ചെക്ക് നം. 814544/26.03.2019 - 49980/-

## 3-2 വിതരണം ചെയ്യാത്ത ഉപകരണങ്ങൾ- നഷ്ടം

സെക്രട്ടറി നിർവ്വഹണം നടത്തിയ സ്കൂൾ പ്രവേശനോത്സവം (കുട വാങ്ങൽ) എന്ന S0179/19-ാം നമ്പർ പ്രോജക്റ്റിൽ, സ്കൂൾ പ്രവേശനോത്സവത്തോടനുബന്ധിച്ച് 1-ാം ക്ലാസ്സിൽ പുതുതായി ചേർന്ന കുട്ടികൾക്ക് കുട വാങ്ങി നൽകുന്നതിനായി തനതുഫണ്ടിൽ നിന്നും 90000 രൂപ വകയിരുത്തിയിരുന്നു. മാരാരി മാർക്കറ്റിംഗ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരു കുടയ്ക്ക് 196 രൂപ പ്രകാരം 280 കുടകൾ വാങ്ങിയതിന് ജി.എസ്.ടി ഉൾപ്പെടെ 61465 രൂപ ചെക്ക്നം. 336807/11.06.2018 പ്രകാരം സ്ഥാപനത്തിന് നൽകി. എന്നാൽ ഫയലിൽ സൂക്ഷിച്ചിട്ടുള്ള വിതരണരേഖകൾ പ്രകാരം 210 കുടകൾ മാത്രമാണ് വിവിധ സ്കൂളുകളിലെ പ്രഥമാധ്യാപകർ കൈപ്പറ്റിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | സ്കൂളിന്റെ പേര് | കൈപ്പറ്റിയ കുടകൾ | റിമാർക്സ് |
|---|---|---|---|
| 1 | സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എൽ.പി.സ്കൂൾ, എരമല്ലൂർ | 45 | - |
| 2 | സെന്റ് അഗസ്റ്റിൻസ് എൽ.പി.എസ്, അരൂർ | 110 | - |
| 3 | AIUIGLPS, ചന്തിരൂർ | 55 | അപേക്ഷ ഇല്ല, കൈപ്പറ്റ് മാത്രം |
| 4 | GHSS,ചന്തിരൂർ | - | അപേക്ഷ പ്രകാരം 45 കുടകൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൈപ്പറ്റില്ല. |
| | ആകെ | 210 | |

70 കുടകൾ സ്കൂളുകൾക്ക് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് എൽ.പി സ്കൂൾ, എരമല്ലൂർ മാത്രമാണ് കുടകൾ കൈപ്പറ്റിയതായി ഒപ്പു രേഖപ്പെടുത്തിയിട്ടുള്ളത്. സ്കൂളുകൾ കൈപ്പറ്റിയ 210 കുടകൾ കുട്ടികൾക്ക് വിതരണം നടത്തിയതിന്റെ രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വിശദീകരണം/രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.23/15.08.2019) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 70 കുടകൾ വാങ്ങിയതിന്റെ 15366/- [(196 രൂപ പ്രകാരം 70 കുടകളുടെ വില 13720 രൂപ + 12% ജി.എസ്.ടി (1646 രൂപ)] രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

കുടകൾ കുട്ടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്തതിനാൽ ശേഷിക്കുന്ന 46099/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വെള്ളക്കരമടച്ചതിൽ താമസം

കേരളാ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഒരു ടാപ്പിന് പ്രതിവർഷം 5250/- രൂപ പ്രകാരം 387 ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 169313/- രൂപയാണ് ഈടാക്കി വരുന്നത്. ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം അതത് മാസം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും ഒടുക്കുന്നതിന് പ്രോജക്ട് നം. S0004/19 പ്രകാരം 18,92,886/- രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട്. ഈ പ്രോജക്ട് പ്രകാരം മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) വിഭാഗത്തിൽ നിന്നും തുക പിൻവലിച്ച് വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നുണ്ട്. എന്നാൽ ആഗസ്റ്റ് 2018, ഫെബ്രുവരി 2019 മാസങ്ങളിലെ ബിൽ തുക അതത് മാസങ്ങൾക്കുള്ളിൽ അടയ്ക്കാതിരുന്നതിനാൽ യഥാക്രമം സെപ്റ്റംബർ, മാർച്ച് മാസങ്ങളിലെ ഡിമാന്റ് നോട്ടീസിൽ ഫൈൻ ഇനത്തിൽ 3386/- രൂപ വീതം 6772/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് ഫൈൻ ഇനത്തിൽ 6772/- രൂപ (3386x2) വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഡിമാന്റ് നോട്ടീസ് നം./തീയതി | ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള ആകെ തുക | ഫൈൻ | ഫൈൻ അടവാക്കിയതിന്റെ ബിൽ നം/തീയതി/തുക |
|---|---|---|---|
| 2110/LSG/1/12.09.2018 | 342012<br>8/18 – 169313<br>2% fine – 3386<br>9/19 – 169313<br>342012 | 3386 | 15/26.09.2018/ 172699/- |
| 33025/07.03.2019 | 342012<br>2/19 – 169313<br>2% fine – 3386<br>3/19 – 169313<br>342012 | 3386 | 36/19.03.2019/ 172699/- |

ഈ വിഷയത്തിൽ വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/13.08.2019) ഫൈൻ അടയ്ക്കേണ്ടിവന്നത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി മറുപടി സമർപ്പിക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പ്രോജക്ട് പ്രകാരം വെള്ളക്കരം അടവാക്കുന്നതിന് തുക വകയിരുത്തിയിട്ടും സമയപരിധിക്കുള്ളിൽ തുക പിൻവലിച്ച് അടവാക്കാതിരുന്നതുമൂലമാണ് ഫൈൻ അടവാക്കേണ്ടി വന്നത്. ഗ്രാമപഞ്ചായത്തിൽ തനതുഫണ്ട് നീക്കിയിരുപ്പുള്ളതിനാൽ തുക യഥാസമയം പിൻവലിച്ച് അടവാക്കിയിരുന്നെങ്കിൽ ഫൈൻ ഒഴിവാക്കാമായിരുന്നു. അതിനാൽ ഫൈൻ ഇനത്തിൽ നൽകിയ 6772/- രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

22.05.2012 - ലെ സംയുക്തപരിശോധന പ്രകാരം പ്രവർത്തനക്ഷമമായ 271 ടാപ്പുകളും പ്രവർത്തനരഹിതമായ 93 ടാപ്പുകളും ഉൾപ്പെടെ ആകെ ടാപ്പുകളുടെ എണ്ണം 364 ആണ്. എന്നാൽ വാട്ടർ അതോറിറ്റിയിൽ 387 ടാപ്പുകളുടെ വെള്ളക്കരം അടവാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിൽ നിന്നും ഓരോ വർഷവും ധാരാളം കുടിവെള്ള കണക്ഷൻ നൽകുന്നുണ്ടെങ്കിലും വെള്ളക്കരമിനത്തിൽ കുറവ് വന്നിട്ടില്ല. 22.05.2012-നുശേഷം സംയുക്തപരിശോധന നടത്തിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/13.08.2019) സംയുക്തപരിശോധന നടത്തി ആവശ്യമില്ലാത്ത പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 10.06.19 – 11.06.2019 | കെ.എസ്.എ-എ.എൽ.പി-പി.13/641/ 19/01.07.2019 |

<u>വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

1. ബാലൻസ് ഷീറ്റ് ബി-15 ഷെഡ്യൂൾ പ്രകാരം Other receivables (Arrear) ശീർഷകത്തിൽ 1,91,007 രൂപ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക മുൻവർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ തുക ഏതിനത്തിലാണ് ലഭിക്കാനുള്ളതെന്നതിന്റെ വിശദാംശങ്ങളൊന്നും ലഭ്യമല്ല.
2. ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം Other Advances ശീർഷകത്തിൽ 1,95,000/- രൂപയും Temp. Advances for Official Purpose ശീർഷകത്തിൽ 1,50,000/- രൂപയും KWA Deposits ആയി 187000/- രൂപയും ഇലക്ട്രിസിറ്റി ഡെപ്പോസിറ്റായി 13,834/- രൂപയും അഡ്വാൻസായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക പൂർണ്ണമായും മുൻവർഷ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിട്ടുള്ളതാണ്. ഈ മുൻകൂറുകൾ ക്രമീകരിക്കാത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
3. അരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും ജീവനക്കാരുടെ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയിൽ 15,000/- രൂപ ഇനിയും തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക തിരികെ ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
4. ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂൾ പ്രകാരം Advances to Others ശീർഷകത്തിൽ 10,15,325/- രൂപ ഗ്രാമപഞ്ചായത്തിന് തിരിക ലഭിക്കാനുണ്ട്. MGREGS ജീവനക്കാരുടെ വേതനം, ഓഫീസ് ചെലവുകൾ എന്നിവക്കായി നൽകിയ തുകയാണ് ഈ ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈയിനത്തിലെ പഞ്ചായത്തിലെ കണക്കുകളും NREGS വിഭാഗത്തിലെ കണക്കുകളും പൊരുത്തപ്പെടുന്നില്ല. ഈ ഹെഡിന്റെ ലഡ്ജർ പരിശോധിച്ചതിൽ MGNREGS ക്യാഷ് ബുക്ക് പ്രകാരം അഡ്വാൻസ് കൈപ്പറ്റിയ 306727/-രൂപ ലെഡ്ജറിലുൾപ്പെട്ടിട്ടില്ല. അഡ്വാൻസിൽ 30/03/2019 വരെ 5,81,215/- രൂപ തിരിക പഞ്ചായത്ത് ഫണ്ടിലേക്ക് നൽകിയതായും ക്യാഷ് ബുക്കിലുണ്ട്. എന്നാൽ ലെഡ്ജറിൽ ഈ തുക വരവുവെച്ചിട്ടില്ല.
5. ഇൻകം & എക്സ്പെൻഡിച്ചർ I-18 ഷെഡ്യൂൾ പ്രകാരം നോൺ റെസിഡെൻഷ്യൻ ബിൽഡിംഗുകളുടെ വസ്തുനികുതി ഡിമാന്റിൽ 25,58,538/- രൂപ 2018-19 ൽ കുട്ടിച്ചേർത്തിട്ടുണ്ട്. ഈ തുകയുടെ വിശദാംശങ്ങളോ മുൻവർഷങ്ങളിലെ ഡിമാന്റിൽ നിന്നും ഇത്രയും തുക ഒഴിവായതിനുള്ള കാരണമോ ലഭ്യമാക്കിയിട്ടില്ല.
6. ഗ്രാമപഞ്ചായത്തിലെ സ്ഥിരനിക്ഷേപങ്ങൾ വാർഷിക ധനകാര്യപത്രിക പ്രകാരം 1,17,24,262/- രൂപയാണ്. എന്നാൽ സ്ഥിരനിക്ഷേപങ്ങൾ പരിശോധിച്ചതിൽ 1,13,61,390/- രൂപയുടെ സ്ഥിരനിക്ഷേപങ്ങൾ മാത്രമാണ് സാമ്പത്തികവർഷാവസാനം നിലവിലുള്ളത്. സ്ഥിരനിക്ഷേപങ്ങൾക്കായി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും സ്ഥിരനിക്ഷേപങ്ങളുടെ കൃത്യമായ വിവരങ്ങൾ രജിസ്റ്റർ പ്രകാരം ലഭ്യമല്ല. സ്ഥിരനിക്ഷേപങ്ങൾ ആരംഭിച്ച തീയതി, തുക, കാലാവധി, പലിശനിരക്ക്, നിക്ഷേപം പിൻവലിക്കുന്ന/പുതുക്കുന്ന തീയതി, പുതുക്കി നിക്ഷേപിക്കുന്ന തുകയുടെ വിശദാംശങ്ങൾ എന്നിവ രജിസ്റ്ററിൽ ലഭ്യമല്ല. വർഷാരംഭത്തിലേയും വർഷാവസാനത്തെയും വിവരങ്ങൾ ചേർക്കുന്നതല്ലാതെ ഇതിനിടക്കുള്ള പുതുക്കലുകൾ, പിൻവലിക്കലുകൾ, പുതിയ നിക്ഷേപവിവരങ്ങൾ എന്നിവയൊന്നും രേഖപ്പെടുത്തുകയോ പരിശോധിക്കുകയോ ചെയ്യുന്നില്ല.

വാർഷിക കണക്കിലുൾപ്പെടുത്തുന്ന എല്ലാ ആസ്തി, ബാധ്യതകളുടേയും വരവ് ചെലവുകളുടേയും കൃത്യത ഉറപ്പുവരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിക്കാത്തത് ഗൗരവതരമാണ്. ഈയിനത്തിലെ തുകകൾ സംബന്ധിച്ച

തുടർനടപടികൾ സ്വീകരിക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും ഇത് തടസ്സമാകുന്നതാണ്.

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 300000 | പകൽവീടിനു ഫർണീച്ചർ | 242278 | 57722 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 1061190 | ലൈഫ് മിഷൻ | 635890 | 425300 |
| | | 34000 | നെല്ലിന് സബ്സിഡി | 34000 | 0 |
| | | 375000 | സ്കോളർഷിപ്പ് | 0 | 375000 |
| | | 160000 | അഗതി ആശ്രയ | 160000 | 0 |
| ജില്ലാ പഞ്ചായത്ത് | | 375000 | സ്കോളർഷിപ്പ് | 360125 | 14875 |
| | | 545942 | ലൈൻ എക്സ്റ്റൻഷൻ | 545942 | 0 |
| | | 3174715 | ലൈഫ് മിഷൻ | 1786610 | 1388105 |
| | | 100000 | പൂരകപോഷകാഹാരം | 95472 | 4528 |
| ആകെ | | 6225847 | | 3960317 | 2265530 |

ബ്ലോക്ക് വിഹിതമായി 858022/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 1407508/-രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു. ചെലവഴിക്കാത്ത തുക തുടർചെലവുകളില്ലാത്ത പക്ഷം അതാതു ഫണ്ടിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| BHEL | ജനറേറ്റർ | 21800190 | 207500 | 207500 | 0 |

| | | | | | |
|---|---|---|---|---|---|
| | വാങ്ങൽ | | | | |
| KSEB | ലൈൻ എക്സ്റ്റൻഷൻ | 21801157 | 323825 | 0 | 323825 |
| | | 21801159 | 222117 | 0 | 222117 |
| | | 21801287 | 545793 | 0 | 545793 |
| | | 21801288 | 529357 | 0 | 529357 |
| ആകെ | | | 1828592 | 207500 | 1621092 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 14082790/-രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | | 14082790 | | | | 14082790 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10601817 |
| തൻവർഷം നിക്ഷേപിച്ച തുക | 1122445 |
| ആകെ | 11724262 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11724262 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1. | ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,ആലപ്പുഴ | 4.1.2019 | 3.7.2019 | 1396565 | |
| 2 | -ടി- | 4.1.2019 | 3.7.2019 | 1396565 | |
| 3 | -ടി- | 4.1.2019 | 3.7.2019 | 1396565 | |
| 4 | -ടി | 4.1.2019 | 3.7.2019 | 1396565 | |
| 5 | -ടി- | 4.1.2019 | 4.1.2020 | 4764946 | |
| 6 | -ടി- | 26.3.2019 | 11.5.2019 | 1373056 | |
| | ആകെ | | | 11724262 | |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18683/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-2014 | 3(3-5) | 12683 | ടി.ജെ.അഗസ്റ്റിൻ | 118040100489/18.4.18 |
| 2017-18 | 3-8 | 6000 | ഉണ്ണി | 41800031/5.6.18 |
| ആകെ | | 18683 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 136489364 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 119893373 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,64,642 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 43,117 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 60,20,634 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7,495 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-2 | 1,32,837 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 2-4 | 24,310 | | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-1 | | 22,625 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-2 | | 13,720 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 3-3 | | 6,772 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| ആകെ | 1,64,642 | 43,117 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 38138 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| | | |

| | | |
|---|---|---|
| 1-27 | 2,96,000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-31 | 46,099 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-32 | 44,000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-34 | 15,000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-40 | 50,950 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-46 | 5,50,000 | ഡോ.ആശ അരവിന്ദ്, മെഡിക്കൽ ഓഫീസർ |
| 1-47 | 2,44,700 | ശ്രീമതി.സിന്ധു.എച്ച്.എം. |
| 1-49(1) | 11,60,000 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-49(2) | 1,38,605 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-49(3) | 16,21,092 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-49(4) (1) | 1,07,919 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-49(4) (2) | 43,131 | ശ്രീ. ജോജോസ് ബൈജു, സെക്രട്ടറി |
| 1-51(1) | 16,65,000 | ഡോ. ആര്യ അൽഫോൻസ് |
| ആകെ | 60,20,634 | |

**(സി)** **<u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

3-2 GST – 1646

**(ഡി)** **<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

--ഇല്ല--

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജോജോസ് ബൈജു, സെക്രട്ടറി | സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത് | അപ്പത്തറ ഹൗസ്, പാതിരപ്പള്ളി.പി.ഒ, ആലപ്പുഴ |
| ശ്രീമതി.സിന്ധു.എച്ച്.എം. | ഹെഡ്മിസ്റ്റസ്, ഗവ.എൽ.പി.എസ് | സിന്ദൂരം, അരൂർ, പി.ഒ |
| ആശ അരവിന്ദ് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, അരൂർ പി.എച്ച്. സി | ഫ്ളാറ്റ് 2ബി-ഗോൾഡൻ ഹെവൻ അപ്പാർട്ടുമെന്റ്, ഫ്രണ്ട്സ് ലൈൻ, മുലേപ്പാടം റോഡ്, വാഴക്കാല |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1996-97 ചെലവ് | എൽ.എഫ്.ജി.എ 9-751(1)/99 |
| 1996-97 വരവ് | എൽ.എഫ്.ജി.എ 9-704/02തീയതി. 13.11.02/19.06.03 |
| 1997-98 ചെലവ് | എൽ.എഫ്.ജി.എ 6-774(1)/00 തീയതി. 06.06.01/08.08.01 |
| 1997-98 വരവ് | എൽ.എഫ്.ജി.എ 9-951/02 തീയതി. 06.11.02 |
| 1998-99 ചെലവ് | എൽ.എഫ്.ജി.എ 9-697/02 തീയതി. 21.03.03 |
| 1998-99 വരവ് | എൽ.എഫ്.ജി.എ 9-97/03 തീയതി. 17.09.03/07.10.03 |
| 1999-2000 വരവ് | എൽ.എഫ്.ജി.എ 9-98/03 തീയതി. 17.09.03/10.10.03 |
| 2000-01 | എൽ.എഫ്.ജി.എ8-863/08 തീയതി. 22.07.08/04.10.08 |
| 2001-02 വരവ് | എൽ.എഫ്.ജി.എ8-1363/07 തീയതി. 02.02.09 |
| 2001-02 ചെലവ് | എൽ.എഫ്.ജി.എ 8-888/08 തീയതി. 25.07.08 |
| 2002-03 | എൽ.എഫ്.ജി.എ8-419/09 തീയതി. 02.04.09 |
| 2003-04 | എൽ.എഫ്.ജി.എ 8-1365/07 തീയതി. 19.10.08 |

| | |
|---|---|
| 2004-05 | എൽ.എഫ്.ജി.എ 8-60/08 തീയതി. 06.11.08 |
| 2005-06 | എൽ.എഫ്.ജി.എ 8-161/08 തീയതി. 16.11.08 |
| 2007-08, 2008-09 | എൽ.എഫ്.ജി.എ 5-1577/13 തീയതി. 09.05.2014 |
| 2009-10 | എൽ.എഫ്.ജി.എ 5--1577/13 തീയതി. 09.05.2014 |
| 2010-11, 2011-12 | എൽ.എഫ്.ജി.എ5--1577/13 തീയതി. 09.05.2014 |
| 2012-13 | എൽ.എഫ്.ജി.എ പി 2-243/2015 തീയതി. 05.06.15/30.06.15 |
| 2013-14 | കെ.എസ്.എ/എ.എൽ.പി/പി2-1038/15, തീയതി – 02.11.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി2-783/16/16.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി2-1252/16/09.11.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി13-1069/17/14.8.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി13-1672/18/08.02.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

# <u>അനുബന്ധം-1</u>

കെ.എസ്.എ-എ.എൽ.പി/പി.13 - 641/19 തീയതി: 01.07.2019

.
.
.

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം-2

<table>
<tr><td>1</td><td>റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്</td><td rowspan="3">സംക്ഷിപ്തം (Audited Abstract)</td></tr>
<tr><td>2</td><td>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്</td></tr>
<tr><td>3</td><td>ബാലൻസ് ഷീറ്റ്</td></tr>
</table>

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ